വില ₹ 30/-

# ജീവനും വെളിച്ചവും

ഫെബ്രുവരി 2024



## സ്വന്തം കുരിശുമെടുത്ത് യേശുവിന്റെ പിന്നാലെ പോകുവാനുള്ള ഒരുക്കമാണ് തപസ്


### ലേഖനം
തപസ്സുകാലം | ഫാ. ഇമ്മാനുവേൽ
ലക്ഷ്യാധിഷ്ഠിത പദ്ധതി രൂപീകരണം 2033 | ഫാ. ലോറൻസ് കുലാസ്

### കഥ
വിത്തുകളുടെ ഉപമ | കൈപ്പട്ടൂർ തങ്കച്ചൻ
രക്തപ്പാട് | നടരാജൻ ബോണക്കാട്

### കവിത
അനന്തരം | ഗ്ലേവിയസ് അലക്സാണ്ടർ
അംനീഷ്യ | ജെർസൻ സെബാസ്റ്റ്യൻ



67
തെക്കൻ
കുരിശുമല തീർത്ഥാടനം
2024 മാർച്ച് 10 മുതൽ 17 വരെ &
28 29 (ദു:ഖ വെള്ളി) തീയതികളിൽ
Kurisumala Pilgrim Centre
67-ാമത് തെക്കൻ കുരിശുമല
തീർത്ഥാടനത്തോടനുബന്ധിച്ച്
ദിവ്യകാരുണ്യ
അനുഭവ
ധ്യാനം
ജപമാല
മദ്ധ്യസ്ഥ പ്രാർത്ഥന
വചനപ്രഘോഷണം
കുമ്പസാരം
കൗൺസിലിംഗ്
സൗഖ്യാരാധന
ദിവ്യബലി
നയിക്കുന്നത് : റവ.ഫാ. ഹെൻസിലിൻ ഒ.സി.ഡി.
2024 ജനുവരി 27 ശനിയാഴ്ച
രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ
മരിയൻ ധ്യാനകേന്ദ്രം, കുരിശുമല, വെള്ളറട
നെയ്യാറ്റിൻകര രൂപത
തുടർന്ന് എല്ലാ മാസത്തിലെയും
നാലാമത്തെ ശനിയാഴ്ച
ദിവ്യകാരുണ്യാനുഭവ ധ്യാനം
ഉണ്ടായിരിക്കുന്നതാണ്.
അന്വേഷണങ്ങൾക്ക് :
മോൺ. ഡോ. വിൻസെന്റ് കെ. പീറ്റർ
ഡയറക്ടർ & റെക്ടർ, തെക്കൻ കുരിശുമല
തെക്കൻ കുരിശുമല തീർത്ഥാടനകേന്ദ്രം
കൂതാളി പി.ഒ., വെള്ളറട, തിരുവനന്തപുരം 695 505
PH : 8921901728 (ഡയറക്ടർ), 8943471974 (ഇടവക വികാരി)

## ജീവനും വെളിച്ചവും

**തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം**

2024 ഫെബ്രുവരി
പുസ്തകം - 48 ലക്കം - 2
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


### മുഖവിചാരം



# നോമ്പുകാലം: തിരുത്തലുകൾ വരുത്തേണ്ടത് ആര് ?

'മനുഷ്യാ നീ പൊടിയാകുന്നു, നീ പൊടിയിലേക്ക് തന്നെ മടങ്ങും'


വ്യർഥാഭിമാനത്തിന്റെ കോട്ടകൊത്തളങ്ങൾക്കുമുകളിൽ വിരിഞ്ഞ നെഞ്ചും ഉയർന്ന ശിരസ്സുമായി നിൽക്കുന്ന നേതാക്കന്മാരുടെ ചെവികളിലേക്ക് ഇടിത്തീ ആയിട്ടായിരിക്കണം ഈ നോമ്പുകാല സന്ദേശമെത്തുക. ഞാൻ എന്നും, ഞങ്ങൾ എന്നും മാത്രം ചിന്തിക്കുകയും പഠിപ്പിക്കുകയും ജീവിക്കുകയും ചെയ്യുന്ന രാഷ്ട്ര നേതാക്കന്മാരും മത നേതാക്കന്മാരും ഒരിക്കൽക്കൂടി ഹൃദയത്തിൽ കുറിക്കേണ്ടത് തന്നെയാണ് നോമ്പുകാലം നമുക്ക് നൽകുന്ന ഈ സന്ദേശം. അഹങ്കരിക്കാൻ ഒന്നുമില്ലാത്തവനാണെന്നും പൊടിയും ചാരവും മാത്രമാണെന്നും എനിക്കിനിയും മാനസാന്തരത്തിന്റെ ആവശ്യമുണ്ടെന്നും സുവിശേഷം നമ്മെ പഠിപ്പിക്കുമ്പോൾ നമ്മളാകട്ടെ മറ്റുള്ളവരെ താഴ്ത്തിക്കെട്ടാനും മാപ്പ് പറയിക്കാനും ശിക്ഷിക്കാനും ഇകഴ്ത്തി ക്ഷണിക്കാനും പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ഞാൻ വലുതെന്നും, ഞങ്ങൾ സ്വന്തം കഴിവുകൊണ്ട് നേടിയതാണ് എല്ലാമെന്നും, ഞങ്ങൾ പാരമ്പര്യമുള്ളവരെന്നും, കുലമഹിമയുള്ളവരെന്നും പറയുന്ന രാഷ്ട്രീയക്കാരനെക്കാളും എത്രയോ അപഹാസ്യമാണ് ക്രിസ്തുവിന്റെ ബലിപീഠത്തിൽ നിന്നത് പറയുന്ന ക്രൈസ്തവ മത നേതാക്കന്മാർ. അരപ്പട്ട ചുറ്റി കാൽ കഴുകി ഒരുമിച്ച് ഭക്ഷിച്ച് ജീവൻ വരെ നൽകിയ ക്രിസ്തുവാണ് നമ്മുടെ ഗുരുവും നാഥനും എന്നത് മറക്കാതിരിക്കാം അവനെ മാതൃകയാക്കാൻ ആവുന്നില്ലെങ്കിൽ മനസ്സിലാക്കാനെങ്കിലും ശ്രമിക്കാം.

സുദീർഘമായ കോടതി വ്യവഹാരങ്ങൾക്കും കോടതിതന്നെ തുറന്നു സമ്മതിച്ച നിയമലംഘനങ്ങൾക്കുംശേഷം അയോധ്യയിൽ രാമക്ഷേത്രം ഉയരുകയും രാഷ്ട്രത്തിന്റെ പ്രധാനമന്ത്രി തന്നെ അവിടുത്തെ പ്രതിഷ്ഠ ചടങ്ങുകളിൽ മുഖ്യ കാര്യക്കാരനായി പങ്കുചേരുകയും ചെയ്ത രാഷ്ട്രീയ നാടകത്തിന് തിരശ്ശീല വീഴുമ്പോൾ മതം ജനാധിപത്യ പ്രക്രിയയിലെ സുപ്രധാനമായ ഇലക്ഷൻ പ്രക്രിയയിലെ പ്രധാന വിഷയങ്ങളിൽ ഒന്നായി മാറുന്ന ആപൽകരമായ ഒരു സാഹചര്യത്തിനു കളം ഒരുങ്ങുകയാണ്. രാഷ്ട്രീയ നിരീക്ഷകർ നടത്തിയ മുന്നറിയിപ്പുകൾ സത്യമാകുന്ന തരത്തിൽ രാഷ്ട്രീയത്തിൽ മതവിഭാഗത്തിന് പ്രാമുഖ്യം ഉണ്ടാകുമ്പോൾ, നമ്മുടെ രാജ്യത്തിന്റെ മതേതര സ്വഭാവത്തിന് തന്നെ മാറ്റം വരുമ്പോൾ നമുക്കെങ്ങനെ നിസംഗത പുലർത്തി തുടരുവാൻ സാധിക്കും? ഇത് ഞങ്ങളെ ബാധിക്കുന്നതല്ല എന്ന് പറഞ്ഞു ജീവിക്കാനാകും?

- പത്രാധിപർ

# പ്രതികരണങ്ങൾ




## പുതിയകാലത്തോടൊപ്പം സഞ്ചരിക്കുക

വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായി. ഇവിടെ നിന്നുള്ള പുതിയ ജീവിതത്തിലേക്ക്, ഈ വികസനം തുറന്നുതരുന്ന പുതിയ സാഹചര്യങ്ങളിലേക്ക്, പ്രത്യേകിച്ചും തീരദേശവാസികളെ തയ്യാറെടുപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. അതിനുതകുന്ന പരിപാടികൾ ഒരു ദീർഘവീഷണത്തോടെ കണ്ടുകൊണ്ട്, അത്തരത്തിലുള്ള വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പടെ, നമ്മുടെ തീരദേശ ജനതയെ തയ്യാറെടുപ്പിക്കേണ്ട അവസരമാണിത്. നിലവിൽവന്ന തുറമുഖത്തിന്റെ ആഘാതങ്ങൾ ഇനിയും കൂടും. ജീവിത സാഹചര്യങ്ങൾ ഈ മാറ്റങ്ങളോട് ഇഴുകി ച്ചേരണം. എല്ലാ മാറ്റങ്ങളും കുറേ പ്രയാസങ്ങൾ ഉണ്ടാക്കും. മാറിനിന്ന് പോയകാലത്തെ ജീവിതരീതി തുടരുന്നതിലോ, അതിനുവേണ്ടി വാദിക്കുന്നതിലോ അർത്ഥമില്ല. അതിന് ഒരു വിരാമം ആവശ്യമാണ്.

– ജോസഫ് ഫ്രാൻസിസ്
കഴക്കൂട്ടം.

## ഹൃദ്യമായ ക്രിസ്മസ്-പുതുവത്സര പതിപ്പ്

ഭൂമിയിൽ സ്നേഹത്തിന്റെയും ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി വന്ന ക്രിസ്മസിന്റെ സൗന്ദര്യവും സൗരഭ്യവും നിറഞ്ഞു തുളുമ്പിയ ജീവനും വെളിച്ചവും ജനുവരി ലക്കത്തിലെ ഡോ. ജോർജ് ഓണക്കൂറിന്റെയും ഡൈസനച്ചന്റെയും സിന്ദുമോൾ തോമസിന്റെയും ലേഖനങ്ങൾ അതീവ ഹൃദ്യമായിരുന്നു. ക്രിസ്മസിന്റെ യാഥാർഥ്യവും ചൈതന്യവും അർഥതലങ്ങളുമുൾക്കൊള്ളാതെ വെറും ബാഹ്യമായ വർണശബളിമയിൽ കുരുങ്ങിക്കിടക്കുകയാണ് ലോകത്തിലെ ഏറ്റവും വലിയ ആഘോഷമായ ക്രിസ്മസുമെന്നത് ഖേദകരമാണ്. യുദ്ധഭൂമിയിൽ മുറിവേറ്റവരുടെ നിലയ്ക്കാത്ത നിലവിളിയുടെ വിലാപവും പട്ടിണിയുടെ ദീനരോദനങ്ങളും രാജ്യങ്ങൾ തമ്മിലുള്ള കലഹവും ഭിന്നതയും മാത്സര്യവും കുടുംബങ്ങളിലെ അന്തഃഛിദ്രവും അനുദിനം അരക്ഷിതമാകുന്ന സാമൂഹ്യാവസ്ഥയും അക്രമങ്ങളും കൊലപാതകങ്ങളും ആത്മഹത്യകളും പെരുകുന്ന ഇക്കാലത്തും രക്ഷകന്റെ തിരുപ്പിറവിക്ക് പ്രസക്തിയും പ്രാധാന്യവുമുണ്ട്.

വ്യക്തികേന്ദ്രീകൃത ചിന്തകളുടെ ഫലമായ തൻകാര്യം മാത്രം ശ്രദ്ധിക്കുന്ന പുതുതലമുറ നമ്മുടെ ചിന്തകളെയും സ്വപ്നങ്ങളെയും പ്രതീക്ഷകളെയും അപ്പാടെ മാറ്റിമറിച്ചിരിക്കുന്നു. ”ഞാൻ സ്വതന്ത്രനായ വ്യക്തിയാണ്. എന്റെ കാര്യങ്ങളിൽ ആരും ഇടപെടാൻ പാടില്ല. എന്ന ചിന്തയും ദൈവവിശ്വാസം, വിവാഹം ഇവപോലും എന്റെ മാത്രം ഇഷ്ടങ്ങളാണെന്ന കാഴ്ചപ്പാടും ഇന്നത്തെ അത്യന്താധുനിക യുഗത്തിൽ സജീവമായിക്കൊണ്ടിരിക്കുന്നു.

വ്യക്തിത്വത്തിലെ ആന്തരിക സംഘർഷങ്ങളുടെ സമ്മർദ്ദം വർധിച്ചുവരുന്ന വാഹനാപകടങ്ങൾക്കും കുടുംബത്തകർച്ചയ്ക്കും വിവാഹ മോചനങ്ങൾക്കും മദ്യപാനത്തിനും ആത്മഹത്യകൾക്കും തെറ്റായ ബന്ധങ്ങൾക്കും കാരണമാകുന്നു. ക്രിസ്മസിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഇന്നും നമ്മുടെ സമൂഹവും ലോകവും അന്ധകാരത്തിൽ തപ്പിത്തടയുന്നു. എത്ര കിട്ടിയാലും വെട്ടിപ്പിടിച്ചാലും മതിവരാത്ത ഭൗതികാസക്തിയുടെ ലഹരി മനുഷ്യരെ ഭ്രാന്ത് പിടിപ്പിക്കുന്നു. പുൽക്കൂടിലെ പരിമിതികളിലേക്ക് പിറന്നുവീണ ദൈവപുത്രന്റെ എളിമയുടെ മഹത്വവും ദൈവിക തേജസിന്റെ വിശുദ്ധിയും നാം അറിയുന്നില്ല, ധന്യാനിക്കുന്നില്ല, അനുകരിക്കുന്നില്ല. സ്വീകരിക്കുന്നതില്ല, ദാനം ചെയ്യുന്നതിലാണ് ക്രിസ്മസിന്റെ മഹത്വവും ഉത്കൃഷ്ടതയും പാപികളായ നമ്മെ രക്ഷിക്കാൻ ദൈവം സ്വപുത്രനെ അയച്ച മഹാത്യാഗമാണ് ക്രിസ്മസിനെ അനശ്വരമാക്കുന്നത്.

ലോകത്തിലെ സംഘർഷങ്ങളും യുദ്ധങ്ങളും നൽകാനല്ല വെട്ടിപിടിക്കാനാണ്. പിതാവ് പുത്രനെയും പുത്രൻ നമുക്ക് ജീവൻ തന്നെയും നൽകി. പുത്രൻ സ്വർഗാരോഹണം ചെയ്പ്പോൾ സ്വർഗത്തിന്റെ അത്യുന്നത സമാനമായ പരിശുദ്ധാത്മാവിനെ നമുക്ക് നൽകി. നാം കൂട്ടിവയ്ക്കാതെ നൽകി എങ്കിൽ ഒരു ദിവസം 21000 പേർ പട്ടിണിയുടെ കാഠിന്യത്തിൽ മരിക്കുകയില്ലായിരുന്നു.

നാം അയൽക്കാരെയും സഹോദരങ്ങളെയും സ്നേഹിക്കുകയും കരുണ കാട്ടുകയും ക്രിസ്തു പറയുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്തുവെങ്കിൽ മാലാഖമാരുടെ മധുരസ്വരം നമുക്കും ശ്രവിക്കാമായിരുന്നു. അത്യുന്നതങ്ങളിൽ ദൈവത്തന് മഹത്വം, ഭൂമയിൽ ദൈവകൃപ നിറഞ്ഞവർക്ക് സമാധാനം. കുടുംബങ്ങളിലും സമൂഹത്തിലും സഭയിലും രാഷ്ട്രങ്ങളും ക്രിസ്തുവിന്റെ സമാധാനം നിറഞ്ഞുകവിയാൻ നമുക്ക് പ്രാർഥിക്കാം.

**ജെറാൾഡ് ബി. മിരാൻഡാ**
തോന്നയ്ക്കൽ

# താളുകളിൽ


തപസ്സുകാലം 6
ഫാ. ഇമ്മാനുവേൽ

ലക്ഷ്യാധിഷ്ഠിത പദ്ധതി – 2033 8
ഫാ. ലോറൻസ് കുലാസ്

കലാപത്തിന്റെ കനലണയ്ക്കാൻ... 12
ഇഗ്നേഷ്യസ് തോമസ്

തിരുനാൾ പരസ്യത്തിലെ മഹാമഹം 16
ലോറൻസ് ഫെർണാണ്ടസ്

സമകാലിക രാഷ്ട്രീയവും വിമർശനവും 18
കാരൂർ സോമൻ

സ്മരണ: മദർ എലീശ്വ 22
സി. സൂസി കിണറ്റിങ്കൽ

വായന 24
ഡോ. ഐറിസ്

കാനോൻ ലോ 25
ജോസ് ജി.

ചരിത്രപഥം 26
ഇഗ്നേഷ്യസ് തോമസ്

കവിത 11, 21

കഥ 10, 14

വാർത്തകൾ 29

നീർച്ചാൽ 34

വചനജ്വാല 40

നേർക്കാഴ്ച 42
ജെ.സി.










**ഈശ്വരനും അപരനും ഒരാളുടെ ജീവിതത്തിന്റെ ഭാഗമാകുന്നതാണ് ഉപവാസം. ഈശ്വര സവിധത്തിലെ വിശിഷ്ടമായ കാഴ്ചയാണ് ദാനധർമം.**

## ആത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്തുന്ന

# തപസ്സുകാലം



ഫാ. ഇമ്മാനുവേൽ

ദുഃഖവെള്ളിയിൽ എന്നിലെ പ്രകാശം അണഞ്ഞുപോയാലും നെടുവീർപ്പിടാതെ നൊമ്പരപ്പെടാതെ ഞാനൊരു ഈസ്റ്ററിനായി കാത്തിരിക്കും. എനിക്കും നിങ്ങൾക്കും തപസ്സുകാലമാണ്. ഞായറാഴ്ച ഒഴിവാക്കി എണ്ണുകയാണെങ്കിൽ വിഭൂതി ബുധൻ മുതൽ ഉയിർപ്പു തിരുനാൾവരെ നാൽപ്പതുദിനങ്ങളുണ്ടാവും. നാൽപ്പതാമത്തെ എന്നർഥമുള്ള ക്വാഡ്രോജേസിമ എന്ന പദമാണ് ലാറ്റിൻ ഭാഷയിൽ നോമ്പിനുള്ള പേരായി ഉപയോഗിക്കുന്നത്. മോശയും ഏലിയായും ക്രിസ്തുവും നാല്പതുദിവസം ഉപവസിച്ചവരാണെന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ മരണത്തിനും ഉയിർപ്പിനുമിടയ്ക്ക് നാല്പത് മണിക്കൂർ കടന്നുപോയി. ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് നിക്യാ സൂനഹദോസുമുതൽ നോമ്പാചരണത്തിന് തുടക്കമാകുന്നത്.

ഒരു വിശ്വാസിയുടെ വസന്തകാലമാണ് നോമ്പ്. ഒരു യഥാർഥ വിശ്വാസിയുടെ പരിശീലന കാലഘട്ടവും അതുതന്നെയാണ്. നന്മയെ സ്വീകരിക്കാനും തിന്മയെ തിരസ്കരിക്കാനും ഒരു നോമ്പുകാലംകൂടി വരവായ്. ദൈവമഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയാൻ ഒരു അവസരം കൂടി ഉടയോൻ കനിഞ്ഞേകുന്നു. നോമ്പുകാലം ധന്യമാകുന്നത് അത് അനുഷ്ഠിക്കുമ്പോഴാണ്. നോമ്പിനെ പൂത്തുപൂവിട്ടു നിൽക്കുന്ന വൃക്ഷമായി കണ്ടാലും... നക്ഷത്രവിളക്കുകളാൽ അലംകൃതമായ ആകാശമായി നിർവചിച്ചാലും... അനേകം നദികൾ സംഗമിക്കുന്ന സമുദ്രമായി വർ

ണിച്ചാലും... അതിന്റെ കേന്ദ്രസ്ഥാനം ദൈവത്തിനാണ്. ദൈവത്തിൽ നിന്നും അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചുവന്ന് അവിടുത്തെ തേടാനാണ് പ്രവാചകൻ നമ്മെ ഓർമിപ്പിക്കുക.

മഹത്വത്തിന്റെ കിരീടം മോഹിച്ചവർക്ക് ക്രിസ്തു നീട്ടിയത് സഹനത്തിന്റെ കാസയായിരുന്നു. വലത്തും ഇടത്തും ഇരിക്കാൻ കൊതിച്ചവരെ ക്രിസ്തു ക്ഷണിച്ചത് കുരിശിന്റെ ചുവട്ടിൽ നിൽക്കാനാണ്. വലിയവരാകാൻ തർക്കിച്ചവരെ അവിടുന്ന് തിരുത്തിയത് ചെറുതാകാൻ പഠിപ്പിച്ചുകൊണ്ടായിരുന്നു. സഹനത്തിന്റെ കാസ കുടിക്കാനും കുരിശിന്റെ ചുവട്ടിൽ നിൽക്കാനും ബലമുണ്ടാവണമെങ്കിൽ പ്രാർഥനയിലും ഉപവാസത്തിലും ദാനധർമ്മത്തിലും മുഴുകേണ്ടതുണ്ട്. ശരീരത്തിന്റെ ശബ്ദംകൊണ്ടല്ല; ആത്മാവിന്റെ സ്വരംകൊണ്ടാണ് പ്രാർഥിക്കേണ്ടത്. ഈശ്വരനും അപരനും ഒരാളുടെ ജീവിതത്തിന്റെ ഭാഗമാകുന്നതാണ് ഉപവാസം. ഈശ്വര സവിധത്തിലെ വിശിഷ്ടമായ കാഴ്ചയാണ് ദാനധർമം.

പകുത്തുവച്ച ഹൃദയത്തിലിപ്പോഴും സ്നേഹത്തിന്റെ അരുവികളൊഴുകുന്നു. രാത്രിയിലും അവന്റെ സ്നേഹത്തിന് അസ്തമയമില്ല. ഏദൻതോട്ടത്തിലെ വൃക്ഷത്തിൽ സാത്താൻ വിഹരിച്ചപ്പോൾ ആ വൃക്ഷം മരണവൃക്ഷമായിത്തീർന്നു. എന്നാൽ, ഗോൽഗോഥായിലെ മരത്തിൽ ദൈവപുത്രൻ തലചായ്ച്ചപ്പോൾ ആ മരം ജീവന്റെ മരമായി മാറി. കിരീടമണിയിക്കുന്നവർ ഒരിക്കൽ നമ്മെയും കുരിശിൽ തറയ്ക്കുമെന്ന് ഓരോ ദുഃഖവെള്ളിയും നമ്മെ ഓർമ്മിപ്പിക്കും. അതിരുകളില്ലാത്ത സ്നേഹത്തിനുമാത്രമേ അപരനുവേണ്ടി ബലിയായിത്തീരാൻ കഴിയുകയുള്ളൂ. കുരിശിന് മഹത്വം വന്നത് അത് സ്വർണത്തിലോ വെള്ളിയിലോ പണിത് കുറെ ആളുകൾ ധരിക്കുന്നതുകൊണ്ടല്ല; മറിച്ച് യേശുക്രിസ്തു അതിൽ നമുക്കായി ജീവൻ വെടിഞ്ഞതിനാലാണ്.

പെസഹായിലെ ഒറ്റുകൊടുക്കലും ദുഃഖവെള്ളിയിലെ ഒറ്റപ്പെടുത്തലും കഴിഞ്ഞ് മഹത്വത്തിലേക്കുള്ള രംഗപ്രവേശനമാണ് ഉയിർപ്പ്. കല്ലറകൾക്കുള്ളിൽ കുടുങ്ങേണ്ടതല്ല ജീവിതമെന്ന് ഓരോ ഈസ്റ്ററും ഓർമ്മപ്പെടുത്തുന്നുണ്ട്. 'എന്റെ ദൈവം മിരിച്ചവരുടെ ദൈവമല്ല; ഉയിർപ്പിക്കപ്പെട്ടവരുടെ ദൈവമാണ്" - എന്ന് ഏറ്റുപറയാനുള്ള വിശ്വാസമാണ് നമ്മെ ഇനി വഴി നടത്തേണ്ടത്.

'ഒരില മറ്റൊന്നിന്റെ കാതിൽ രഹസ്യം പറഞ്ഞു:

ഞാൻ കൊഴിഞ്ഞുവീണാലും നീ സങ്കടപ്പെടരുത്, നിനക്കെന്നെ നഷ്ടപ്പെടില്ല.

മണ്ണിൽച്ചേർന്ന് വളമായി ഈ മരത്തിന്റെ വേരിലൂടെ

ഞാൻ വീണ്ടും മടങ്ങിയെത്തും.'

ദുഃഖത്തിന്റെയും പീഡനത്തിന്റെയും ഉടയാടകൾ മാറ്റി ഉടയോന്റെ മഹത്വത്തിന്റെ അഴക് എന്നേക്കുമായി ധരിക്കാൻ ഈ നോമ്പുകാലം അർഥപൂർണമായി വിനിയോഗിക്കാം. ദൈവത്തോട് അധികം സംസാരിച്ച് മനുഷ്യനോട് അൽപ്പം ഉരിയാടി, ശരീരത്തെ പ്രായശ്ചിത്തത്താൽ അധീനമാക്കി ആത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്താൻ ഈ തപസ്സുകാലം പരിശീലിക്കാം. യേശുവിനെ മരുഭൂമിയിൽ വച്ച് ആർത്തിയാലും; ദൈവാലയത്തിൽവച്ച് വ്യർത്ഥാഭിമാനത്താലും; മലമുകളിൽവച്ച് അത്യാസക്തിയാലും സാത്താൻ പ്രലോഭിപ്പിച്ചു. എന്നാൽ അഹന്തയുടെ മക്കളുടെ രാജാവായ പിശാചിനെ യേശു കീഴ്പ്പെടുത്തി. ഭൗതീക സാഹചര്യങ്ങളിൽ കുതറി വീഴാതിരിക്കാൻ ആത്മീയ പ്രവർത്തികളിൽ മുഴുകാൻ ദൈവം കൃപ ചൊരിയട്ടെ! ■

**ഒരു വിശ്വാസിയുടെ വസന്തകാലമാണ് നോമ്പ്. ഒരു യഥാർഥ വിശ്വാസിയുടെ പരിശീലന കാലഘട്ടവും അതുതന്നെയാണ്. നന്മയെ സ്വീകരിക്കാനും തിന്മയെ തിരസ്കരിക്കാനും ഒരു നോമ്പുകാലംകൂടി വരവായ്. ദൈവമഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയാൻ ഒരു അവസരം കൂടി ഉടയോൻ കനിഞ്ഞേകുന്നു. നോമ്പുകാലം ധന്യമാകുന്നത് അത് അനുഷ്ഠിക്കുമ്പോഴാണ്.**





**ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ 2023 ലെ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ഒരു നൂതന ആശയമാണ് സ്ട്രാറ്റജിക് പ്ലാനിംഗ്. ദീർഘ വീക്ഷണത്തോടുകൂടെ സഭയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി നടപ്പിലാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്.**

# ലക്ഷ്യാധിഷ്ഠിത പദ്ധതി രൂപീകരണം 2033



ഫാ. ലോറൻസ് കുലാസ്

ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ (CCBI) 2023 ലെ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ഒരു നൂതന ആശയമാണ് സ്ട്രാറ്റജിക് പ്ലാനിംഗ്. ദീർഘ വീക്ഷണത്തോടുകൂടെ സഭയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി നടപ്പിലാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. ഇതിനകം തന്നെ കേരളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ 14 റീജനുകളിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനം നൽകി കഴിഞ്ഞു. ഓരോ റീജനുകളും അവരവരുടെതായിട്ടുള്ള തനതു മേഖലകളിൽ രൂപതാ–ഫെറോന–ഇടവക തലങ്ങളിൽ പ്രവൃത്തി പഥത്തിൽ 'സ്ട്രാറ്റജിക് പ്ലാനിംഗ്' നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

**പശ്ചാത്തലം**

ആഗോള കത്തോലിക്കാ സഭ 2033-ാമാണ്ട് 'മഹാജൂബിലി' വർഷമായി ആഘോഷിക്കുന്നതാണ് 'സ്ട്രാറ്റജിക് പ്ലാനിംഗി'ന്റെ പ്രഥമ പശ്ചാത്തലം. ലോക രക്ഷകനായ ക്രിസ്തുവിന്റെ പീഡാസഹന–മരണ–ഉത്ഥാന ചരിത്രത്തിന്റെ 2000 വർഷം പൂർത്തിയാക്കുന്നതാണ് 2033 മഹാജൂബിലി വർഷമായി സഭ ആചരിക്കുന്നത്. ഈ അവസരത്തിൽ തിരുവനന്തപുരം അതിരൂപത സവിശേഷമായ രീതിയിൽ സ്ട്രാറ്റജിക് പ്ലാനിംഗുമായി മുന്നോട്ടു പോകുവാൻ പ്രത്യേക കാരണങ്ങളുണ്ട്.

2027 -ൽ തിരുവനന്തപുരം രൂപത രൂപപ്പെട്ടിട്ട് 90 വർഷം പൂർത്തിയാകും. 2037-ൽ രൂപതയുടെ ശതാബ്ദി ആഘോഷിക്കുകയും ചെയ്യും. നവതിക്കും ശതാബ്ദിക്കുമിടയിൽ മഹാജൂബിലി കടന്നുവരുമ്പോൾ സ്ട്രാറ്റജിക് പ്ലാനിംഗ് നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്തവും അതിലൂടെ നേടിയെടുക്കുന്ന ഫലങ്ങളും തിരുവനന്തപുരം അതിരൂപതയുടെ ജൈത്രയാത്രയിലെ നാഴികകല്ലായിത്തീരും. കേരളത്തിലെ 12 രൂപതകളിലും അവരവരുടെതായ പശ്ചാത്തലത്തിൽ സ്ട്രാറ്റജിക് പ്ലാനിംഗ് നടപ്പിലാക്കുവാൻ നമ്മോടൊപ്പമുണ്ടാവും.

## സ്ട്രാറ്റജിക് പ്ലാനിംഗ് നമ്മുടെ അതിരൂപതയിൽ

പ്രയാണ പദ്ധതി സുഗമമായി ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ചിടത്തോളം അനുകൂലമായ ഘടകങ്ങളുണ്ട്. (1) അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണത്തിന് ശേഷം അതിരൂപതയിൽ വാർഷിക പ്ലാനും ബജറ്റും തയ്യാറാക്കുന്ന പ്രക്രിയ നിലനിൽക്കുന്നു. ഈ സ്ഥിതിവിശേഷം 30 വർഷങ്ങൾക്കുമുമ്പ് ആവിഷ്കരിച്ച് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ രൂപതകളിൽ ഒന്ന് നമ്മുടെതാണ്. (2) പ്ലാനും ബജറ്റും നടപ്പിലാക്കുവാൻ അനുയോജ്യമായ സംവിധാനങ്ങൾ നമുക്കുണ്ട്. രൂപത-ഫെറോന-ഇടവക തലങ്ങളിൽ വിവിധ ശുശ്രൂഷാ സമിതികളിലൂടെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് നാം നടപ്പിലാക്കിവരുന്നു. (3) വാർഷിക പദ്ധതികൾ ക്രമാനുസൃതമായി നടപ്പിലാക്കുന്നതോടൊപ്പം ദീർഘവീക്ഷണത്തോടെ പഞ്ചവത്സരപദ്ധതികളും ദശവത്സര പദ്ധതികളും പ്രത്യേക ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. (4) അടിസ്ഥാനക്രൈസ്തവ സമൂഹങ്ങളുടെ സജീവമായ പങ്കാളിത്തത്തിലൂടെ പ്ലാനും ബജറ്റും സൂക്ഷ്മ തലങ്ങളിൽ (micro-level) നിന്നാരംഭിക്കുന്നു. മേൽ സൂചിപ്പിക്കപ്പെട്ട അനുകൂല സാഹചര്യങ്ങൾ ഉള്ളതിനാൽ CCBI ലക്ഷ്യമിടുന്ന സ്ട്രാറ്റജിക് പ്ലാനിംഗ് നമ്മുടെ അതിരൂപതയിൽ ഫലപ്രദമായി ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനും നമുക്ക് കഴിയും.

## സ്ട്രാറ്റജിക് പ്ലാനിംഗ്: വിവിധ ഘട്ടങ്ങൾ

സ്ട്രാറ്റജിക് പ്ലാനിംഗ് രൂപതയിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് ഉദ്യമിക്കേണ്ടത്. ആദ്യ ഘട്ടത്തിൽ 2033 നോടുകൂടി നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് രൂപതാ-ഫെറോന-ഇടവക തലങ്ങളിൽ വിഭാവനം ചെയ്യുന്നു. ഇതിനോടകം രൂപതാ-ഫെറോന തലങ്ങളിലെ പ്രതിനിധികൾക്ക് നല്കപ്പെട്ട പരിശീലന പ്രക്രിയയിലൂടെ ഏതാനും ലക്ഷ്യങ്ങൾ നമ്മുടെ രൂപതയിൽ ക്രോഡീകരിക്കപ്പെട്ടു കഴിഞ്ഞു. ഈ ഘട്ടത്തിൽ ഇനി പൂർത്തിയാകേണ്ടത് ഇടവക പ്രതിനിധികൾക്ക് ലഭിക്കേണ്ട പരിശീലനത്തിലൂടെ രൂപപ്പെടേണ്ട ലക്ഷ്യങ്ങളാണ്.

രണ്ടാം ഘട്ടത്തിൽ രൂപതാ തലത്തിൽ ശുശ്രൂഷാ സമിതികളും സ്ഥാപനങ്ങളും മഹാജൂബിലിയോടുകൂടി നേടിയെടുക്കേണ്ട രണ്ട് പ്രധാന ലക്ഷ്യങ്ങൾ വീതം അടയാളപ്പെടുത്തുന്നു. ഇപ്രകാരം അടയാളപ്പെടുത്തിയ ലക്ഷ്യങ്ങൾ സാധ്യമാക്കുന്ന ഒരു വർഷത്തെ പ്ലാനും ബജറ്റും ഈ വർഷം തന്നെ ആരംഭിക്കുന്നു. അപ്രകാരം തന്നെ, ഫെറോന-ഇടവക ശുശ്രൂഷാ സമിതികൾ 2033 നോടുകൂടി കൈവരിക്കേണ്ട രണ്ടു ലക്ഷ്യങ്ങൾ വീതം രൂപപ്പെടുത്തുകയും അതിലേയ്ക്കായി ഈ വർഷം തന്നെ അനുയോജ്യമായ പ്ലാനും ബജറ്റും തയ്യാറാക്കുകയും ചെയ്യുന്നു.

മൂന്നാം ഘട്ടത്തിൽ രൂപതാ ശുശ്രൂഷ സമിതികളും സ്ഥാപനങ്ങളും തയ്യാറാക്കിയ ദീർഘകാല ലക്ഷ്യങ്ങളും (രണ്ടുവീതം) 2024-25 സാമ്പത്തിക വർഷത്തെ പ്ലാനും ബജറ്റും കരട് രൂപമായി ബന്ധപ്പെട്ട ഫോറത്തിൽ പ്രായോഗിക ബോധ്യത്തോടെ അവതരിപ്പിക്കുന്നു. അതുപോലെ, ഫെറോന-ഇടവക ശുശ്രൂഷ സമിതികൾ അവരുടെതായിട്ടുള്ള ദീർഘകാല ലക്ഷ്യങ്ങളും 2024-25 സാമ്പത്തിക വർഷത്തെ പ്ലാനും ബജറ്റും കരട് രൂപമായി ബന്ധപ്പെട്ട ഫോറങ്ങളിൽ അവതരിപ്പിക്കുന്നു. കരട് രൂപങ്ങൾക്ക് ബന്ധപ്പെട്ട ഫോറങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും, തിരുത്തലുകളും ഉൾപ്പെടുത്തി സമിതികൾ/സ്ഥാപനങ്ങൾ അന്തിമരൂപം നല്കി നിശ്ചിത സമയത്തിനുള്ളിൽ രൂപത-ഫെറോന-ഇടവക ഔദ്യോഗിക ഫോറങ്ങൾക്ക് സമർപ്പിക്കുന്നു.

**തിരുവനന്തപുരം അതിരൂപത**
**പ്ലാനും ബജറ്റും 2024-25**
**രൂപരേഖ**

ശുശ്രൂഷ/കമ്മിഷൻ/സ്ഥാപനം/വസ്തു: ..........

| ദീർഘകാല ലക്ഷ്യങ്ങൾ (Goals) | നിശ്ചിത ഹ്രസ്വകാല ഉദ്ദേശ്യങ്ങൾ (Specific Objectives) | പദ്ധതി പ്രവർത്തനങ്ങൾ (Activities) | പ്രവർത്തന ഫലസൂചകങ്ങൾ (Key Performance Indicators) | | പ്രതീക്ഷിക്കുന്ന ഫലം (Expected Outcome) |
|---|---|---|---|---|---|
| | | | നിശ്ചിത സംഖ്യ (Quantity) | ഗുണം (Quality) | |
| 1. | 1 | 1. | | | |
| | 2 | 2. | | | |
| | 3 | 3. | | | |
| 2. | 1. | 1. | | | |
| | 2 | 2. | | | |
| | 3. | 3. | | | |

## സ്ട്രാറ്റജിക് പ്ലാനിംഗ് രൂപരേഖ

പദ്ധതി തയ്യാറാക്കുന്ന രൂപരേഖയിൽ വ്യത്യസ്ത കോളങ്ങളു

കഥ



# രക്തപ്പാട്



നടരാജൻ ബോണക്കാട്

മൃതദേഹം കാണാൻ അമ്മയുടെ കണ്ണു വെട്ടിച്ച് കുട്ടിയും പോയി. കുറച്ച് ആളുകളേയുള്ളൂ.

പെൺകുട്ടി പൂർണ്ണനഗ്നയായിരുന്നു. ചുണ്ടുകൾ മുറിപ്പെട്ട് തടിച്ചു വീർത്തിരുന്നു. ഏതാണ്ട് മുഖമാകെ രക്തക്കറ. അതുകൊണ്ട് അവൾ അറിയുന്ന ആളാണോയെന്ന് കുട്ടിക്ക് തീർച്ചപ്പെടുത്താൻ കഴിഞ്ഞില്ല.

ഇളംനെഞ്ച് കടിച്ചുപറിച്ചിരിക്കുന്നു.

കുട്ടിക്ക് ഓർക്കാൻപോലും നാണമുണ്ടായിരുന്ന ഇടങ്ങൾ ഇപ്പോൾ അവൻ നിർവികാരം നോക്കിനിൽക്കുന്നു. ഇനിയും ശരിക്ക് ഉണങ്ങിയിട്ടില്ലാത്ത രക്തം മാത്രമേ അവൻ കാണുന്നുള്ളൂ. അവൾതന്നെ ആകെ ഒരു രക്തപ്പാട്.

'മുറിവുകൾ കണ്ടിട്ട് ചെന്നായ്ക്കളാണെന്ന് തോന്നുന്നു.' ഒരപ്പൂപ്പൻ പറയുന്നത് കേട്ടു.

ചെന്നായ്ക്കൾക്ക് എങ്ങനെ അവളെ മരത്തിൽ കെട്ടിവയ്ക്കാൻ കഴിഞ്ഞുവെന്ന് കുട്ടി അത്ഭുതപ്പെട്ടു.

ണ്ട്. (1) ദീർഘകാല ലക്ഷ്യങ്ങൾ. (2) ദീർഘകാല ലക്ഷ്യങ്ങളുടെ ഭാഗമായി നിശ്ചിത വർഷത്തിൽ കൈകൊള്ളേണ്ട വ്യക്തമായ ഉദ്ദേശ്യങ്ങൾ. (3) പദ്ധതി പ്രവർത്തനങ്ങൾ. നിശ്ചിത വർഷത്തിൽ സ്വീകരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. (4) പ്രവർത്തന ഫലസൂചകങ്ങൾ. ഇവിടെ നിശ്ചിത ഉദ്ദേശ്യത്തിന്റെ എണ്ണവും ഗുണവും സൂചിപ്പിക്കുന്നു. (5) പ്രതീക്ഷിക്കുന്ന ഫലം. ഇവിടെ ഉദ്ദേശിക്കുന്നത് ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമാണ്. (6) ചുമതലപ്പെട്ട വ്യക്തി. പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടുന്ന വ്യക്തി/ രൂപത ശുശ്രൂഷ ഡയറക്ടർ/രൂപതാ സ്ഥാപന മേധാവി/ഫെറോന ശുശ്രൂഷ വൈദീക കോ-ഓർഡിനേറ്റർ/ഇടവക ശുശ്രൂഷ കൺവീനർ. (7) ഓരോ പദ്ധതി പ്രവർത്തനത്തിന്റെയും സമയക്രമം. (8) പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ്. (9) വരുമാന സ്രോതസ്സുകൾ. ആഭ്യന്തരവും ബാഹ്യവുമായ ധനാഗമ മാർഗ്ഗങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു. (10) നിരീക്ഷണം നടത്തുന്ന ഔദ്യോഗിക വ്യക്തി. രൂപതയിൽ ശുശ്രൂഷകൾക്ക് ശുശ്രൂഷാ കോ-ഓർഡിനേറ്ററും സ്ഥാപനങ്ങൾക്ക് വികാരി ജനറലുമാണ്. ഫെറോനകൾക്ക് ഫെറോനാവികാരിയും ഇടവകകൾക്ക് ഇടവക വികാരിയും ആണ്. (11) പ്രവർത്തന അവലോകനം നടത്തുന്ന ഔദ്യോഗിക വ്യക്തികൾ. രൂപത-ഫെറോന-ഇടവകതല അവലോകന കമ്മിറ്റി ഇത് നിർവ്വഹിക്കുന്നു.

## ആത്മീയ സംഭാഷണം

ദീർഘകാല ലക്ഷ്യങ്ങൾ രൂപപ്പെടുത്തേണ്ടത് സിനഡാത്മക സഭയെ സംബന്ധിച്ച സിനഡ് സമ്മേളനത്തിൽ പ്രാധാന്യം നൽകിയ ആത്മീയ സംഭാഷണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. ആത്മീയ സംഭാഷണം പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ഉളവാകുന്ന ഒരു ആത്മീയ പ്രക്രിയയാണ്. പ്രാർത്ഥനാന്തരീക്ഷത്തിൽ എന്റെ രൂപതയുടെ ദീർഘകാല ഭാവി എന്താകണമെന്ന് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ വിവേചിച്ച് അറിയുന്നതാണ് ഈ പ്രക്രിയ. ഇതൊരു കൂട്ടായ ചർച്ചയുടെ ഫലമല്ല. അതിലുപരി പ്രാർത്ഥനാന്തരീക്ഷത്തിലുള്ള വ്യക്തിപരമായ തിരിച്ചറിവിന്റെ ഫലമാണ്.

ആത്മീയ സംഭാഷണത്തിന് അഞ്ച് ക്രമങ്ങളുണ്ട്. (1) നിശബ്ദ പ്രാർത്ഥന. നിശബ്ദ പ്രാർത്ഥനയിലെ ധ്യാന വിഷയം 2033 -ൽ എന്റെ രൂപത എന്തായിരിക്കണമെന്നതാണ്. (2) പ്രാർത്ഥനയിൽ ഉണ്ടായ അനുഭവം മോഡറേറ്ററിന്റെ സാന്നിധ്യത്തിലുള്ള ഗ്രൂപ്പിൽ പങ്കുവയ്ക്കപ്പെടുന്നു. (3) പ്രാർത്ഥനയിൽ ലഭിച്ച ദർശനം കൂട്ടായ്മയിൽ പങ്കുവയ്ക്കുന്നു. പങ്കുവയ്ക്കപ്പെടുമ്പോൾ മറ്റുള്ളവർ നിശബ്ദരായി ശ്രവിക്കുന്നു. (4) ആവശ്യമെങ്കിൽ ഗ്രൂപ്പിൽ ഓരോരുത്തർക്കും തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുവാനുള്ള അവസരം വീണ്ടും ലഭിക്കുന്നു. (5) മൂന്നും നാലും ഘട്ടത്തിലൂടെ ഉരുത്തിരിഞ്ഞ ലക്ഷ്യങ്ങൾ ഗ്രൂപ്പ് സെക്രട്ടറി പൊതുവേദിയിൽ അവതരിപ്പിക്കുന്നു.

## ഉപസംഹാരം

2033 മഹാജൂബിലി വർഷം പ്രൗഢോജ്വലമായി ആഘോഷിക്കുവാൻ നമ്മുടെ സ്ട്രാറ്റജിക് പ്ലാനിംഗിലൂടെ കഴിയുമെന്ന് ഉറപ്പാണ്. അതിലേയ്ക്കായി അക്ഷീണ പരിശ്രമം എല്ലാവരുടെയും ഭാഗത്തുനിന്ന് ഉറപ്പാക്കേണ്ടത് ആവശ്യമാണ്. സ്ട്രാറ്റജിക് പ്ലാനിംഗുമായി മുന്നോട്ട് പോകുമ്പോൾ ഉണ്ടാകാനിടയുള്ള സംശയങ്ങൾക്ക് കൂട്ടായ പങ്കുവയ്ക്കലിലൂടെയും പ്രാർത്ഥനയിലൂടെയും പരിഹാരം കാണാവുന്നതാണ്. അതിരൂപത നേതൃത്വത്തോടൊപ്പം ചേർന്ന് ഓരോ അംഗവും സജീവമായി പ്രവർത്തിക്കുവാൻ സന്നദ്ധരാകേണ്ടതാണ്. അപ്രകാരം, അതിരൂപതയുടെ ദീർഘകാല ലക്ഷ്യങ്ങൾ നമുക്ക് നേടിയെടുക്കുവാൻ കഴിയട്ടെ! ■

# അനന്തരം

ഇക്കണ്ട തിരക്കുകൾക്കിടയിൽ
അപ്പണി കൂടി നീ ഏറ്റെടുക്കണ്ട
മൂത്ത സഹോദരി ഉപദേശിച്ചു.
അച്ഛന്റെ കുഴി അലങ്കരിക്കാൻ
കൂലിക്ക് ആളെ വയ്ക്കുന്നതിനോട്
എനിക്കപ്പോഴും യോജിക്കാൻ കഴിഞ്ഞില്ല.
ചെളി പൊക്കി അടിച്ചുറപ്പിച്ച കുഴിമാടത്തിൽ
കടൽമണ്ണ് വാരി വിതറി.
പിങ്ക്, വെള്ള എന്ന ക്രമത്തിൽ
രണ്ടു വരി അരളിപ്പൂക്കൾകൊണ്ട് ബോർഡറും.
ഉള്ളിൽ രക്തച്ചുവപ്പുള്ള റോസാപ്പൂക്കൾ നിറച്ചു.
നടുക്കായി മുല്ലമൊട്ടുകൾ
കൊണ്ടൊരു കൊച്ചു കുരിശും.
കുഴിത്തലയ്ക്കൽ സ്ഥാപിച്ച മരക്കുരിശിൽ
രക്തപൂഹാരവും ചാർത്തി.
പ്രവൃത്തികളിലെ പൂർണ്ണത
അച്ഛന് നിർബന്ധമായിരുന്നു.
അച്ഛൻ പണിത കട്ടമരങ്ങൾക്ക്
മത്സ്യകന്യകമാരുടെ ആകാരഭംഗിയായിരുന്നു.
വർണ്ണമിനുസങ്ങൾ തുന്നിപ്പിടിപ്പിച്ച
ചൂണ്ടയിൽകൊത്തിയ മീനുകൾ ചത്തിട്ടും,
കണ്ണുകൾ പ്രണയാർദ്രമായിരുന്നു.
വളരെ സൂക്ഷ്മമായാണ് ഞാൻ പൂക്കളടുക്കിയത്.



ഗ്ലേവിയസ് അലക്സാണ്ടർ

മണ്ണിൽ കുത്തുന്നത് അച്ഛന്റെ
നെഞ്ചിൽ തറയ്ക്കുന്നുണ്ടോ...?
ഇടയ്ക്കെപ്പഴോ അച്ഛൻ
പതിവ് ഗൗരവം വെടിഞ്ഞ്
കുലുങ്ങി ചിരിക്കുന്നതുപോലെ തോന്നി.
പൂവിതളുകൾ അച്ഛനെ ഇക്കിളിപ്പെടുത്തുന്നതാവാം.
കല്ലറപ്രാർത്ഥന കഴിഞ്ഞു മടങ്ങവേ
എല്ലാവരും എന്നെ അഭിനന്ദിച്ചു.
അപ്പോഴേക്കും വെയിലേറ്റ്
പൂക്കൾ വാടിത്തുടങ്ങിയിരിന്നു.
പൂക്കൾ വാടുമെന്നും
അച്ഛൻ മരിക്കുമെന്നും അറിയാത്തതുകൊണ്ടല്ല,
പൂക്കൾ വാടരുതേ എന്നും
പ്രിയപ്പെട്ടവർ മരിക്കരുതേ എന്നുമുള്ള
പ്രാർത്ഥനകളാണ് ജീവിതത്തിന്റെ സൗകുമാര്യം.
ഉദയാസ്തമനങ്ങൾപോലെ
അനിവാര്യമായ ആവർത്തനങ്ങളാണ് ജനിമൃതികളും.
കടൽപോലെ
കാടുപോലെ
മഴപോലെ
മരിവില്ലുപോലെ
പതഞ്ഞൊഴുകുന്ന വെള്ളച്ചാട്ടംപോലെ
ഞാനും അച്ഛനും പൂക്കളും
പ്രകൃതിയെ അലങ്കരിക്കുന്നു.
പ്രപഞ്ചത്തിലലിയാനുള്ള ക്ഷണമാണ് മരണം.
കുഴിമാടം,
വേഷം മാറാനുള്ള ഗ്രീൻ റൂമും.



*തയ്യാറാക്കിയത്:*
**ഇഗ്നേഷ്യസ് തോമസ്**

**കലാപബാധിത പ്രദേശമായ മണിപ്പൂരിൽ നിന്നുള്ള പതിനേഴ് വിദ്യാർത്ഥികൾ ദിവ്യകാരുണ്യ മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ക്രിസ്തുമസ് അവധിക്കാലം ചെലവഴിച്ച അനുഭവം**



# കലാപത്തിന്റെ കനലണയ്ക്കാനൊരു സ്നേഹക്കൂട്ടായ്മ

മണിപ്പൂരിൽ കലാപത്തിന്റെ കനലുകൾ ഇനിയും അണഞ്ഞിട്ടില്ല. ദീർഘനാളായി തുടരുന്ന അസ്വസ്ഥതകൾ എന്നവസാനിക്കുമെന്ന് ആർക്കും ഒരു നിശ്ചയവുമില്ല. വൈരവും വിദ്വേഷവും പരത്തി വിളവെടുക്കുന്ന രാഷ്ട്രീയഭരണ നേതാക്കൾക്കാകട്ടെ ഇരകളോടല്ല, അക്രമികളോടാണ് സഹാനുഭൂതി. കലാപകാരികളോട് അതിരുവിട്ട ബാന്ധവവും അവർക്ക് സംരക്ഷണത്തിന്റെ നെടുംകോട്ടകളും ഭരണാധികാരികൾ കെട്ടുന്നു. അക്രമികൾ സ്വച്ഛന്ദം വിഹരിക്കുമ്പോൾ അക്രമത്തിന് ഇരയായ ഹതഭാഗ്യർ സംരക്ഷണത്തിനും അഭയത്തിനുമായി തെക്കേ ഇന്ത്യൻ നഗരങ്ങളുൾപ്പെടെ സുമനസ്സുകളുടെ പടിവാതിൽക്കൽ എത്തിനിൽക്കുന്നു.

മണിപ്പൂരി വിദ്യാർഥികൾക്ക് അഭയവും സംരക്ഷണവും വിദ്യാഭ്യാസസൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ സന്മനസ്സോടെ മുന്നോട്ടുവന്ന ബാംഗ്ലൂർ ആർച്ച്ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ, അതിരൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്താൻ സൗകര്യങ്ങളൊരുക്കി. മണിപ്പൂരി വിദ്യാർഥികൾക്ക് ഭാവിപ്രതീക്ഷകളുടെ വാതായനങ്ങൾ അദ്ദേഹം തുറന്നുനൽകി.

പ്രവാസികളായി ബാംഗ്ലൂർ നഗരത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 17 വിദ്യാർഥികൾ ക്രിസ്മസ് അവധിക്കാലം തിരുവനന്തപുരത്ത് ദിവ്യകാരുണ്യ മിഷൻ കേന്ദ്രത്തിൽ രണ്ടാഴ്ചക്കാലം ചെലവഴിച്ചു. മാതാപിതാക്കളോടും ബന്ധുമിത്രാദികളോടും ഒപ്പം ആഹ്ലാദപൂർവം ആഘോഷിക്കേണ്ടിയിരുന്ന ക്രിസ്തമസ് ദിനങ്ങൾ, ഏറെ അകലെയുള്ള കേരളത്തിൽ ചിലവഴിക്കേണ്ടിവന്നതിന്റെ ദുഃഖവും വേദനയും അവരുടെ മുഖത്ത് മിന്നിമറയുന്നത് ഞങ്ങൾ കണ്ടു. അവർ 17 പേരുടെയും പ്രാർത്ഥന ഒന്നുമാത്രം: തങ്ങളുടെ നാട്ടിൽ സമാധാനത്തിന്റെയും ശാന്തിയുടെയും അരുണോദയം ഉണ്ടാകണമെ!

സ്നേഹത്തോടും സമാധാനത്തോടും കൂടി വംശവ്യത്യാസമില്ലാതെ ജീവിക്കുകയും ഒന്നിച്ചു കലാലയങ്ങളിൽ പഠിക്കുകയും ചെയ്തിരുന്ന നല്ല നാളുകൾ വീ



ണ്ടും വരുമെന്ന് തന്നെയാണ് ഈ കൂട്ടുകാരുടെ പ്രതീക്ഷ.

കലാപത്തിന്റെ നാളുകളും പലായനത്തിന്റെ ദുരിതങ്ങളും ഒന്നും സൂക്ഷിക്കുവാൻ അവരാഗ്രഹിക്കുന്നില്ല. ഓർമകൾ അവരെ നൊമ്പരപ്പെടുത്തുന്നു. മാതാപിതാക്കളെ, സഹോദരങ്ങളെ ആത്മസുഹൃത്തുക്കളെയൊക്കെ നഷ്ടപ്പെട്ടരാണ് തങ്ങൾ എന്ന നീറ്റലാണ് ഉള്ളിലുള്ളത്. വേദനപ്പെടുത്തുന്ന ഓർമകൾ പങ്കുവയ്ക്കാനൊരുങ്ങിയ ഗ്രെയ്സി ഒരു വാചകം പോലും പറഞ്ഞുമുഴുമിപ്പിക്കാനാകാതെ വിതുമ്പി; കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി. ഞങ്ങൾക്കും കരയാതിരിക്കാനായില്ല. കൂടുതലായി ഒന്നും ചോദിക്കാതെ ഞങ്ങൾ നിശബ്ദരായി. ശോകമൂകമായ അന്തരീക്ഷത്തിന് മാറ്റം വരുത്താൻ ഞങ്ങൾ ബാംഗ്ലൂരിലെ തങ്ങളുടെ പഠനം, പഠിക്കുന്ന സ്ഥാപനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം പറയാനാവശ്യപ്പെട്ടപ്പോൾ അവർ വീണ്ടും പതിഞ്ഞ സ്വരത്തിൽ പറഞ്ഞുതുടങ്ങി. നഴ്സിംഗ്, ഫാർമസി, ലാബ്ടെക്നിഷ്യൻ തുടങ്ങിയ കോഴ്സുകളിൽ അവർ ചേർന്നുപഠിക്കുകയാണ്. തങ്ങളുടെ നാട്ടിൽ പഠിച്ചിരുന്ന കോഴ്സുകളല്ല ഇപ്പോൾ പഠിക്കുന്നത്. പുതിയവയുമായി പരിചയിച്ചുവരുകയാണെന്നും അവർ പറഞ്ഞു.

ഇവിടെ കഴിഞ്ഞ ക്രിസ്മസ് ദിനങ്ങൾ തങ്ങളുടെ ജീവിതത്തിൽ ചിരസ്മരണീയമായി നിലകൊള്ളുമെന്നവർ ഏകസ്വരത്തിൽ പറഞ്ഞു. സാന്ത്വനത്തിന്റെയും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും പുൽക്കൂടുകളാണ് ദിവ്യകാരുണ്യമിഷന്റെ നേതൃത്വത്തിൽ ഫാ. ഇഗ്നാസി രാജശേഖരന്റെയും ബ്രദർ പീറ്ററിന്റെയും അഡ്വ. കരുണയുടെയും നേതൃത്വത്തിൽ ഈ വിദ്യാർഥികൾക്കായി ഒരുക്കപ്പെട്ടത്. ക്രിസ്മസ് ആഘോഷവേളയിൽ മാതൃഭാഷയിൽ പാട്ടുകൾ പാടിയും കരോൾ ഗാനങ്ങൾ ആലപിച്ചും അവർ രക്ഷകന്റെ ജന്മദിനം കൊണ്ടാടി. തിരുവനന്തപുരം എം.പി. ഡോ. ശശി തരൂരും പാളയം ഇമാം ഡോ. ഷുഹൈബ് മൗലവിയും ഉൾപ്പെടെ നിരവധി പ്രമുഖർ ഈ വിദ്യാർഥികളോടൊപ്പം ക്രിസ്മസ് കൂടിവരവിൽ പങ്കുചേർന്നു. മണിപ്പൂരിൽ ശാന്തിയും സമാധാനവും മടങ്ങിവരട്ടെയെന്നും മതസൗഹാർദ്ദവും സാഹോദര്യവും ഭാരതത്തിൽ പുലരട്ടെയെന്നും ശശി തരൂർ ആശംസിച്ചു. ആർച്ച് ബിഷപ്പ് ഡോ. തോമസ് നെറ്റോ, ബിഷപ്പ് ക്രിസ്തുദാസ്, ആർച്ച് ബിഷപ്പ് സൂസപാക്യം എന്നീ പിതാക്കന്മാരെയും സന്ദർശിക്കാനുള്ള ഭാഗ്യം ലഭിച്ചു. കേരളത്തിന്റെ തനതു ഭക്ഷണക്രമം തന്നെ ഈ നാളുകളിൽ ഇവർ പിന്തുടർന്നു.

കേരള വിഭവങ്ങളായ അപ്പവും ഇടിയപ്പവും കറിക്കൂട്ടുകളുമൊക്കെ കുറഞ്ഞ നാളുകൾ കൊണ്ട് തങ്ങൾക്കും ഇഷ്ടവിഭവങ്ങളായിമാറിയെന്നാണ് ഗ്രെയ്സി പറഞ്ഞത്.

ഭരണങ്ങാനം പോലെയുള്ള തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കാനും നഗരക്കാഴ്ചകൾ കാണാനും ചുരുങ്ങിയ ദിവസത്തെ താമസത്തിനിടയിൽ അവർ സമയം കണ്ടെത്തി. ഇന്ത്യയുടെ കിഴക്ക് പടിഞ്ഞാറൻ മലനിര പ്രദേശങ്ങളിൽ നിന്ന് തിരുവനന്തപുരത്തെത്തുകയും ശംഖുംമുഖം, വെട്ടുകാട് പ്രദേശങ്ങളിലെ കടലോരത്ത് ചെന്നപ്പോൾ പുതിയൊരു ലോകത്ത് എത്തിച്ചേർന്നപോലെയായി എന്നവർ പറഞ്ഞു. കാരണം അവരൊരിക്കൽപോലും കടലിന്റെ സാമീപ്യം അറിഞ്ഞിരുന്നില്ല. കടലിന്റെ അനന്തത അവരെ അക്ഷരാർത്ഥത്തിൽ അതിശയിപ്പിക്കുകതന്നെ ചെയ്തു.

തിരുവനന്തപുരം നഗരത്തിന്റെ വിസ്മയ കാഴ്ചകൾ കണ്ടും രാത്രികാലങ്ങളിൽ ക്യാമ്പ് ഫയർ ഒരുക്കി ആടിയും പാടിയും തങ്ങളുടെ നൊമ്പരങ്ങൾ മറന്നു. പ്രാർത്ഥനയും പഠനവും വിനോദ പരിപാടികളുമായി ഏതാണ്ട് ഒരു മാസക്കാലത്തോളം അവർ നഗരത്തിന്റെ അതിഥികളായി കഴിഞ്ഞു.

നഷ്ടപ്പെട്ട നാടും നിരാലംബരായ മാതാപിതാക്കളെയും മറ്റുപ്രിയപ്പെട്ടവരെയും വീണ്ടും തിരികെ ലഭിക്കുമോ എന്നീ കൂട്ടർക്ക് നിശ്ചയമില്ലെങ്കിലും തങ്ങൾക്ക് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പുൽക്കൂടൊരുക്കുവാൻ തങ്ങളെ കാരുണ്യപൂർവം ചേർത്തുപിടിക്കാൻ ഇന്ത്യയുടെ തെക്കേയറ്റത്ത് തിരുവനന്തപുരം നഗരത്തിൽ കുറെ സുമനസ്സുകളുണ്ടെന്ന ബോധ്യത്തോടെയായിരുന്നു അവരുടെ മടക്കം. ■



കഥ



# വിത്തുകളുടെ ഉപമ



കൈപ്പട്ടൂർ തങ്കച്ചൻ

**ഞാ**യറാഴ്ച കുർബാനയ്ക്ക് പള്ളിയിൽ പോകാനും മടങ്ങി വരുമ്പോൾ മുതലാളിയുടെ വീട്ടിൽ ചെന്ന് പുസ്തകങ്ങൾ വാങ്ങാനും ചാക്കോയെ പറഞ്ഞേല്പിച്ചിട്ടായിരുന്നു അപ്പൻ ചുമടേറ്റാൻ പോയത്.

ഞായറാഴ്ചയും അപ്പന് പണിക്കു പോയേ പറ്റൂ.

ഒരു ഹോൾസെയിൽ കടയിലെ തൊഴിലാളിയായിരുന്നു അപ്പൻ.

എട്ടിലോട്ട് കയറിയ ചാക്കോക്ക്, എട്ടിൽ നിന്ന് ജയിച്ച തന്റെ മകളുടെ പുസ്തകങ്ങൾ സൗജന്യമായി നൽകാമെന്നുള്ള വാഗ്ദാനം കടമുതലാളിയുടേതായിരുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങാനുള്ള പണം കണ്ടെത്തേണ്ടതില്ലല്ലോ എന്ന ആശ്വാസമായി അപ്പന്. എന്നാൽ, ആ സുന്ദരിക്കോതയുടെ സഹായം സ്വീകരിക്കുവാൻ ചാക്കോക്ക് മടിയായിരുന്നു. സുന്ദരിയെന്നു മാത്രമല്ല, സ്കൂളിലെ ഏറ്റവും ബുദ്ധിമതിയെന്നും അറിയപ്പെടുന്നതിന്റെ അഹങ്കാരവും അവൾക്കുണ്ടെന്ന് ചാക്കോയുടെ പക്ഷം.

സാറന്മാർക്ക് പ്രിയപ്പെട്ടവളുമാണവൾ.

പള്ളിയിൽ പോകുന്നതിന് പകരം,

മുൻകൂട്ടിയുള്ള തീരുമാനപ്രകാരം കവലയിൽ കാത്തുനിന്ന കൂട്ടുകാരോടൊത്ത് ബസ് കയറി ചാക്കോയും പട്ടണത്തിലേക്ക് പോയി. അവിടെവച്ചവർ ഷെയറിട്ട് പണം സ്വരൂപിച്ച് ബിവറേജിൽ നിന്ന് മദ്യം വാങ്ങി. ഡിസ്പോസബിൾ കപ്പുകളും തണുത്ത വെള്ളവും, മിക്സ്ച്ചറും സിഗററ്റും വാങ്ങി.

ഷെയറിൽ നിന്ന് ചാക്കോയെ ഒഴിവാക്കി. ചാക്കോയുടെ കൈയിൽ പണമില്ല.

അല്പം നടന്നാലെത്തുന്ന കുന്നിൻ ചരുവിലേക്കാണവർ പോയത്. കുറ്റിച്ചെടികളും മരങ്ങളുമുള്ള കുന്നായിരുന്നു അത്. പടർന്ന് പന്തലിച്ച ഒരു കാഞ്ഞിരമരത്തിന്റെ തണലിൽ ചിതറിക്കിടക്കുന്ന കല്ലുകളിൽ അവർ വട്ടമിട്ടിരുന്നു.

ആവേശത്തോടെ ഗ്ലാസുകളിലേക്ക് മദ്യം പകർന്ന നേരം, കുർബാനയ്ക്ക് വന്ന വിശ്വാസികളോട് വിത്തുകളുടെ കഥ വികാരപരമായി അച്ചൻ വിവരിക്കുകയായിരുന്നു.

വിതയ്ക്കുന്ന വിത്തുകളിൽ ചിലത് വഴിയരുകിൽ വീണ് പറവകൾ കൊത്തിത്തിന്നു. പാറമേൽ വീണത് കിളിർത്തെങ്കിലും വേരിറങ്ങാനാകാതെ സൂര്യതാപമേറ്റ് വാടിക്കരിഞ്ഞു. മുൾച്ചെടികൾക്കിടയിൽ വീണു കിളിർത്തതിനെ, മുൾച്ചെടിക്കൾ ഞെരുക്കി നശിപ്പിച്ചു.

നല്ല നിലത്തു വീണ വിത്തുകൾ കിളിർത്ത് നൂറുമേനി വിളഞ്ഞു.

ചെവിയുള്ളവർ കേൾക്കട്ടെയെന്ന് അച്ചൻ ആശീർവദിക്കുമ്പോൾ, വിത്തുകളൊന്നും നല്ല നിലങ്ങളിൽ ഇപ്പോഴിപ്പോൾ വീഴുന്നില്ലല്ലോയെന്ന് സ്വയം പരിതപിക്കുകയും നെടുവീർപ്പിടുകയും നല്ല നിലങ്ങൾ ഇപ്പോഴെവിടെയെന്ന് ചോദിച്ച് സ്വയം കുറ്റപ്പെടുത്തുകയും ചെയ്തു.

അച്ചൻ പ്രസംഗം അവസാനിപ്പിച്ചു.

വിശ്വാസികളുടെ കൂട്ടത്തിൽ ചാക്കോയുടെ അമ്മയും ഉണ്ടായിരുന്നു. അവർ അവനുവേണ്ടി അൾത്താരയിലേക്ക് നോക്കി കണ്ണീരൊഴുക്കുകയും പള്ളിക്കുള്ളിലെ യുവാക്കളുടെ കൂട്ടത്തിൽ അവനെ തേടുകയും ചെയ്തു.

മൂന്നാമത്തെ പ്രാവശ്യം ഗ്ലാസുകൾ നിറഞ്ഞപ്പോൾ, കുപ്പി കാലിയായി. ലഹരിയായി വിഷം സിരകളിലൂടെ തലച്ചോറിലേക്ക് ഇരച്ചുകയറി.



അപ്പോൾ വരുവാനിരിക്കുന്ന സ്വർഗരാജ്യത്തെപ്പറ്റി വിളിച്ചുപറഞ്ഞുകൊണ്ട് ഒരാൾ റോഡിലൂടെ പോകുന്നുണ്ടായിരുന്നു. ലോകാവസാനം അടുത്തിരിക്കുന്നു. അനുതപിച്ച് മാനസാന്തരപ്പെടുവിൻ എന്നായിരുന്നു ഉച്ചത്തിലെങ്കിലും ഒച്ചയടച്ച ശബ്ദത്തിൽ ഉപദേശി പറഞ്ഞുകൊണ്ടിരുന്നത്. ചടച്ച് എല്ലെഴുന്ന് നടക്കാൻ പ്രാപ്തി നഷ്ടപ്പെട്ട ഒരാളായിരുന്നു ഉപദേശി. പഴകി നിറം മങ്ങിയ ചേരാത്ത ഉടുപ്പായിരുന്നു ഉപദേശിയുടേത്. മുണ്ടിന്റെ അടിത്തുമ്പ് കീറിയതും പൊടിയും ചെളിയും പറ്റിപ്പിടിച്ചതുമായിരുന്നു.

ഉപദേശിയുടെ ചിലമ്പിച്ച സ്വരം കുന്നിൻചരുവിലേക്ക് എത്താൻ പ്രാപ്തമല്ലായിരുന്നു. ഭാരം വലിക്കുന്ന ചടച്ചു ക്ഷീണിച്ച കാളയെപ്പോലെ മെറ്റലിളകിയ റോഡിലൂടെ ഉപദേശി നടന്നുകൊണ്ടിരുന്നു.

ഒഴിഞ്ഞ കുപ്പിയിലേക്ക് നോക്കി ചീത്ത വിളിച്ചുകൊണ്ട് അല്പമകലെയുള്ള പാറയിലേക്ക് ചാക്കോ വലിച്ചെറിഞ്ഞ കുപ്പി, വിലാപത്തോടെ പൊട്ടിച്ചിതറി.

ചിതറിത്തെറിച്ച ചില്ലുകളിലൊന്ന് വഴിപോക്കനായ ആ ഉപദേശിയുടെ കവിളിലേക്ക് കുത്തിക്കയറി രക്തം ചീറ്റിച്ചു. ഉപദേശിയുടെ ഉപദേശം നിലച്ചു. ഉപദേശിയുടെ കൈയിലിരുന്ന ലഘുലേഖകളും വേദപുസ്തകവും വഴിയിലെ ചെളിയിലേക്ക് ചിതറി വീണു. ഉപദേശിയുടെ വിങ്ങലും പതംപറച്ചിലും ചാക്കോയും കൂട്ടുകാരും കേട്ടെങ്കിലും അത് അവർക്ക് ബധിരവിലാപമായി. പീഡിതന്റെ വേദനയിൽ തമാശ കണ്ടെത്തി ആസ്വദിച്ച് കൈയടിച്ച്, മദ്യലഹരിയിൽ അവർ തുള്ളിച്ചാടി.

അപ്പോൾ പള്ളിയിലെ അൾത്താരയിൽ, കുർബാനാർപ്പണത്തിന്റെ പരിസമാപ്തിയായി, കാസാ (അപ്പം വയ്ക്കാനുള്ള പാത്രം) യും പീലാസാ (വീഞ്ഞുനിറയ്ക്കാനുള്ള പ്രത്യേക പിടിയുള്ള കപ്പ്) യും ഇരുകൈകളിലുമേന്തി വിശ്വാസികൾക്ക് നേരെ തിരിഞ്ഞ്, പടിഞ്ഞാറോട്ട് പതുക്കെ, ആത്മനിർവൃതിയോടെ അച്ചൻ വരുകയായിരുന്നു. പ്രാർത്ഥനയിലൂടെ തിരുശരീരമായി രൂപാന്തരപ്പെട്ടെന്ന് വിശ്വസിക്കുന്ന അപ്പം കാസായിലും തിരുരക്തമെന്ന് വിശ്വസിക്കുന്ന വീഞ്ഞ് പീലാസായിലുമായിരുന്നു.

ക്രൈസ്തവവിശ്വാസികൾ പ്രതീക്ഷയോടെ കാത്തിരിക്കുന്ന യേശുവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതീകാത്മകതയായിരുന്നു അത്.

വികാരഭരിതനായി ആത്മസമർപ്പണത്തോടെ അച്ചൻ ആശീർവദിച്ചു: ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും...

അസ്വാഭാവികത തിരിച്ചറിഞ്ഞ ബീറ്റ് പോലീസ്, അട്ടഹാസങ്ങളുടെ ഉറവിടം തേടി, ചരിവ് കയറി അവരുടെ അടുത്തെത്തി.

അന്നേരം ചാക്കോയുടെ ഫോണിലേക്ക്, അവനെ തേടി അപ്പന്റെ കൂട്ടുകാരന്റെ വിളിവന്നു.

ചാക്കുകെട്ട് പിടിവിട്ടുവീണ് നട്ടെല്ലിന് ക്ഷതം പറ്റിയ അപ്പൻ ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണെന്ന് ഫോണിന്റെ അങ്ങേത്തലയ്ക്കൽ പറഞ്ഞത് പോലീസുകാരനാണ് കേട്ടത്. ■

ലേഖനം



# തിരുനാൾ പരസ്യത്തിലെ 'മഹാമഹം': യാഥാർഥ്യം എന്ത്?



ലോറൻസ് ഫെർണാണ്ടസ്

**ക്രൈ**സ്തവ ദേവാലയങ്ങളിൽ തിരുനാളിനോടനുബന്ധിച്ച് നോട്ടീസ് തയ്യാറാക്കുമ്പോൾ മഹാമഹം എന്ന് രാജകീയമായി ചേർക്കുക എന്നത് ഇന്നും നടക്കുന്ന അർഥമില്ലാത്ത ഒരു ഏർപ്പാടാണ്. എന്താണ് മഹാമഹം എന്നോ ഈ വികലമായ പ്രയോഗം എവിടെ നിന്നു വന്നതാണെന്നോ ചോദിച്ചാൽ ഉത്തരമില്ല. എങ്കിലും വരേണ്യ ഭാഷാഗോപുരങ്ങളെ സ്ഥാനത്തും അസ്ഥാനത്തും ചുമക്കാൻ നമുക്ക് മടിയില്ല എന്നത് തീർത്തും സഹതാപമർഹിക്കുന്നതാണ്.

മഹാമഹം എന്ന പ്രയോഗംതന്നെ ഭാഷാ വിദഗ്ദ്ധർ ഉപയോഗിക്കാറില്ല. മഹാമഖം വലിയ യാഗം വലിയ ഉത്സവം എന്നാണ് പദങ്ങളുടെ അർഥം.

ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ പന്ത്രണ്ടുവർഷത്തിലൊരിക്കൽ ആഘോഷിക്കപ്പെട്ടിരുന്ന ഒരു മഹോത്സവം. മാഘമകം എന്നും പറയും. മഹാമഖമാണ് (വലിയ യാഗം) മാമാങ്കമായതെന്ന് ഒരഭിപ്രായമുണ്ട്. മകം നക്ഷത്രത്തിൽ വെളുത്തവാവ് വരുന്ന മാസമാണ് മാഘമാസം (മകരം കുംഭം). പന്ത്രണ്ടു മാസത്തിലൊരിക്കൽ മാഘമാസത്തിലെ മകം നാളിൽ ഭാരതത്തിലെ പല പ്രശസ്ത തീർഥങ്ങളിലും ഗംഗയുടെ സന്നിധാനം ഉണ്ടാകുമെന്നും ആ തീർഥങ്ങളിൽ അന്നേ ദിവസം സ്നാനം ചെയ്യുന്നത് ദുഃഖവും ദാരിദ്ര്യവും ഇല്ലാതാക്കാൻ പ്രയോ

ജനപ്പെടുമെന്നും പണ്ടുള്ളവർ വിശ്വസിച്ചിരുന്നു. ദക്ഷിണേന്ത്യയിൽ തിരുനാവായയിലും കുംഭകോണത്തുമാണ് ഈ സ്നാനോത്സവം ആഘോഷിച്ചിരുന്നത്. തിരുനാവായയിലെ 'മഹാ മാഘം' കാലക്രമേണ 'മാമാകം' ആയും 'മാമാങ്കം' ആയും വിപരിണമിച്ചിരിക്കാമെന്നാണ് ഉള്ളൂർ അഭിപ്രായപ്പെടുന്നത്. പെരുമാക്കന്മാരുടെ അവരോധച്ചടങ്ങാണ് മാമാങ്കമായതെന്നും അഭിപ്രായമുണ്ട്.

**നമ്മുടെ ഇടവക തിരുനാളുകൾക്ക് മഹാമഹം കൊണ്ടാടാൻ പ്രേരണ നൽകുന്നത് പടവെട്ടി യുദ്ധഭൂമിയിൽ വീഴാനുള്ള ആഹ്വാനം കൂടിയാണ്. അല്ലെങ്കിൽ തന്നെ തിരുനാളുകൾ ആഡംബരത്തിന്റെ കലാപ സ്മരണയുണർത്തുന്നവയാണല്ലോ!**

ആദിചേര ചക്രവർത്തിമാരുടെ കാലം മുതൽ മാമാങ്കം നടന്നുവന്നിരുന്നതായി വിശ്വസിക്കപ്പെടുന്നു. ചേര ചക്രവർത്തിമാരുടെ അധഃപതനത്തോടെ കേരളം വിഭജിക്കപ്പെടുകയും നിരവധി നാട്ടു രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിത്തീരുകയും ചെയ്തു. തിരുനാവായ പ്രദേശത്തിന്റെ അധിപനായിത്തീർന്ന വല്ലഭക്ഷോണീശൻ (വള്ളുവക്കോനാതിരി) സ്വാഭാവികമായി മാമാങ്കത്തിന്റെ രക്ഷാപുരുഷനും അധ്യക്ഷനുമായി. 13-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കോഴിക്കോട്ടു സാമൂതിരി വള്ളുവക്കോനാതിരിയെ തോല്പിക്കുകയും തിരുനാവായ കീഴടക്കുകയും ചെയ്തു. അന്നുമുതൽ മാമാങ്കത്തിന്റെ അധ്യക്ഷ സ്ഥാനം വഹിച്ചിരുന്നത് കോഴിക്കോടു സാമൂതിരി ആയിരുന്നു. കൊല്ലവർഷം 918 വരെ (എ.ഡി.1743) മാമാങ്കം നടത്തിയിരുന്നതായി തെളിവുകളുണ്ട്. കൊല്ലവർഷം 930 ൽ മാമാങ്കം നടത്തുവാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്തിരുന്നുവെങ്കിലും അത് നടന്നുവോ എന്നതിന് തെളിവുകളില്ല. കൊല്ലവർഷം 941 മേടമാസം 14-ാം തീയതി അന്നത്തെ സാമൂതിരി ഹൈദരാലിയിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി കോവിലകം ചുട്ട് അതിനുള്ളിൽ കിടന്ന് പരഗതി പ്രാപിച്ചതോടെ മാമാങ്കം നാമാവശേഷമായി. തൈപ്പൂയ ദിവസം ആരംഭിച്ച് മാഘമക ദിവസം മാമാങ്കം അവസാനിക്കുന്നു.

കേരള ചക്രവർത്തിയുടെ ഔദ്യോഗിക ഘോഷയാത്രയും 'പെരുനില' നിൽപ്പുമാണ് പ്രധാന ചടങ്ങ്. പുണർതം മുതൽ നാലുദിവസമാണ് പെരുനില നിൽക്കേണ്ടത്. സാമന്തരാജാക്കന്മാരും ഇടപ്രഭുക്കന്മാരും മാടമ്പിമാരും നാടുവാഴികളും അംഗരക്ഷക സേനകളുമെല്ലാം അവിടെ സന്നിഹിതരായിരിക്കും. ചക്രവർത്തിയുടെ മേൽക്കോയ്മയുടെ അംഗീകാരമാണത്. സാമൂതിരിയുടെ അധീശത്വം അംഗീകരിക്കാതിരുന്ന വള്ളുവക്കോനാതിരി 'നിലപാട് നിൽപ്പ്' ദിവസം ചാവേർപ്പടയെ അയച്ച് സാമൂതിരിയെ വധിക്കാൻ ശ്രമം നടത്തിയിരുന്നു.

ആരാണ് ചാവേർപ്പട?

സ്വന്തം പ്രാണൻ പോയാലും ശത്രുക്കളെ ആക്രമിച്ചു നശിപ്പിക്കണമെന്ന വ്രതത്തോടുകൂടിയ യുദ്ധവീരന്മാർ. കൊല്ലുക അല്ലെങ്കിൽ ചാവുക എന്നതായിരുന്നു മുദ്രാവാക്യം. ചാവേറുകൾ, ചാവീരന്മാർ, ഗരുഡന്മാർ, ചങ്ങാതം, എന്നീ പേരുകളിൽ ചാവേർപ്പടയിലെ അംഗങ്ങൾ അറിയപ്പെട്ടിരുന്നു. കുലോത്തുംഗ ചോളന്റെ നേട്ടങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ചോളപുരം രേഖയിൽ (എ ഡി 1100) ചേര സൈന്യത്തിൽ പുതുതായ് രൂപംകൊണ്ട ചാവേർപ്പടയുടെ കടന്നാക്രമണങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഇവയാണ് ചാവേർപ്പടയെപ്പറ്റിയുള്ള ഏറ്റവും പഴക്കമുള്ള സൂചനകൾ. പതിനൊന്നാം ശതകത്തിലെ ചോള ചേര യുദ്ധകാലത്താണ് 'ചാവേർപ്പട' ഉടലെടുത്തത്. സായുധ സൈന്യത്തിലെ ഏറ്റവും മികച്ച പൗരുഷ ശാലികളായിരുന്ന അവർ യുദ്ധത്തിന്റെ ഗതി ചോളന്മാർക്കെതിരെ തിരിച്ചു വിട്ടു. പതിനഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും ചാവേർപ്പടയാളികൾ നായർ മാടമ്പിമാർക്കും നമ്പൂതിരി പ്രഭുക്കന്മാർക്കും മറ്റും വേണ്ടി പ്രതിഫലം പറ്റി പടവെട്ടുന്ന കൂലിപ്പട്ടാളമായി മാറി. നായന്മാരുടെ ചങ്ങാതങ്ങളെ ആളും അർഥവും കാത്തു സൂക്ഷിക്കുവാൻ പോർട്ടുഗീസുകാർ ഏർപ്പെടുത്തിയിരുന്നു.

പതിനെട്ടാം നൂറ്റാണ്ടു വരെ ചാവേർ പദവി നിലനിന്നിരുന്നു. ചാവേറ്റു പടയിൽ ചേർന്നു യുദ്ധം ചെയ്തു മരിക്കുന്നവരുടെ ബന്ധുക്കൾക്ക് യജമാനൻമാർ 'ചാവേറ്റു വിരുത്തി ' എന്ന പേരിൽ ആനുകൂല്യങ്ങൾ നൽകിയിരുന്നു.


മാമാങ്കത്തോടനുബന്ധിച്ച് വൻതോതിലുള്ള വ്യാപാരവും ആയുധാഭ്യാസവും നടന്നിരുന്നു. മാമാങ്കോദ്ധാരണം കിളിപ്പാട്ട്, കണ്ടർ മേനോൻ പാട്ട്, രാമച്ചപ്പണിക്കർ പാട്ട് എന്നിവ മാമാങ്കത്തെക്കുറിച്ചുള്ള പാട്ടുകളാണ്. കാടഞ്ചേരി നമ്പൂതിരിയാണ് 'മാമാങ്കോദ്ധാരണ' ത്തിന്റെ പ്രണേതാവ്.

കാര്യങ്ങൾ ഇങ്ങനെയാണെന്നിരിക്കെ നമ്മുടെ ഇടവക തിരുനാളുകൾക്ക് മഹാമഹം കൊണ്ടാടാൻ പ്രേരണ നൽകുന്നത് പടവെട്ടി യുദ്ധഭൂമിയിൽ വീഴാനുള്ള ആഹ്വാനം കൂടിയാണ്. അല്ലെങ്കിൽ തന്നെ തിരുനാളുകൾ ആഡംബരത്തിന്റെ കലാപ സ്മരണയുണർത്തുന്നവയാണല്ലോ! ■

ലേഖനം

# സമകാലിക രാഷ്ട്രീയവും എം.ടിയുടെ വിമർശനവും









**കാരൂർ സോമൻ, ചാരുംമൂട്**

കാലത്തിനതീതമായി സഞ്ചരിക്കുന്നവരാണ് ഉന്നതരായ സാഹിത്യപ്രതിഭകൾ. കേരളത്തിൽ ഡോ.സുകുമാർ അഴിക്കോടിന് ശേഷം ഗർജ്ജിക്കുന്ന സിംഹങ്ങളെ അധികം കണ്ടിട്ടില്ല. ഇപ്പോൾ വൈകിയെത്തിയ വിവേകംപോലെ പ്രശസ്ത സാഹിത്യകാരനും ക്രാന്തദർശിയുമായ എം.ടി.വാസുദേവൻ നായരുടെ വാക്കുകൾ വാളുകൊടുത്തു വെട്ടുന്നതുപോലെ തൂലിക വാളായി മാറുമെന്ന് ആരും പ്രതീക്ഷിച്ചില്ല. പല ഹൃദയങ്ങളിൽ അത് ആഴത്തിൽ തുളച്ചിറങ്ങി മുറിവേൽപ്പിച്ചിട്ടുണ്ട്. ഈ അവസരം ഓർമ്മവന്നത് വിപ്ലവ സാംസ്കാരിക നായകനായ റഷ്യയുടെ രാഷ്ട്രപിതാവ് ലെനിനും, ഫ്രാൻസിൽ ജീവിച്ചിരുന്ന, നാടകകൃത്ത്, നോവലിസ്റ്റ്, തത്വചിന്തകൻ ജീൻ പോൾ സാർത്രുമാണ്. അദ്ദേഹത്തിന്റ 1938 ൽ പുറത്തിറങ്ങിയ 'ല നൗസി' നോവലിൽ അധികാരിവർഗ്ഗം അടിച്ചേൽപ്പിക്കുന്ന അടിമത്തങ്ങളെ തുറന്നെഴുതി. അതിന് പ്രതിഫലമായി ലഭിച്ചത് ജയിൽ വാസമായിരുന്നു. ചില എഴുത്തുകാർക്ക് താല്പര്യം പട്ടുമെത്തകളാണ്. 1964 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം അദ്ദേഹം നിരസിച്ചു. അധികാരികളുടെ മുന്നിൽ ഓച്ഛാനിച്ചു നിൽക്കാത്ത ഇന്നും ജനകോടികളിൽ ജീവിക്കു

ന്ന, നാടുവാഴികളെയോ രാജാക്കന്മാരെയോ ഭയക്കാത്ത എത്രയോ ധീരന്മാരായ മഹാപ്രതിഭകളെ കാണാം. കേരളത്തിൽ കഴിഞ്ഞ തലമുറയിലും നമുക്ക് ധീരരായ സ്ത്രീപുരുഷ സാഹിത്യ പ്രതിഭകളുണ്ടായിരുന്നു.

ഇന്ത്യയിൽ എത്രയോ നാളുകളായി മനുഷ്യരിൽ ഭയം, ഭീതി, അനീതി, അഴിമതി, തൊഴിലില്ലായ്മ, ദാരിദ്ര്യം, അക്രമം, വർഗ്ഗീയ ചിന്തകൾ വേട്ടനായ്ക്കളെപ്പോലെ പിന്തുടരുന്നു. നമ്മുടെ മുന്നിൽ കാണുന്ന വികൃത ജനാധിപത്യത്തെ കണ്ടുകൊണ്ടാണ് മനുഷ്യ മനഃസാക്ഷിയെ തട്ടിയുണർത്തുംവിധം എം.ടി പറഞ്ഞത്. 'അധികാരമെന്നാൽ ജനസേവനത്തിന് കിട്ടുന്ന മെച്ചപ്പെട്ട അവസരമെന്ന സിദ്ധാന്തത്തെ പണ്ടെന്നോ നമ്മൾ കുഴിച്ചുമൂടി. ഇപ്പോൾ ഏകാധിപത്യ സർവ്വാധിപത്യ പ്രവണതകൾ'. അധികാരികളുടെ ആജ്ഞയനുസരിച്ച് അടിമപ്പണിക്കാരായി ഒരു ജനത അധഃപതിച്ചത് ജനാധിപത്യത്തിന്റ മുഖംമൂടിയണിഞ്ഞവർ അധികാരത്തിലെത്തിയതുകൊണ്ടെന്ന് എം.ടി ക്ക് മാത്രമല്ല ബഹുഭൂരിപക്ഷം ആളുകൾക്കും അറിയാവുന്ന കാര്യമാണ്. ഭാരതത്തിലെ തെരഞ്ഞെടുപ്പുകൾ ജാതി മത വോട്ടുകളിലെത്തി സർവ്വാധിപതികളെപ്പോലെ ജീവിച്ച് പാവങ്ങളുടെ ഹൃദയമിടിപ്പുകൾ കൂട്ടുന്നു.

ഇന്ത്യയിൽ ചൂഷിതരും മർദ്ദിതരുമായ ജനക്കൂട്ടത്തെ പാപ്പരാക്കികൊണ്ട് ഒരുപറ്റം തടിച്ചുകൊഴുക്കുന്നത് ഈ വോട്ടുചെയ്യുന്നവർ കാണുന്നില്ലേ? ഇത് ജനാധിപത്യ അധഃപതനം മാത്രമല്ല ഓരോ പൗരന്റെയും ധാർമ്മികനിലവാരത്തിന്റെ പതനം കൂടിയാണ്. ഏത് പാർട്ടിക്കാരനായാലും ഉൾകാഴ്ച്ചയും ദീർഘവീക്ഷണവുമുള്ളവരാകണം. കെ.സച്ചിദാനന്ദൻ പറഞ്ഞു; വ്യക്തിപൂജ കമ്മ്യൂണിസ്റ്റ് രീതിയല്ല. സക്കറിയയുടെ അഭിപ്രായം ഇങ്ങനെ; നമ്മൾ വീരാരാധനയിൽ ലയിച്ചുപോയ ഒരു മണ്ടൻ സമൂഹമാണ്. എം.മുകുന്ദൻ പറഞ്ഞു; സിംഹാസനങ്ങളല്ല വലുത് ജനങ്ങളാണ്. സാറാ ജോസഫ് പറഞ്ഞത് ജനങ്ങൾ ഫാസിസ്റ്റ് ഭരണത്തിലാണ്. എൻ.എസ്.മാധവൻ പറയുന്നു, ഇടതുപക്ഷം ആത്മപരിശോധന നടത്തണം. സാനു മാസ്റ്റർ, ടി.പത്മനാഭൻ, എം.ലീലാവതി ടീച്ചർ തുടങ്ങി പലരും സാമൂഹ്യ സാംസ്കാരിക രംഗത്ത് നടക്കുന്ന കാപട്യങ്ങൾ പലപ്പോഴായി തുറന്നു കാട്ടിയിട്ടുണ്ട്. ഇവിടെ ഇടത് വലത് എന്നതിനേക്കാൾ ആത്മപരിശോധനകൾ നടത്തി തെറ്റുകൾ തിരുത്താൻ തയ്യാറാകണം. തെറ്റുകൾ തിരുത്താതെ പോകുമ്പോഴാണ് കൂരമ്പുകൾ ഏൽക്കേണ്ടിവരുന്നത്. ശക്തരായ സർഗ്ഗപ്രതിഭകൾ, നോക്കുകുത്തികളാകുന്നതും അധികാരികൾക്ക് ശക്തി പകരുന്നു. റഷ്യൻ രാഷ്ട്രപിതാവ് ലെനിൻ, ഇ.എം.എസ്, നെഹ്റു ഇവരെല്ലാം നല്ല എഴുത്തുകാരായിരുന്നതിനാൽ മനുഷ്യർക്കാണ് മുൻഗണന കൊടുത്തത്.

**ഇന്ത്യയിൽ ചൂഷിതരും മർദ്ദിതരുമായ ജനക്കൂട്ടത്തെ പാപ്പരാക്കികൊണ്ട് ഇന്ത്യയിൽ ഒരുപറ്റം തടിച്ചുകൊഴുക്കുന്നത് ഈ വോട്ടുചെയ്യുന്നവർ കാണുന്നില്ലേ? ഇത് ജനാധിപത്യ അധഃപതനം മാത്രമല്ല ഓരോ പൗരന്റെയും ധാർമ്മികനിലവാരത്തിന്റെ പതനം കൂടിയാണ്.**

ഒരു ഭരണാധിപനെന്നാൽ വേലിക്കെട്ടുകളില്ലാത്ത നല്ലൊരു മനസ്സിന്റെ ഉടമയാകണം. ക്ഷണിക കക്ഷി താല്പര്യങ്ങളുള്ളവനാകരുത്. എല്ലാവരുടെയും പ്രിയപ്പെട്ടവനാകണം, മറ്റുള്ളവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്യുന്നവനാകരുത്, സമ്പന്നരുടെ ആശ്രിതനും പാവങ്ങളെ വഞ്ചിക്കുന്നവനുമാകരുത്. ഇന്ത്യയുടെ ജനാധിപത്യത്തിന് വിള്ളലുണ്ടെങ്കിൽ ചോദ്യം ചെയ്യേണ്ടത് ജനങ്ങളാണ്. അവരുടെ പ്രതിഷേധം വോട്ടിലൂടെയെങ്കിലും രേഖപ്പെടുത്തേണ്ടതല്ലേ? ഏത് സർക്കാർ ഭരിച്ചാലും എഴുത്തുകാർ മാനുഷിക മൂല്യമില്ലാത്ത സർക്കാർ സമീപനങ്ങളെ ആത്മധൈര്യത്തോടെ ചോദ്യം ചെയ്യേണ്ടവരാണ്. ഒരു പുരസ്കാരം, പദവി കിട്ടിയാൽ അത് ആരാധനയായി മാറുമോ? മലയാളത്തിലെ എത്ര സാംസ്കാരിക നായകന്മാർ എം.ടി യെപ്പോലെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്? അവർക്കും ഭയമാണ്. കിട്ടാനിരിക്കുന്ന അപ്പക്കഷ്ണം നഷ്ടമാകുമോ? അതാണ് എം.ടി പറഞ്ഞത് 'ഭരണാധികാരികൾ എറിഞ്ഞുകൊടുക്കുന്ന ഔദാര്യത്തുണ്ടല്ല സ്വാതന്ത്ര്യം'. ഒരെഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിലുള്ള സർക്കാരുകളുടെ കടന്നാക്രമണമാ





**എം.ടി ഒരു രാഷ്ട്രീയ പാർട്ടിയുടെയും അടിമയോ ആശ്രിതനോ അല്ല. അതിനാൽ അദ്ദേഹം മുന്നോട്ട് വെച്ച ആശയ ആദർശങ്ങൾ മഹത്വപൂർണ്ണമാക്കാനും തിരുത്താനുമാണ് ശ്രമിക്കേണ്ടത്. എം.ടി യുടെ തുറന്നുപറച്ചിൽ കണ്ണുണ്ടായാൽ പോരാ കാണണമെന്നാണ്. കേരളത്തിൽ കൊടിയുടെ നിറം നോക്കി കണ്ണു ചിമ്മി പൂച്ച പാലു കുടിക്കുന്നത് എത്രനാൾ തുടരും?**

ണ് അദ്ദേഹം ഉദ്ദേശിച്ചത്. എം.ടി എല്ലാ രാഷ്ട്രീയക്കാരെയുംപറ്റി പറഞ്ഞതുപോലെ ഇത് എല്ലാം എഴുത്തുകാർക്കുള്ള ഒരു മുന്നറിയിപ്പാണ്. പാർട്ടികളുടെ കൊടി നോക്കിപോയാൽ എല്ലാം വിചിത്രം വിധി വൈഭവം.

എം.ടി പറഞ്ഞ ഏകാധിപത്യം സാമൂഹ്യ രംഗത്തു മാത്രമല്ല സാംസ്കാരിക രംഗത്തുമുണ്ട്. രാഷ്ട്രീയ പ്രേരിതമായിട്ടല്ലേ പലതും കാണുന്നത്. സാഹിത്യരംഗത്ത് ഫലപ്രദമായ സാഹിത്യ സംഭാവനകൾ ചെയ്യാത്ത എത്രപേരാണ് സർക്കാർ പുരസ്കാരങ്ങൾ, പദവികൾ ഏറ്റു വാങ്ങുന്നത്? അദ്ദേഹം സാഹിത്യ സാംസ്കാരിക രംഗത്ത് നടക്കുന്ന ചൂഷണങ്ങളെപ്പറ്റി പറയാഞ്ഞത് മഹാഭാഗ്യം. ലോകമെങ്ങുമുള്ള ഭരണാധിപന്മാരെ ശ്രദ്ധിച്ചാൽ അവരൊക്കെ ഫ്യൂഡൽ ജന്മിമാരെപോലെ പ്രവർത്തിക്കുന്നത് കാണാം. ഫ്യൂഡൽ പ്രഭുക്കന്മാർക്കാവശ്യം സ്തുതിപാടകരെയാണ്. എം.ടി പറയുന്നു; 'തെറ്റ് പറ്റിയാൽ തിരുത്താറില്ല'. തെറ്റുകളെ മൂടിവെയ്ക്കാൻവരെ ന്യായീകരണ തൊഴിലാളികളും മാധ്യമങ്ങളും, ചാനലുകളുമുണ്ട്. സർഗ്ഗധനരായ പ്രതിഭകൾ വാലാട്ടികളായി, പാണന്മാരായി സ്തുതിഗീതം പാടി നടന്നവരല്ല. നല്ല സാഹിത്യപ്രതിഭകൾ ഉപരിവർഗ്ഗത്തിന്റ താല്പ്പര്യ സംരക്ഷകരല്ല. ദുഃഖ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സംരക്ഷകരാണ്.

ഇന്ത്യയിലെ ഏതെങ്കിലും സാഹിത്യകാരന്മാരുടെ പ്രതിഷേധ സ്വരങ്ങൾ നമ്മൾ കേൾക്കുന്നുണ്ടോ? അയോഗ്യരായവരെ പദവികൾ കൊടുത്തും പുരസ്കാരങ്ങൾ കൊടുത്തും സ്വന്തം വരുതിയിൽ കൊണ്ടുവരുന്നു. അവരെ മൗനികളാക്കുന്ന തന്ത്രങ്ങളാണ് രാഷ്ട്രീയ പാർട്ടികൾ മെനയുന്നത്. അവർക്ക് കിട്ടുന്ന താലന്തുകൾ മന്ദസ്മിതത്തോടെ സ്വീകരിക്കുന്നു. കേരളത്തിലെ എഴുത്തുകാർ ഒരു കുടക്കീഴിൽ നിന്നിരുന്നെങ്കിൽ ജനങ്ങൾക്കൊപ്പം സംഘടിച്ചു ശക്തരാകാനും ഇന്നുള്ളതിനേക്കാൾ എത്രയോ മടങ്ങ് സാംസ്കാരിക പുരോഗതിയിലേക്ക് നടന്നുകയറാനും സാധിക്കുമായിരുന്നു. ഒരു എഴുത്തുകാരൻ ഭാഷാ സാഹിത്യത്തിൽ അസൂയാർഹമായ കഠിനാധ്വാനത്തിലൂടെ നേടുന്ന കർമ്മം അല്ലെങ്കിൽ ചിന്താപ്രപഞ്ചമാണ് ആ വ്യക്തിയെ അനശ്വരനാക്കുന്നത്. ഏത് തത്വസിദ്ധാന്തങ്ങളുടെ തോഴനായാലും ഭാഷാ സാഹിത്യത്തിന്റെ സമൃദ്ധിയാണാവശ്യം അതിനപ്പുറം സ്വാർത്ഥതയുണ്ടായാൽ സാംസ്കാരിക രംഗത്തെ ധാർമ്മിക മൂല്യച്യുതിയാണത്. എം.ടി ഒരു രാഷ്ട്രീയ പാർട്ടിയുടെയും അടിമയോ ആശ്രിതനോ അല്ല. അതിനാൽ അദ്ദേഹം മുന്നോട്ട് വെച്ച ആശയ ആദർശങ്ങൾ മഹത്വപൂർണ്ണമാക്കാനും തിരുത്താനുമാണ് ശ്രമിക്കേണ്ടത്. സാംസ്കാരിക സാമൂഹ്യ രംഗങ്ങളിൽ സാഹിത്യപ്രതിഭകൾ തിരുത്തൽ ശക്തികളായി മാറുമോ? കാത്തിരുന്നു കാണാം.

# അംനീഷ്യ



ഓർമകളുടെ മുങ്ങാംകുഴിയിൽ വീണ്ടും തപ്പാൻ തുടങ്ങി
എവിടെയാണ് എന്റെ ഇന്നലെകളുടെ ഓർമകളെ കുഴിച്ചിട്ടത്

ഭൂതകാലത്തെ ഏത് സെമിത്തേരിയിലാണ് അടക്കിയിട്ടുള്ളത്
മറവിയുടെ കുപ്പിയിൽനിന്നും ഭൂതം എപ്പോൾ പുറത്തു ചാടും

സ്മരണയുടെ കടിഞ്ഞാണിന്റെ അറ്റം എവിടെ കെട്ടിയിട്ടിരിക്കുന്നു
ഇന്നലെ വരെ എവിടെയായിരുന്നു എന്ന സത്യവും മറന്നു പോയി

മുകളിൽ ആകാശത്തെയും താഴെ ഭൂമിയിൽ ചരിക്കുന്ന മനുഷ്യരെയും
നോക്കി ചോദിച്ചു, ഞാൻ ആരാണ്, എന്റെ ഭൂതകാലമെന്താണ്?

അവർക്കെല്ലാം ഒരു ചിരി മാത്രം, ചിരിക്കാനും മാത്രം ഞാൻ ആരാണ്
അവർക്കു ഞാൻ ആരൊക്കെയോ ആവാം, ഇല്ലെങ്കിൽ ആരുമല്ലാതാവാം

മൺവെട്ടികൊണ്ട് മണ്ണ് കിളച്ചു നോക്കുംപോലെ മറവിയുടെ
ചെളിമണ്ണിൽ മാന്തി നോക്കാൻ കൂർത്ത കൈനഖങ്ങൾ മതിയാവുമോ?

അബോധമനസ്സിന്റെ വിഭ്രാന്തി കയറിയ ഇടങ്ങളിൽ ഞാനൊളിച്ചു
കിടപ്പുണ്ടാവുമോ? ബോധമനസ്സുള്ള എന്നെ നോക്കി അത് പല്ലിളിക്കുന്നുവോ?

എന്നെത്തേടിയലഞ്ഞ വഴികളിൽ കണ്ടവരോടെല്ലാം വഴക്കടിച്ചു
ഞാനെന്നെ തിരയുന്നു

ഞാനും ഇന്നലെകളിലെ ഞാനും പരസ്പരം പറയുന്നു, രാത്രിയാവട്ടെ
മനുഷ്യരില്ലാത്ത നേരംനോക്കി നമുക്ക് സല്ലപിക്കാം

മൂകതയും ചീവീടും മൂളുന്ന തണുത്ത കാറ്റടിക്കുന്ന
നിശയിൽ നമുക്കൊന്നിച്ചു വാ തോരാതെ വഴക്കിടാം

ആദ്യം ഗതകാലത്തിന്റെ മറ നീക്കി ആരിവിടെനിന്നും പുറത്ത് വരുമെന്ന
തർക്കത്തിൽ നമുക്ക് തീർപ്പുകല്പിക്കാം

ഇന്നലെകളെ നോക്കി നെടുവീർപ്പിടുവാൻ ഇനിയും വരാത്ത
ആ കാലത്തെ നോക്കി മറക്കുവാൻ പഠിച്ചു മുന്നേറിടാം

ഓർമ്മകളില്ലാത്ത മനുഷ്യൻ മരിച്ചതിനു തുല്യമാണ്
ഇനി ജീവിക്കണമെങ്കിൽ ഇന്ന് മുതൽ ഓർമകളെ സൃഷ്ടിക്കണം

ഓർമകളെ.... ഓർമകളെ... എന്നിൽ നിന്നുമകലരുതേ.......



ജെർസൻ സെബാസ്റ്റ്യൻ



**കേരളത്തിലെ ആദ്യ സന്ന്യാസിനീ സഭയായ റ്റി.ഒ.സി.ഡി സ്ഥാപിക്കാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത സ്ത്രീരത്നമാണ് മദർ ഏലീശ്വ. ഏലീശ്വായുടെ സിദ്ധിയിൽ ആകർഷിക്കപ്പെട്ട മകൾ അന്നയും സഹോദരി ത്രേസ്യയുമാണ് സഹസ്ഥാപകരുടെ പദവിയലങ്കരിച്ചത്.**

# മദർ ഏലീശ്വ: നിധി കരസ്ഥമാക്കിയ സമർപ്പിത



സി. സൂസി കിണറ്റിങ്കൽ, CTC

വരാപ്പുഴ വികാരിയാത്തിലെ പ്രധാനപ്പെട്ടതും പൗരാണികവുമായ ഇടവകകളിൽ ഒന്നായ, ഓച്ചന്തുരുത്ത് കുരിശിങ്കൽ പള്ളി ഇടവകയിൽപെട്ട, വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന്, തൊമ്മൻ-താണ്ട ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യസന്താനമായാണ് ഏലീശ്വ ജനിച്ചത്. വാകയിൽ വത്തരുവിന്റെ വധുവായി, അന്നയെന്ന കുഞ്ഞിന്റെ അമ്മയായി, 20-ാം വയസ്സിൽ വിധവയായി, അതിനുശേഷം കളപ്പുരയിൽ പ്രാർത്ഥനയ്ക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും ധ്യാനനിർലീനതയിലും ജീവിച്ച്, കുരിശുമരണം വരെ അനുസരണമുള്ളവനായ ഈശോയുടെ ഒളിക്കപ്പെട്ട ജീവതത്തോട് താദാത്മ്യം പ്രാപിച്ച മദർ ഏലീശ്വ, കർമ്മലയിലെ ഒരു കൈവഴി കേരളസ്ത്രീകൾക്കുവേണ്ടി ഏറ്റുവാങ്ങി, കേരളത്തിലെ ആദ്യ സന്ന്യാസിനീ സഭയായ റ്റി.ഒ.സി.ഡി സ്ഥാപിക്കാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത സ്ത്രീരത്നമാണ്. മദർ ഏലീശ്വായുടെ സിദ്ധിയിൽ ആകർഷിക്കപ്പെട്ട മകൾ അന്നയും സഹോദരി ത്രേസ്യയുമാണ് സഹസ്ഥാപകരുടെ പദവിയലങ്കരിച്ചത്. ധന്യ മദർ ഏലീശ്വയുടെ ഈ ഭൂമിയിലെ ജീവിതം സ്വർഗ്ഗരാജ്യത്തിലെ നിധികൾ മാത്രം ലക്ഷ്യം വച്ചുള്ള ഒരു പ്രയാണമായിരുന്നു. തമ്പുരാൻ എന്ന മൂന്നക്ഷരം മാത്രമേ വിലയുള്ളതായുള്ളു എന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് ഈ ഭൂമിയിൽ ദരിദ്രയും വിനീത

യും ആകുന്നതിൽ അവൾ സന്തോഷിച്ചു.

സ്വർഗ്ഗപിതാവിന്റെ രാജ്യത്തിലെ അമൂല്യനിധികളെ ലോകത്തിന് പരിചയപ്പെടുത്തുവാനും അതിസ്വാഭാവിക ദർശനത്തിനുള്ള കഴിവ് നഷ്ടപ്പെട്ട മനുഷ്യകുലത്തെ സ്വർഗ്ഗത്തിലേക്ക് ആകർഷിക്കാനും നിത്യമായ സൗഭാഗ്യത്തിനുവേണ്ടി അദ്ധ്വാനിക്കാനും അവിടെയുള്ള അനശ്വര നിധികൾ കരസ്ഥമാക്കാനും നമ്മെ ക്ഷണിക്കാനാണ് യേശുനാഥൻ ഈ ഭൂമിയിലേക്കുവന്നത്. അവിടുന്ന് പറയുന്നു, "എന്റെ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു" (യോഹ. 8: 38). അവിടുത്തെ പരസ്യജീവിത കാലഘട്ടം മുഴുവനും നിരന്തരമായി ചുറ്റിസഞ്ചരിച്ച് പിതാവിന്റെ രാജ്യത്തെക്കുറിച്ച് പഠിപ്പിച്ച് അത്ഭുതങ്ങൾ കൊണ്ട് താൻ പിതാവയച്ച രക്ഷകനാണെന്ന് തെളിയിച്ചു.

യേശുനാഥന്റെ വചനങ്ങൾ സ്വജീവിതത്തിൽ ഫലമണിയിച്ചവരാണ് വിശുദ്ധർ. ദൈവം മനുഷ്യന്റെ സ്വതന്ത്രമനസ്സിനെ പരിഗണിക്കുന്നതിനാൽ ദൈവത്തിന്റെ വചനത്തിന്റെ ഫലപ്രാപ്തിക്കായി അടിയറവ് വേണ്ടത് ഏറ്റവും അത്യാവശ്യമാണ്. മദർ ഏലീശ്വയുടെ ജീവിതത്തിൽ ഈ ദൈവവചനം ഫലമണിഞ്ഞത് വചനത്തിനു മുൻപിൽ അടിയറവ് വച്ചതിനാലാണ്. മദർ ഏലീശ്വയുടെ ജീവിതവും പ്രവർത്തനങ്ങളും കൈയ്യെഴുത്തുപ്രതികളും വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകുക, എലീശ്വാമ്മ പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ അതിസ്വഭാവികതലം കണ്ട് ഗ്രഹിച്ചതുകൊണ്ടാണ് ലൗകിക സമ്പത്തിനോടും ലോക സുഖങ്ങളോടും അതീവ വിരക്തി പുലർത്തിയതും ലൗകിക സമ്പത്തിന്റെ ക്ഷണികതയെക്കുറിച്ച് പഠിപ്പിക്കുന്നതും.

തിരുവചനത്തിൽ അതിരില്ലാതെ ശരണപ്പെട്ട എലീശ്വാമ്മ തന്റെ മക്കളോടു ചോദിക്കുന്നു: "തന്നെപ്രതി എല്ലാം ഉപേക്ഷിക്കുന്നവന് ഈ ജീവിതകാലത്തിൽ ഒന്നിന്നു നൂറോളമുള്ള ഫലവും പരലോകത്തിൽ നിത്യായുസ്സും കൊടുക്കുമെന്ന് ഈശോമിശിഹാ പറഞ്ഞൊത്തിരിക്കുന്നു, തന്റെ പറഞ്ഞൊപ്പിന്ന് അന്തരം വന്നേക്കുമോ എന്നു സംശയിപ്പാൻ പാടുള്ളവനാര്? വിശ്വാസത്തെപ്രതി വേദസാക്ഷിയായി മരിക്കുന്നത് വലിയ കാര്യം തന്നെയാകുന്നു". ഏലീശ്വാമ്മ ഈ തിരുവചനം അക്ഷരാർഥത്തിൽ ജീവിച്ചു എന്നുതന്നെ പറയാം. ഈശോയെപ്രതി, തനിക്കു നേട്ടമായുണ്ടായിരുന്ന സകലതും ഉപേക്ഷിക്കാൻ അവൾ തയ്യാറായി. ഉപമകൾ വഴി യേശു പഠിപ്പിച്ചു. സ്വർഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു (മത്താ 13.44). ഈ ഭൂമിയിലുള്ള സമ്പത്തിന്റെയും സ്വർഗരാജ്യത്തിലെ നിധിയുടെയും രഹസ്യം ഗ്രഹിക്കുക എന്നതാണ് പ്രധാനം. മദർ ഏലീശ്വ തന്റെ ഭൂമിയിലെ സമ്പത്തിന്റെ മൂല്യം എണ്ണിയില്ല. മറിച്ച് അവയെല്ലാം നഷ്ടപ്പെടുത്തിക്കൊണ്ട് സ്വർഗരാജ്യത്തെ നിധികൾ സ്വന്തമാക്കി. ഈശോയുടെ പ്രബോധനത്തിന്റെ അന്തരാർഥം അവൾ ഗ്രഹിച്ചു. അവിടന്നു പറയുന്നു: ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്, തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപം കരുതിവയ്ക്കുവിൻ, അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയില്ല (മത്താ 6.19). മദർ ഏലീശ്വ ഈശോ ചൂണ്ടിക്കാണിച്ച നിത്യമായ നിക്ഷേപം സ്വന്തമാക്കിയവളാണ്. ഈശോയുടെ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിച്ച് ഈ ലോകത്തിലെ മുഴുവൻ സമ്പത്തും വെടിഞ്ഞ് സ്വർഗ രാജ്യത്തിൽ നിക്ഷേപം കൂട്ടിവച്ചു,

25 ഏക്കറിലധികം ഭൂസ്വത്തും മറ്റ് സ്ഥാവരജംഗമ വസ്തുക്കളും വലിയ ഒരു സംഖ്യ ധനവും ഒക്കെയായി പുതിയ മഠപ്രവേശനം ചെയ്ത പിറ്റേദിവസം മദർ പറയുന്ന വാചകം ഏറെ ശ്രദ്ധേയമാണ്; "ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു; ഞങ്ങളിൽ ഒന്നുപോലെ കൂടപ്പിറപ്പിനേയും കൈക്കൊൾവാനും ദൈവം തരുന്ന ഭിക്ഷ നാം കൈക്കൊണ്ടു പാർപ്പാൻ നന്മനസ്സായിരിക്കുന്നു". യേശുനാഥൻ വാഗ്ദാനം ചെയ്ത നിധികളുടെ മൂല്യം മനസ്സിലാക്കിയാൽ ഈ ലോകത്തിന്റെ സമ്പത്തെല്ലാം വെറും കുപ്പയാണെന്ന ബോധ്യം ആണ് താൻ ഭിക്ഷക്കാരിയാണെന്ന പ്രസ്താവന നടത്താൻ മദറിനെ പ്രേരിപ്പിച്ചത്. യേശുവിനെ പ്രതി ദരിദ്രയാകാനുള്ള കഴിവാണ് സ്വർഗ്ഗീയ നിധികൾ കരസ്ഥമാക്കുവാനുള്ള എളുപ്പമാർഗ്ഗം.

മദർ ഏലീശ്വയുടെ നിക്ഷേപം സ്വർഗ്ഗത്തിലായിരുന്നതിനാൽ ഹൃദയവും ദൈവത്തിന്റെ അനശ്വര സമ്പന്നതയിൽ ആയിരുന്നു. ക്രിസ്തുശിഷ്യത്വവും ധനവും ഒരുമിച്ചുപോകില്ല എന്നത് വ്യക്തമായ സുവിശേഷദർശനമാണ്. മദർ ഏലീശ്വ അത് വളരെ വ്യക്തമായി മനസ്സിലാക്കി എന്ന് അമ്മയുടെ ജീവിതവും പ്രബോധനവും സാക്ഷിയാണ്. സമർപ്പിത ജീവിതത്തെക്കുറിച്ചും വ്രതങ്ങളെക്കുറിച്ചും മദറിന്റെ പ്രബോധനങ്ങൾ വ്യക്തമാണ്. അമ്മ പറയുന്നത്, രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല. ആകയാൽ ലോകത്തെ ഉപേക്ഷിച്ച് ഈശോമിശിഹായോട് ഐക്യപ്പെട്ടുകൊണ്ട് കർത്താവാണ് എന്റെ ഓഹരിയെന്നു നീ പാടുക. വിശുദ്ധ മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ ഈശോ പറയുന്നു, "സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ചിരിക്കുന്ന നിധിക്ക് തുല്യം അതു കണ്ടെത്തുന്നവൻ അത് മറച്ചു വയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു. ഏലീശ്വാമ്മ തനിക്കുണ്ടായിരുന്ന ഭൗതിക സമ്പത്തെല്ലാം അനശ്വര നിധികൾക്കായി വച്ചുമാറുവാൻ നിരന്തരം ശ്രമിച്ചു.

റ്റി.ഒ.സി.ഡി സന്ന്യാസിനീ സഭയുടെ വിഭജനത്തിന്റെ അവസരത്തിൽ അവിടെ നിന്നും മാറി മറ്റെവിടെയെങ്കിലും സമർപ്പിത ജീവിതം തുടരാൻ മാത്രമാണ് ഏലീശ്വാമ്മ മെത്രാപ്പോലീത്തയോട് ആവശ്യപ്പെടുന്നത്. ഭൗതിക സമ്പത്തിനുവേണ്ടി വാദപ്രതിവാദങ്ങൾ ഉന്നയിക്കുകയോ നഷ്ടപരിഹാരം ആവശ്യപ്പെടുകയോ ഒന്നും ചെയ്യുന്നില്ല. ഇതാണ് മദർ ഏലീശ്വ സ്വർഗ്ഗത്തിൽ സമ്പത്ത് കൂട്ടിവച്ചതിന്റെയും യഥാർത്ഥ യജമാനനെ മാത്രം സേവിച്ചതിന്റെയും ഉത്തമ ഉദാഹരണം. സ്വർഗ്ഗരാജ്യതിലെ അനശ്വര നിധികളുടെ ശോഭയിൽ തിളങ്ങി നിൽക്കുന്ന ധന്യ മദർ ഏലീശ്വയുടെ ജീവിതം എന്നും ഏവർക്കും അനുകരണിയമായ മാതൃകയാണ്. ■

# ബൈബിളിലെ പഴയനിയമം മാതൃഭാഷയിൽ






മലയാള ഭാഷയെ പ്രധാന മാധ്യമമാക്കിക്കൊണ്ട് ബിബ്ലിക്കൽ/ക്ലാസിക് ഭാഷയായ ഹീബ്രുവിനെ പരിചയപ്പെടുത്തുകയും ഹീബ്രു ഭാഷാപഠനം എന്ന വിസ്മയകരമായ സാധ്യതയെ സഫലമാക്കുകയും ചെയ്തിരിക്കുകയാണ് ഭാഷാ ശാസ്ത്രജ്ഞനും വൈയാകരണനുമായ ഫാ. ഡോ. യേശുദാസൻ റെമ്യാസ്. "ബൈബിളിലെ പഴയനിയമം മാതൃഭാഷയിൽ : ഹീബ്രുഭാഷാപഠനം" എന്ന പേരിലുള്ള ഈ പഠനഗ്രന്ഥത്തിന്റെ നിർമ്മിതിയിൽ ഹീബ്രുഭാഷയിൽ മാത്രമല്ല, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അഗാധമായ പരിജ്ഞാനം കൂടി വെളിപ്പെട്ടിരിക്കുന്നു.

ബൈബിളിന്റെ പഴയനിമ പുസ്തകങ്ങളിലേക്ക് നേരിട്ട് പ്രവേശിക്കാമെന്നതുമാത്രമല്ല, പുതിയനിയമത്തിലേക്ക് അനേകം ഉദ്ധരണികളിലൂടെ നിവേശിക്കുന്ന പഴയനിയമഭാഗങ്ങൾ കൂടി ഹീബ്രുപഠനത്തിലൂടെ അനായാസമായി ഗ്രഹിക്കാനാകുമെന്നതുകൊണ്ട് ഈ പഠനസഹായി സമഗ്രമായ ബൈബിൾ പഠനത്തിലേക്കും വെളിച്ചമേകുന്നു.

ചരിത്രത്തിലുടനീളം മാനവരാശിയുടെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക വ്യവഹാരങ്ങളുടെ പ്രത്യക്ഷപഠനംകൂടിയാണ് ഭാഷാപഠനം. അതിനാൽതന്നെ ഈ രചന സാംസ്കാരികപഠന (കൾച്ചറൽ സ്റ്റഡി) ത്തിന് അമൂല്യമായ സംഭാവനയേകുന്നു. പ്രാചീന രചനകളിൽ നിന്ന് നമുക്കുമുന്നിൽ അനാവരണം ചെയ്യുന്ന മിത്തുകളുടെയും പുരാണങ്ങളുടെയും കഥകളുടെയും ലോകം പുതിയ എഴുത്തിനും ആഖ്യാനങ്ങൾ ക്കും പ്രചോദനമേകും.

നിശ്ചയദാർഢ്യത്തോടെ, ഏകാഗ്രതയോടെ എത്രയോ വർഷങ്ങൾ നിരീക്ഷണങ്ങൾക്കും വിശകലനങ്ങൾക്കും അപഗ്രഥനങ്ങൾക്കും മനനങ്ങൾക്കുമായി സാർഥകമായി നീക്കിവച്ച ഫാ. ഡോ. യേശുദാസൻ റെമ്യാസ് തിരുവനന്തപുരം അതിരൂപതയിലെ പൊഴിയൂർ മത്സ്യത്തൊഴിലാളിഗ്രാമത്തിൽ നിന്നുള്ള വൈദികനാണ് എന്നത് ഏറെ അഭിമാനം തരുന്നു. പതിനഞ്ചാം വയസ്സിൽ സെയ്ന്റ് വിൻസെന്റ് സെമിനാരിയിലെത്തിയ ശേഷം മാർ ഇവാനിയോസ് കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി പൂനെയിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്ന് തത്തശ്വാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നേടി 2008 ലാണ് പുരോഹിതനാകുന്നത്. തുടർന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടി ദൈവശാസ്ത്രത്തിൽ ഉപരിപഠനവും നടത്തി. 2019 ൽ ഗവേഷണ ബിരുദം-ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന്. ബെൽജിയം ല്യൂവൻ യൂണിവേഴ്സിറ്റിയിൽ നിന്ന് നാലുവർഷമെടുത്താണ് ഹീബ്രുപഠനം പൂർത്തിയാക്കിയത്. തുടർന്ന് ജർമ്മനിയിൽ പാദെർബോൺ സർവകലാശാലയിൽ അധ്യാപകനായി. ഇപ്പോൾ അവിടെ തന്നെ ഗവേഷണാനന്തരപഠനം (പോസ്റ്റ് ഡോക്ടറൽ പഠനം) നടത്തുന്നു. കേരളത്തിന്റെ തന്നെ അഭിമാനമായ യേശുദാസച്ചൻ. ■



ഡോ. ഐറിസ്

കാനൻ ലോ

**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ



# കുമ്പസാരം എന്ന കൂദാശയുടെ കാർമ്മികൻ

കത്തോലിക്കാ വിശ്വാസ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ് കുമ്പസാരമെന്ന കൂദാശ. തിരുസ്സഭാ നിയമപ്രകാരം, ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കണം. കത്തോലിക്കാ സന്യാസ വൈദിക ആശ്രമങ്ങൾ ഉള്ളിടത്തൊക്കെ അനേകർ കുമ്പസാരത്തിന് പോകുന്നത് പതിവാണ്. വലിയ തിരുനാളുകൾ, ധ്യാനം തുടങ്ങിയ സന്ദർഭങ്ങളിൽ കുമ്പസാരിപ്പിക്കാൻ കൂടുതൽ സന്യാസ വൈദികരുടെ സാന്നിദ്ധ്യം പതിവ് കാഴ്ചയാണ്. അതുകൊണ്ടുതന്നെ, കുമ്പസാരിപ്പിക്കാൻ സന്യസ്ത വൈദികർക്ക് കൂടുതൽ അധികാരങ്ങളുണ്ടെന്ന തോന്നൽ പൊതുവേ വിശ്വാസികളുടെ ഇടയിലുണ്ട്. കുമ്പസാരം എന്ന കൂദാശയുടെ കാർമ്മികനെ സംബന്ധിച്ചുള്ള സഭയുടെ ഔദ്യോഗിക പഠനം എന്താണ്?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 965-986, കത്തോലിക്കാ സഭുടെ മതബോധനഗ്രന്ഥം (CCC)1461-1467 എന്നിവ കുമ്പസാരമെന്ന കൂദാശയുടെ കാർമ്മികൻ ആരെന്ന് വിവരിക്കുന്നു. CIC 965, 972, CCC 1461 - 1462 എന്നിവ പ്രകാരം, കുമ്പസാരമെന്ന കൂദാശയുടെ കാർമ്മികൻ പുരോഹിതനാണ്. പുരോഹിതന്മാർ എന്നാൽ മെത്രാന്മാരും അവരുടെ സഹപ്രവർത്തകരായ വൈദികരുമാണ്. യഥാർത്ഥത്തിൽ മെത്രാന്മാർക്കും വൈദികർക്കും, തിരുപ്പട്ട കൂദാശയുടെ ശക്തിയാൽ, "ത്രിയേക ദൈവത്തിന്റെ നാമത്തിൽ" എല്ലാ പാപങ്ങളും മോചിപ്പിക്കാൻ അധികാരമുണ്ട്. പാപങ്ങളുടെ മോചനം, ദൈവത്തോടും സഭയോടുമുള്ള അനുരഞ്ജനമുളവാക്കുന്നു. പൗരാണികകാലം മുതൽ, ഒരു പ്രാദേശിക സഭയുടെ ദൃശ്യതലവനായ മെത്രാനാണ് അനുരഞ്ജന ശുശ്രൂഷയുടെയും പ്രായശ്ചിത്ത ശുശ്രൂഷാ നിർവ്വഹണത്തിന്റെയും നിയന്താവ്. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ വൈദികർ, അവരുടെ മെത്രാനിൽ നിന്നോ (അല്ലെങ്കിൽ സന്യാസ സഭാധിപനിൽനിന്നോ) പാപ്പായിൽനിന്നോ, സ്വീകരിച്ച നിയോഗമനുസരിച്ച് സഭയുടെ നിയമത്തിന് അനുസൃതമായി, അനുരഞ്ജനാധികാരവും ശുശ്രൂഷയും വിനിയോഗിക്കുന്നു. അതായത്, പാപങ്ങൾക്ക് സാധുവായ പാപമോചനം (Valid absolution) നല്കാൻ, തിരുപ്പട്ടത്തിലൂടെ ലഭിക്കുന്ന അധികാരത്തിനു പുറമേ, താൻ പാപമോചനം നല്കുന്ന വിശ്വാസികളുടെമേൽ ആ അധികാരം വിനിയോഗിക്കുന്നതിന് കാർമ്മികന് അധികാരവിനിയോഗാനുമതി (faculty)യും ആവശ്യമാണ്.

CIC 967 പ്രകാരം, കുമ്പസാരിപ്പിക്കാനുള്ള പുരോഹിതന്മാരുടെ അധികാര വിനിയോഗാനുമതി താഴെപ്പറയുംപ്രകാരമാണ്:

1. പാപ്പായ്ക്കും കർദ്ദിനാൾമാർക്കും, നിയമത്താൽത്തന്നെ, ലോകത്തെവിടെയും ക്രിസ്തീയ വിശ്വാസികളെ കുമ്പസാരിപ്പിക്കാൻ അധികാരവിനിയോഗാനുമതിയുണ്ട്. അവരെ വിലക്കാൻ മെത്രാന്മാർക്കോ വൈദികർക്കോ കഴിയില്ല.

2. മെത്രാന്മാർക്ക്, നിയമത്താൽത്തന്നെ, ലോകത്തെവിടെയും ക്രിസ്തീയ വിശ്വാസികളെ കുമ്പസാരിപ്പിക്കാൻ അധികാര വിനിയോഗാനുമതിയുണ്ട്. അതേസമയം, പ്രത്യേക സാഹചര്യത്തിൽ ഒരു രൂപതാ മെത്രാന് മറ്റുമെത്രാന്മാരെ തന്റെ രൂപതയ്ക്കുള്ളിൽ കുമ്പസാരിപ്പിക്കാനുള്ള അധികാര വിനിയോഗം നിഷേധിക്കാവുന്നതാണ്.

3. ഉദ്യോഗത്താലോ (ഉദാ: ഇടവകവികാരി), ഇൻകാർഡിനേഷൻ ചെയ്ത സ്ഥലത്തെയോ ( ഉദാ: രൂപതാ വൈദികൻ), സ്ഥിരവാസസ്ഥാനമുള്ളിടത്തെയോ (സന്യാസ വൈദികൻ) സഭാധികാരിയിൽനിന്ന് (രൂപതാ മെത്രാനിൽനിന്ന്) പതിവായി കുമ്പസാരിപ്പിക്കാനുള്ള അധികാരവിനിയോഗ അനുമതി ലഭിച്ചവർക്ക് ലോകത്തെവിടെയും ക്രിസ്തീയ വിശ്വാസികളെ കുമ്പസാരിപ്പിക്കാൻ അധികാരമുണ്ട്. അതേസമയം, പ്രത്യേകസാഹചര്യത്തിൽ, രൂപതാമെത്രാന് വൈദികരെ തന്റെ രൂപതയ്ക്കുള്ളിൽ കുമ്പസാരിപ്പിക്കാനുള്ള അധികാരവിനിയോഗം നിഷേധിക്കാവുന്നതാണ്. എന്നാൽ, വൈദികന് പതിവായി കുമ്പസാരിപ്പിക്കാനുള്ള അധികാരവിനിയോഗാനുമതി പിൻവലിച്ചാൽ ലോകത്ത് ഒരിടത്തും വിശ്വാസികളെ കുമ്പസാരിപ്പിക്കാൻ പ്രസ്തുത വൈദികന് അനുമതി ഉണ്ടായിരിക്കയില്ല.

4. പൊന്തിഫിക്കൽ പദവിയിലുള്ള സന്യാസ ഇൻസ്റ്റിറ്റ്യൂട്ടിലോ അപ്പസ്തോലിക ജീവിത സമൂഹത്തിലോ ഉൾപ്പെട്ടവരും അവരുടെ സഭാ ആശ്രമ ഭവനങ്ങളിൽ വസിക്കുകയും ചെയ്യുന്ന സമർപ്പിത ജീവിത വൈദികർക്ക് ഉദ്യോഗത്താൽ ചുമതലപ്പെട്ട അധികാരിയിൽ (സുപ്പീരിയർ ജനറൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ) നിന്നും കുമ്പസാരിപ്പിക്കാനുള്ള അധികാര വിനിയോഗാനുമതി ലഭിച്ചവർക്ക്, ലോകംമുഴുവനും അവരുടെ സഭാസമൂഹത്തിൽപ്പെട്ടവരെയും അവരുടെ സന്യാസ ഭവനങ്ങളിൽ രാവും പകലും താമസിക്കുന്ന വിശ്വാസികളെയും നിയമത്താൽത്തന്നെ കുമ്പസാരിപ്പിക്കാൻ അധികാരമുണ്ട്. അതേസമയം, പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും ഒരു മേജർ സുപ്പീരിയറിന് (പ്രൊവിൻഷ്യൽ സുപ്പീരിയർ) തന്റെ അധീനതയിൽപ്പെട്ടവരെ കുമ്പസാരിപ്പിക്കാനുള്ള അനുമതി നിഷേധിക്കാവുന്നതാണ്. ■

## ചരിത്രപഥം

# കേരളത്തിലെ ആദ്യ വിൻസെന്റ് ഡി പോൾ ശാഖ തിരുവനന്തപുരത്ത്



**ഇഗ്നേഷ്യസ് തോമസ്**

അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന അൽമായരുടെ സന്നദ്ധസംഘടനയാണ് സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ. ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിലെ ചേരികളിൽ കഴിഞ്ഞിരുന്ന ദരിദ്രജനങ്ങൾക്ക് താങ്ങും തണലുമായി 1833 ൽ സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ എന്ന സംഘടന പ്രവർത്തനമാരംഭിച്ചു. രക്തരൂക്ഷിതമായ ഫ്രഞ്ചുവിപ്ലവത്തിനും നെപ്പോളിയന്റെ ഭരണവാഴ്ചയ്ക്കും പിന്നാലെ, ഫ്രാൻസിലേക്ക് കടന്നുകയറിയ ഭൗതികവാദവും അസ്തിത്വവാദവും വിമർശനാത്മകമായ പഠനങ്ങളും ക്രിസ്തുമതത്തിന്റെ അടിത്തറ ഇളക്കാൻ പോരുന്നതായിരുന്നു. വിശ്വാസ സത്യങ്ങളെ തകിടം മറിക്കാനുള്ള ശ്രമങ്ങളുമുണ്ടായി. മതനിരപേക്ഷതയുടെ പേരിൽ മതനിരാസം ഒരു ഫാഷനായി തീർന്നു.

ഈ കാലഘട്ടത്തിൽ ഫ്രാൻസിലെ സോർ ബോണിൽ ജീവിച്ച യുവാവായ ഫ്രെഡറിക്ക് ഒസാനാമിന്റെ ശാസ്ത്രീയ താത്ത്വിക ഭൗതിക ചിന്തകൾ മഥിച്ചപ്പോൾ, ഒരു ദേവാലയത്തിന്റെ ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ, അദ്ദേഹം തന്റെ അസ്വസ്ഥതകൾക്ക് പരിഹാരം കണ്ടെത്തി. തന്നിലുള്ള വിശ്വാസദീപം ഉജ്ജ്വലിച്ചു. തന്നെപ്പോലെ വിശ്വാസത്തിൽ പതറിയ ചെറുപ്പക്കാർക്ക് വെളിച്ചം വീശുക; അർപ്പിത മനോഭാവമുള്ള യുവാക്കളെ സംഘടിപ്പിക്കുക. ഭക്ത്യാഭ്യാസങ്ങൾ പങ്കിടുന്നതിനും ജീവകാരുണ്യ പ്രവൃത്തികളിൽ ഏർപ്പെടുന്നതിനും ഒരു പ്രസ്ഥാനത്തിന് രൂപം നൽകുക; യഥാർത്ഥ ഉപവിപ്രവർത്തനം നടത്തുക; ദരിദ്രരെ സഹായിക്കുന്നതിനും കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള സംഘാതമായ പ്രവർത്തനത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നു. 1833-ൽ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആദ്യ യോഗം നടന്നു. പ്രാർത്ഥനയും പ്രേഷിത പ്രവർത്തനവും സംഘടനയുടെ മുഖമുദ്രയായി.

1852-53 കാലയളവിൽ പോണ്ടിച്ചേരിയിലെ ഫ്രഞ്ച് മിഷണറിമാരാണ് ഇന്ത്യയിൽ സൊസൈറ്റി സ്ഥാപിച്ചത്. 1863-ൽ മുംബൈയിൽ വിവിധ ഇടവകകളിൽ കോൺഫറൻസുകൾ രൂപം കൊള്ളുകയും മുംബൈ പർട്ടിക്കുലർ കൗൺസിൽ രൂപീകരിക്കപ്പെടുകയും ചെയ്തു.

കേരളത്തിലാദ്യമായി വിൻസന്റ് ഡിപോൾ സൊസൈറ്റിയുടെ ശാഖ സ്ഥാപിതമായത് 1878 നവംബർ 24 ന് തിരുവനന്തപുരത്തെ പാളയം സെന്റ് ജോസഫ്സ് ദൈവാലയത്തിലായിരുന്നു. (ഇന്നത്തെ സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ ഇടവക) അന്ന് കർമ്മലീത്തസഭാംഗമായ ഫാ. ഹമജി ഡിയൂസ് ഒ.സി.ഡിയായിരുന്നു ഇടവക വികാരി. തിരുവിതാംകൂർ ദിവാനും ഇടവക അംഗവുമായിരുന്ന ഫ്രാങ്ക് വാട്സായിരുന്നു ആദ്യ പ്രസിഡന്റ്. 1879 ജൂൺ 29 ന് ഈ ശാഖ പാരിസിലുള്ള കേന്ദ്ര കൗൺസിലുമായി സംയോജിപ്പിക്കപ്പെട്ടു. സാധുജനങ്ങളെ സഹായിക്കുക, ആശുപത്രിയിൽ കിടക്കുന്ന രോഗികളെ സന്ദർ



ശിച്ച് ആശ്വാസം പകരുക; ജയിലിൽ പോയി തടവുകാരെ സന്ദർശിക്കുക ഇവയൊക്കെയായിരുന്നു ഈ സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തനങ്ങൾ. കുറേനാളുകൾ കഴിഞ്ഞപ്പോൾ സംഘടനയുടെ പ്രവർത്തനം മന്ദീഭവിച്ചു. എന്നാൽ സമുന്നത സുവിശേഷപ്രഘോഷകനും മിഷണറി വൈദികനുമായിരുന്ന ഫാ. ഇൽഡഫോൺസ് ഒസിഡി പാളയം ഇടവക വികാരിയായി തീർന്നപ്പോൾ സംഘടനയുടെ പ്രവർത്തനം പുനഃരുജ്ജീവിക്കപ്പെടുകയും അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിന്റെയും പിന്തുണയുടെയും ഫലമായി നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനും സാധിച്ചു. തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി ഷെവലിയർ ജോസഫ് തളിയത്ത് ഈ സൊസൈറ്റിയുടെ സാരഥ്യം വഹിക്കുകയും ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു.

സുമനസ്സുകളുടെ സാധുജനപരിപാലനത്തിന് ഭവനങ്ങളിൽ നിന്ന് അരിശേഖരിച്ച് നിർധനർക്ക് വിതരണം ചെയ്യുന്നത് അന്ന് സൊസൈറ്റിയുടെ ഒരു മുഖ്യപ്രവർത്തനമായിരുന്നു. രണ്ടാം ലോകമഹായുദ്ധം നടന്നിരുന്ന വേളയിൽ രൂക്ഷമായ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ പ്രവർത്തകർ ദരിദ്രഭവനങ്ങളിലെത്തി ധനസഹായം വിതരണം ചെയ്തിരുന്നു. സ്കൂളുകളിൽ പഠിക്കാനെത്തിചേർന്നിരുന്ന സാധുക്കളായ കുട്ടികൾ ഉച്ചഭക്ഷണമില്ലാതെ വലഞ്ഞ അവസരത്തിൽ 50 ഓളം കുട്ടികൾക്ക് ഉച്ചഭക്ഷണം ഈ സംഘടനയുടെ പേരിൽ ദിവസവും വിതരണം ചെയ്തു. പിൽക്കാലത്ത് നഗരത്തിലെ ചില സ്കൂളുകളിലേക്കും ഉച്ചഭക്ഷണം എത്തിക്കാൻ ഇതിന്റെ പ്രവർത്തകർക്കായി.

സാധുജന കുടുംബങ്ങളിൽപെട്ട അംഗങ്ങൾ മരണമടയുമ്പോൾ സംസ്കാര ചെലവുകൾക്ക് ധനസഹായം നൽകാനുള്ള ഫണ്ട് സ്വരൂപിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഈ ഫണ്ടിന്റെ രൂപീകരണത്തിന് മുൻകൈ എടുക്കുകയും നല്ലൊരു തുക സംഭാവനയായി നൽകുകയും ചെയ്തത് തിരുവിതാംകൂർ ഹൈക്കോടതിയിൽ സേവനം ചെയ്തിരുന്ന ഷെവലിയാർ എ.എം.മുത്തുനായകംപിള്ള ജഡ്ജിയായിരുന്നു.

പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിനോടനുബന്ധിച്ച് ജസ്റ്റിസ് മുത്തുനായകംപിള്ള നിർമിച്ചു നൽകിയ ലൈബ്രറിയും റീഡിംഗ് റൂമും തിരുവനന്തപുരം നഗരത്തിൽ സ്ഥിതിചെയ്തിരുന്ന ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറിയോട് കിടപിടിക്കുന്നതായിരുന്നു. കാത്തലിക് അസോസിയേഷൻ സംഘടനക്കായിരുന്നു ലൈബ്രറിയുടെ മേൽനോട്ടച്ചുമതലയായിരുന്നെങ്കിലും കോൺഫറൻസ് അംഗങ്ങൾ വലിയൊരളവുവരെ ലൈബ്രറിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയിരുന്നു. ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും സൊസൈറ്റി അംഗങ്ങൾ അക്കാലത്ത് ആ രാജ്യങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന കത്തോലിക്കാ മാസികകൾ പാളയത്തെ ലൈബ്രറിയിലേക്ക് അയച്ചിരുന്നുവെന്നത് കൗതുകകരമത്രെ.

എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്യുന്നത് (മത്താ. 25:40) ഈ ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് ദരിദ്രജനങ്ങൾക്കും നിസഹായർക്കും വേസനം ചെയ്യുന്ന നിസ്വാർഥരായ വിൻസൻഷ്യൻസിന്റെ സ്നേഹകരങ്ങൾ ഇടവകകളിൽ പ്രവർത്തിക്കുന്ന ശാഖകൾ വഴി പ്രവർത്തനനിരതമാണ്.

ആഴാകുളത്ത് നിർധനരായ 25 ഓളം പുരുഷന്മാർക്കുവേണ്ടി ഒസാനാം കാരുണ്യഭവൻ പ്രവർത്തിച്ചുവരുന്നു. ആരോരുമില്ലാതെ നിരാശ്രരായി കഴിയുന്ന സഹോദരിമാർക്കായി ഒരു കാരുണ്യഭവനം വെട്ടുതുറയിൽ ആരംഭിക്കുവാനുള്ള തയ്യാറെടുപ്പിലാണ് വിൻസെന്റ് ഡിപോൾ ഭാരവാഹികൾ. ഫാ. ജോസഫ് ബാസ്റ്റിൻ സംഘടനയുടെ ആത്മീയ ഉപദേഷ്ടാവും സി. ഫ്രാൻസിസ് പ്രസിഡന്റുമായി അതിരൂപതയിൽ ഈ സംഘടന പ്രവർത്തനങ്ങൾ തുടരുന്നു. ഇന്ന് 17 ഏരിയ കൺസിലുകളും 145 കോൺഫറൻസുകളിലുമായി 15 അംഗങ്ങൾ വിൻസെൻഷ്യൻ ചൈതന്യത്തോടെ കർമരംഗത്തുണ്ട്.

പാവപ്പെട്ട കുടുംബങ്ങളെ ജാതിമതവർഗ വർണവ്യത്യാസം കൂടാതെ ദത്തെടുക്കുകയും അവരെ കൂടെക്കൂടെ കുടുംബങ്ങളിൽ ചെന്നുകണ്ട് ആശ്വസിപ്പിക്കുകയും ആത്മീയമായും ഭൗതികമായും സഹായിക്കുകയുമാണ് ഈ സംഘടനയുടെ ഇന്നത്തെ മുഖ്യപ്രവർത്തനം. 1878 ൽ പാളയത്ത് ഫ്രാങ്ക് വാട്സിന്റെ നേതൃത്വത്തിൽ രൂപതയിൽ പ്രാരംഭം കുറിച്ച ഈ പ്രസ്ഥാനം ഏതാണ്ട് ഒന്നര ശതാബ്ദത്തോട് അടുത്ത് നിൽക്കുമ്പോൾ എത്ര പാവപ്പെട്ടവർക്കും അശരണർക്കും ആലംബഹീനർക്കും അത്താണിയായി തീർന്നുവെന്ന് കണക്കെടുക്കുക അസാധ്യം. ■




# ഭരണഘടന മൂല്യങ്ങളെ സംരക്ഷിക്കണം: അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ തോമസ് ജെ. നെറ്റോ പിതാവ്




വെള്ളയമ്പലം: അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. അജപാലനാ ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്ല്യമിന്റെ നേതൃത്വത്തിൽ നടന്ന പ്രാർഥനാ ശുശ്രൂഷയോടെ ആരംഭിച്ച സമ്മേളനത്തിൽ വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ സ്വാഗതമേകി.

സമ്മേളനം ഉദ്ഘാടനം ചെയ്ത അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ മെത്രാപൊലീത്ത ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ചുകൊണ്ടാണ് തന്റെ ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്. ഭരണഘടനാ മൂല്യങ്ങൾ വ്യാപകമായി ധ്വംസിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ പൊതുസമൂഹത്തിൽ സേവനം ചെയ്യുന്ന നാമോരോരുത്തർക്കും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തമുണ്ടെന്ന് തന്റെ സന്ദേശത്തിൽ അഭിവന്ദ്യ മെത്രാപൊലീത്ത പറഞ്ഞു. ആദിമസഭയെ മാതൃകയാക്കി ഏവരും തങ്ങളിൽ ഭരമേല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ പരിശുദ്ധാത്മ നിറവിൽ പൂർത്തീകരിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റായി ശ്രീ. ജോളിമസ്, ജോയിന്റ് സെക്രട്ടറിയായി അഡ്വ. കോൺസ്റ്റന്റെൻ, കെ.ആർ. എൽ.സി.സി പ്രതിനിധിയായി ശ്രീ. ജയൻ എന്നിവരെ തെരഞ്ഞെടുത്തു. കെ.ആർ. എൽ.സി.സി വനിതാ ശാക്തീകരണ അവാർഡ് ലഭിച്ച ഡോ. ഐറിസ് കൊയ്‌ലിയോ, കായിക അവാർഡ് ലഭിച്ച ശ്രീ. ക്ലെയോഫാസ് എന്നിവരെ പാസ്റ്ററൽ കൗൺസിൽ ആദരിക്കുകയും അഭിവന്ദ്യ മെത്രാപൊലീത്ത ഉപഹാരം നൽകുകയും ചെയ്തു. തുടർന്ന് അതിരൂപതയിലെ വൈദികൻ ഫാ. യേശുദാസ് റമ്യാസ് രചിച്ച ഹീബ്രു ഭാഷാ പഠനത്തിന് സഹായിക്കുന്ന മൂന്ന് പുസ്തകങ്ങൾ അഭിവന്ദ്യ പിതാക്കന്മാർ പ്രകാശനം ചെയ്തു. സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് രചിച്ച കേന്ദ്ര സംസ്ഥാന സർക്കാർ സഹായങ്ങൾ വിവരിക്കുന്ന 'കൈത്താങ്ങ്' എന്ന പുസ്തകത്തിന്റെ പ്രകാശന കർമവും നടന്നു. അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, അഭിവന്ദ്യ സൂസപാക്യം പിതാവ് എന്നിവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

# ലത്തീൻ കത്തോലിക്കർ അവകാശങ്ങൾക്കുവേണ്ടി മുന്നോട്ടിറങ്ങണം: ബിഷപ്പ് അന്തോണീസാമി പീറ്റർ അബിർ

പാലക്കാട്: കെഎൽസിഎ 52-മത് സംസ്ഥാന ജനറൽ കൗൺസിൽ സമ്മേളനം ജനുവരി 26 ന് പാലക്കാട് സെൻറ് സെബാസ്റ്റ്യൻ കത്തീഡ്രൽ അങ്കണത്തിൽ നടന്നു. കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നായി 200 ഓളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. കേരളത്തിലെ ലത്തീൻ സമുദായത്തെ സംബന്ധിക്കുന്ന സുപ്രധാന വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയായി. ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ സമയബന്ധിതമായി പാലിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു, വിഴിഞ്ഞം മുതലപ്പൊഴി കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, സാമ്പത്തിക സാമൂഹിക സർവ്വേ നടപ്പിലാക്കി വിവിധ ഉദ്യോഗങ്ങളിൽ ലത്തീൻ കത്തോലിക്ക സമൂഹത്തിന്റെ പ്രതിനിധ്യം വെളിപ്പെടുത്തണമെന്നും ഇത് സംബന്ധിച്ച മുന്നണികളുടെ നയം വ്യക്തമാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

# അതിരൂപതയിലെ സ്കൂളുകളിൽ ലഹരിവിരുദ്ധ ദീപശിഖ പ്രയാണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടന്നു






വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം സമൂഹത്തിൽ വിവിധ തരത്തിലുള്ള ദൂഷ്യഫലങ്ങളുണ്ടാക്കികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ സന്ദേശം ഭവനങ്ങളിലും അതുവഴി സമൂഹങ്ങളിലും എത്തിക്കാൻ അതിരൂപതയിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ദീപശിഖ പ്രയാണം നടന്നു. ലഹരിക്കെതിരെ നടത്തുന്ന ശക്തമായ ക്യാമ്പയിൻ വഴി വരും തലമുറയെ ലഹരിയുടെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കി ജീവിതമാണ് ലഹരിയെന്ന ലക്ഷ്യത്തിലേയ്ക്ക് നയിക്കുവാൻ പ്രാപ്തരാക്കും.

അതിരൂപതയിലെ സ്കൂളുകളിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നടത്തുന്ന ഇത്തരം മാതൃകാപരവും വ്യത്യസ്തങ്ങളുമായ പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതായി ആർ.സി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഡൈസൻ വൈ. പറഞ്ഞു. കേരളാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രസിഡണ്ട് ശ്രീ. ഇഗ്നേഷ്യസ് ലയോള, പ്രോഗ്രാം കൺവീനർ ശ്രീ മിഥുൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ എറിക് മാർസെൽ, ശ്രീ പ്രശാന്ത് പി. റ്റി, ശ്രീ ടെറൻസ് എന്നിവരുടെ നേതൃത്വത്തിൽ ജനുവരി 8-ാം തിയതിയാണ് പള്ളിത്തുറ എച്ച്.എസ്.എസിൽ ലഹരിവിരുദ്ധ ദീപശിഖ പ്രയാണത്തിന് തിരിതെളിഞ്ഞത്. തുടർന്ന് സെന്റ്. തോമസ് എൽ.പി.എസ് വേളി, സെന്റ്. ജോസഫ് എൽ.പി.എസ് കൊച്ചുവേളി , സെന്റ്. മേരീസ് എൽ.പി.എസ് വെട്ടുകാട്, സെന്റ്. മേരീസ് എച്ച്.എസ്.എസ് വെട്ടുകാട്, സെന്റ്. പീറ്റേഴ്സ് എൽ.പി.എസ് ശംഖുമുഖം, സെന്റ്. ആൻസ് എൽ.പി.എസ് പേട്ട, ഹോളി ക്രോസ് എൽ.പി.എസ് മുട്ടട എന്നീ സ്കൂളുകളിൽ ലഹരിവിരുദ്ധ ദീപശിഖ പ്രയാണം കടന്നുചെല്ലുകയും കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലും ആവേശഭരിതമായ സ്വീകരണവും പ്രതികരണവുമാണ് ലഭിച്ചത്.

# മിഷനറിമാരെ സംബന്ധിച്ച് മാർ റാഫേൽ തട്ടിലിന്റെ പ്രസ്താവന ചരിത്ര യാഥാർത്ഥ്യങ്ങളെ തമസ്ക്കരിക്കുന്നത്: കെ.ആർ.എൽ.സി.സി.

കൊച്ചി: സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ മിഷനറിമാരെ സംബന്ധിച്ച് തിരുവനന്തപുരത്ത് നടത്തിയ പ്രസ്താവന വസ്തുതാ വിരുദ്ധവും, ചരിത്ര യാഥാർത്ഥ്യങ്ങളെ തമസ്ക്കരിക്കുന്നതും, മിഷണറിമാരുടെ സംഭാവനകളെ നിരാകരിക്കുന്നതുമാണ്. ഇന്നത്തെ സീറോ മലബാർ സഭയ്ക്ക് കത്തോലിക്ക വിശ്വാസത്തിലധിഷ്ഠിതമായ ശക്തമായ അടിത്തറ പകർന്നു നല്കിയതും ആഗോള കത്തോലിക്കാ സഭയുടെ ഒത്തൊരുമയിൽ ചേർന്നു നിൽക്കാനുള്ള അവസരം സംലഭ്യമാക്കിയതും മിഷണറിമാരായിരുന്നുവെന്ന ചരിത്ര സത്യം ആരും തന്നെ വിസ്മരിക്കരുതെന്നും കെ.ആർ.എൽ.സി.സി. വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് പറഞ്ഞു.

പതിറ്റാണ്ടുകളായി അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുകിടന്നിരുന്ന സമൂഹത്തിന് ക്രൈസ്തവ മൂല്യങ്ങളും കൂദാശകളുടെ പൂർണ്ണതയും, ദൈവശാസ്ത്രത്തിന്റെയും ആധ്യാത്മികതയുടെയും അജപാലനപ്രേഷിതത്വ സംവിധാനങ്ങളുടെയും കെട്ടുറപ്പും നൽകി പരിപോഷിപ്പിച്ചത് മിഷനറിമാരാണെന്നും, സീറോ മലബാർ സഭ ഇന്നു കൈവരിച്ചിട്ടുള്ള വളർച്ചയ്ക്ക് മിഷണറിമാരോട് ഏറെ കടപ്പെട്ടിരിക്കുകയാണ് വേണ്ടതെന്നും പത്രക്കുറിപ്പിൽ പറയുന്നു. കത്തോലിക്കാ സഭയിലെ അത്യുന്നത പദവിയിലുള്ള മാർ റാഫേൽ തട്ടിലിൽ നിന്നും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും ഐക്യത്തിന്റെയും വാക്കുകളാണ് പൊതു സമൂഹം പ്രതീക്ഷിക്കുന്നതെന്നും എല്ലാവരെയും ചേർത്തു നിറുത്തേണ്ട മാർ തട്ടിലിൽ നിന്നുണ്ടാകുന്ന ഇത്തരം പ്രസ്താവനകൾ തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതും കേരള കത്തോലിക്ക സഭയിൽ നിലനില്ക്കുന്ന പാരസ്പര്യത്തെ ദുർബലപ്പെടുത്തുന്നതാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടത് ആവശ്യമാണെന്നും പത്രക്കുറിപ്പ് പറയുന്നു.

# ഈസ്റ്റർ ദിനത്തിലെ ഭീകരാക്രമണം: മരണമടഞ്ഞവരെ രക്തസാക്ഷികളായി പ്രഖ്യാപിക്കാനുള്ള നടപടികൾ ശ്രീലങ്കയിൽ ആരംഭിച്ചു

കൊളംബോ: 2019ലെ ഈസ്റ്റർ ദിനത്തിൽ നടന്ന ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട 273 പേരെയും രക്തസാക്ഷികളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളിലേക്ക് ശ്രീലങ്കൻ കത്തോലിക്കാ സഭ. ഭീകരാക്രമണത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് നടപടികൾ ആരംഭിക്കുന്നതെന്നു കൊളംബോ ആർച്ച് ബിഷപ് കർദിനാൾ മാൽക്കം രഞ്ജിത്ത് അറിയിച്ചു.



സ്ഫോടനത്തിന്റെ ഇരകൾ വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുകയായിരുന്നുവെന്നും കർദിനാൾ രഞ്ജിത്ത് ചൂണ്ടിക്കാട്ടി. 2019 ഏപ്രിൽ 21 ഈസ്റ്റർദിനത്തിൽ ശ്രീലങ്കയിലെ മൂന്നു ഹോട്ടലുകളിലും തിരുക്കർമങ്ങൾ നടക്കുകയായിരുന്ന മൂന്നു ദൈവാലയങ്ങളിലുമാണ് സ്ഫോടനങ്ങളുണ്ടായത്. ഇസ്ലാമിക് സ്റ്റേറ്റുമായി ബന്ധമുള്ള നാഷണൽ തൗഹീദ് ജമാത്ത് എന്ന ഭീകരസംഘടനയാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്. ഇന്ത്യ മുന്നറിയിപ്പു നല്കിയിട്ടും ഭീകരാക്രമണം തടയാൻ അന്നത്തെ പ്രസിഡൻറ് മൈത്രിപാല സിരിസേനയുടെ സർക്കാർ നടപടികൾ സ്വീകരിച്ചില്ലെന്നും ആരോപണം ഉണ്ട്.

# വാർഷികം ആഘോഷിച്ചു



ഔവർ ലേഡി ഓഫ് ഗുഡ് ഡെത്ത് വലിയ തോപ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആറാം വാർഷികവും സെന്റ് ആൻസ് വലിയതോപ്പ് യുവജന വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഒന്നാം വാർഷികവും സംയുക്തമായി ആഘോഷിച്ചു. ഫാ. സൈറസ് കളത്തിലിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ടാണ് വാർഷിക പരിപാടികൾക്ക് തുടക്കംകുറിച്ചത്. സൊസൈറ്റി പ്രസിഡന്റ് ബ്രദ. സെബാസ്റ്റ്യന്റെ അധ്യക്ഷതയിലും ഇടവകവികാരി ഫാ. ഹയസിന്ദ് എം.നായകത്തിന്റെയും സിസ്റ്റർ സലോമി ഐസിഎമ്മിന്റെയും സന്നിധ്യത്തിലാണ് വാർഷിക യോഗം ആരംഭിച്ചത്. യോഗത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും ഫിനാൻസ് റിപ്പോർട്ടുകളും അവതരിപ്പിച്ച് പാസാക്കി.

സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന അഗതി മന്ദിര നിർമാണത്തിനായി ഔവർ ലേഡി ഓഫ് ഗുഡ് ഡെത്ത് വലിയ തോപ്പ് കോൺഫറൻസ് സമാഹരിച്ച രണ്ടാംഗഡു തുകയായ രണ്ടുലക്ഷം രൂപയുടെ ചെക്ക് ഗുഡ് ഡെത്ത് കോൺഫറൻസ് സീനിയർ അംഗം ബ്രദ. ജോൺ ക്രൂസിൽ നിന്നും സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദ. ഫ്രാൻസിസ് ഏറ്റുവാങ്ങി. യോഗത്തിൽ പുതിയ ഭാരവാഹികളെയും തെരഞ്ഞെടുത്തു. ബ്രദർമാരായ ജെറാൾഡ് ജോൺ ക്രൂസ് പ്രസിഡന്റായും സാംസൺ റൊസാരിയോ വൈസ് പ്രസിഡന്റായും സാബു ആന്റണി സെക്രട്ടറിയായും ബോബൻ കുമാർ ഖജാൻജിയായും തെരഞ്ഞെടുക്കപ്പെട്ടു.

# പ്രവാസി സംഗമത്തിൽ പ്രവാസി സംരഭകരെ ആദരിച്ച് സാമൂഹ്യ ശുശ്രൂഷ




വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യ ശുശ്രൂഷയുടെ കീഴിൽ പ്രവർത്തിക്കുന്ന 'ഗർഷോം' പ്രവാസി ഫോറത്തിന്റെ നേതൃത്വത്തിൽ പ്രവാസി ദിനാചരണവും പ്രവാസി സംരംഭകരെ ആദരിക്കലും ജനുവരി 28 ഞായറാഴ്ച നടന്നു. സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസിന്റെ അധ്യക്ഷതയിൽ കെ.ആർ.എൽ.സി.സി തിരുവനന്തപുരം സോണൽ കോർഡിനേറ്റർ റവ.ഫാ. ആന്റണി ലാസർ OFM Cap. ഉദ്ഘാടനം നിർവഹിച്ചു.

പ്രവാസി കമ്മീഷന്റെ 2018 മുതൽ 2023 വരെയുള്ള പ്രവർത്തനം റിപ്പോർട്ട് രൂപത പ്രവാസികാര്യ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. സ്റ്റാലിൻ ഫെർണാഡസ് അവതരിപ്പിച്ചു. നോർക്ക ക്ഷേമനിധിയെക്കുറിച്ച് ശ്രീ. കെ. എൽ അജിത് അവബോധം നൽകുകയും ചോദ്യോത്തര വേളയിൽ മറുപടി നൽകുകയും ചെയ്തു. ചടങ്ങിൽ പ്രവാസി സംരംഭകരെ അതിരൂപത സഹായമെത്രാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ ആദരിച്ചു. ലിയോപോൾ റിച്ചാർഡ് (വെട്ടുകാട്), ടോണി ഔസേപ്പ് (കൊച്ചുവേളി), ബെൻസൺ ബെനഡിക്ട് (കൊച്ചുവേളി), മാത്യു പെരേര (മുരുക്കുംപുഴ), എബ്രഹാം കെ ജോൺസൺ (വലിയവേളി), വിനോദ് ഡെന്നിസ് (പുത്തൻതോപ്പ്), ജോർജ് ആന്റണി (ആനയറ), ആന്റോ ബോണിഫസ് (വെട്ടുകാട്) എന്നിവരാണ് അതിരൂപത സമൂഹ്യ ശുശ്രൂഷയുടെ ആദരവ് ഏറ്റുവാങ്ങിയത്.

പ്രവാസി കമ്മീഷൻ കോർഡിനേറ്റർ സിസ്റ്റർ. സുജ തോമസ്, ബജറ്റ് കമ്മീഷൻ കോർഡിനേറ്റർ ശ്രീമതി. ലീജ സ്റ്റീഫൻ, തൊഴിൽകാര്യ കമ്മീഷനിലെ ശ്രീ. കെവിൻ സ്റ്റെല്ലസ്, പ്രവാസി കമ്മീഷൻ വൈസ് പ്രസിഡന്റ് ശ്രീ. ലാലി മൊറായിസ്, പ്രവാസി കമ്മീഷൻ സെക്രട്ടറി ശ്രീ. ഇഗ്നേഷ്യസ്സ് ലയോള, ട്രഷറർ ശ്രീ. എന്നിവർ യോഗത്തിൽ ആശംസകൾ അറിയിച്ചു. 9 ഫൊറോനകളിൽ നിന്നായി 158 പ്രവാസി കമ്മീഷൻ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു

## വിശുദ്ധ മദർ തെരേസയുടെ പ്രേക്ഷിത പ്രവർത്തനത്തിന്റെ എഴുപത്തി അഞ്ചാം വാർഷികസ്മരണ



തിരുവനന്തപുരം അതിരൂപതയിലെ കൊച്ചുതുറ, പാളയം കുന്നുകുഴി ഇടവകകളിൽ സേവനം ചെയ്യുന്ന മിഷണറിസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സ് തങ്ങളുടെ സന്യാസ സഭാസ്ഥാപകയായ വിശുദ്ധ മദർ തെരേസയുടെ പ്രേക്ഷിത പ്രവർത്തനങ്ങളുടെ (out reach programme) 75 ആം വാർഷിക സ്മരണയ്ക്കായി കഴക്കൂട്ടം ഫെറോനയിലെ കൊയ്ത്തൂർക്കോണം, പോത്തൻകോട്, കോലിയക്കോട് ഇടവകകളിലെ 175 കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങളുടെ കിറ്റും, അൻപത് കുട്ടികൾക്ക് ലഘു ഭക്ഷണവും വിതരണം ചെയ്തു. ഈ മിഷൻ പ്രദേശങ്ങളുടെ അവസ്ഥ തിരിച്ചറിഞ്ഞ് സഹായിച്ച ബഹുമാനപ്പെട്ട മദർ തെരേസ സിസ്റ്റേഴ്സിന് ഇടവക വികാരി ഫാ. ജോസഫ് ബാസ്റ്റിൻ നന്ദി രേഖപ്പെടുത്തി.

## തീരപ്രദേശത്തിനൊരു സ്വന്തം പത്രവുമായി യേശുദാസ് വില്യം



തിരുവനന്തപുരത്തെ തീരദേശം പശ്ചാത്തലമാക്കി പത്ര പ്രവർത്തനം നടത്തുകയാണ് തിരുവനന്തപുരം പേട്ട സ്വദേശിയായ യേശുദാസ് വില്യം. വർഷങ്ങളായി കേരളാ കൗമുദിയിലും സിനിമാ വാരികകളിലും തിളങ്ങിയ ശേഷമാണ് തീരപ്രദേശത്തിനൊരു സ്വന്തം പത്രം എന്ന ലക്ഷ്യവുമായി മുന്നിട്ടിറങ്ങിയത്. കഴിഞ്ഞ മാസങ്ങളിൽ പത്രത്തിന് കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചു.തന്റെ സിനിമാ മേഖലയിലെ സുഹ!ൃത്തുക്കളുടെയും തീരത്തിന്റെ നന്മ ആഗ്രഹിക്കുന്നവരുടെയും സഹകരണം കൊണ്ട് മാത്രമാണ് ഇതുവരെയെങ്കിലും എത്താൻ സാധിച്ചതെന്നും, പ്രത്യേക രാഷ്ട്രീയ ചായവുകളോ, അജണ്ടകളോ ഇല്ലാതെ സാമൂഹിക നന്മ മാത്രം ലക്ഷ്യം വച്ചാണ് പ്രവർത്തിക്കുന്നതെന്ന് യേശുദാസ് വില്യം പറയുന്നു. ഈ കൊറോണ ക്കാലത്ത് മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ചോദ്യമുയർത്തി ശ്രദ്ധേയനായിരുന്നു ഇദ്ദേഹം.

## കാക്കാമൂല ഇടവകയിൽ യുവജന സംഗമവും സിൽവർ ജൂബിലി ആഘോഷവും നടന്നു

കോവളം: കാക്കാമൂല സ്വർഗ്ഗാരോഹണ ദൈവാലയത്തിൽ യുവജന സംഗമവും ഇടവകയിൽ കെ.സി.വൈ.എം സ്ഥാപിതമായതിന്റെ സിൽവർ ജൂബിലി ആഘോഷവും നടന്നു. ജവനുവരി 28 ഞായറാഴ്ച ഇടവക വികാരി ഫാ. നെപ്പോളിയൻ ഗോമസിന്റെ അദ്ധ്യക്ഷതിയിൽ നടന്ന സമ്മേളനം അതിരൂപത യുവജനശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു.



*സൗപർണികാ തീരം ചാരിറ്റബിൾ സംഘടനയുടെ മാനവ മൈത്രീ കൂട്ടായ്മ. വലിയതുറ ഫെറോന വികാരി റവ. ഡോ. ഹയസിന്ദ് നായകം ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് സൗപർണിക ബനഡിക്ട്, ജനറൽ സെക്രട്ടറി ജോയി ജോസഫ്, വെട്ടുകാട് ഇടവക സഹവികാരി ഫാ. സോജൻ ജോൺബ്രിട്ടോ, ദിവ്യശാന്തി ആശ്രമം മേധാവി സിസ്റ്റർ കീർത്തന, വൈസ് പ്രസിഡന്റ് ജെറാൾഡ് ജോർജ്, ട്രഷറർ വിൻസെന്റ് എബ്രഹാം, പ്രോ കൺവീനർ തിയഡോർ ബാബു സമീപം*



*കെആർഎൽസിബിസി മുപ്പതാം ജനറൽ അസംബ്ലി അംഗീകരിച്ച വിദ്യാർത്ഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഞ്ചുതെങ്ങ് ഫെറോനയിലെ വെന്നിക്കോട് ഇടവകയിൽ സ്റ്റുഡൻസ് ഫോറം രൂപീകരിച്ചു.*



*നവീകരിച്ച അതിരൂപത ന്യൂസ് പോർട്ടലിന്റെ (www.archtvmnews.com ) പ്രകാശനവും സ്വർഗീയം കരോൾഗാന മത്സരത്തിന്റെ സമ്മാനദാനവും നടന്നു. ദൈവം പറക്കുകയായ് എന്ന ക്രിസ്തുമസ് ഗാനത്തിന്റെ പിന്നണിപ്രവർത്തകരെ ചടങ്ങിൽ അനുമോദിച്ചു*



കെ.എൽ.സി.എ പൂന്തുറ യൂണിറ്റ് ഭാരവാഹികൾ റവന്യൂ മന്ത്രി ശ്രീ കെ. രാജനെ നേരിൽ കണ്ട് നിവേദനം നൽകിയപ്പോൾ

## മത്സ്യത്തൊഴിലാളികൾക്ക് പട്ടയം അനുവദിച്ചു നൽകാൻ നിവേദനം നൽകി കെ.എൽ.സി.എ പൂന്തുറ യൂണിറ്റ്

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികൾക്ക് പട്ടയം അനുവദിച്ചു നൽകാൻ കെ.എൽ.സി.എ പൂന്തുറ യൂണിറ്റ് ഭാരവാഹികൾ റവന്യൂ മന്ത്രി ശ്രീ കെ. രാജനെ നേരിൽ കണ്ട് നിവേദനം നൽകി. സർവ്വേ പൂർത്തീകരിച്ച് ഇതുവരെയും പട്ടയം ലഭിക്കാതിരിക്കുന്ന പൂന്തുറയിലെ 117 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനു വേണ്ടിയും 20 വർഷത്തിലധികമായി വീട് വച്ച് താമസിച്ചിട്ടും അതിഭീമമായ ഫെയർ വാല്യൂ കാരണം, വസ്തു പ്രമാണം ചെയ്യാൻ കഴിയാതിരിക്കുന്ന 23 മത്സ്യ തൊഴിലാളി കുടുംബങ്ങളുടെയും വിഷയത്തിൽ പരിഹാരം കാണണമെന്നാവശ്യപ്പെട്ടാണ് നിവേദനം നൽകിയത്.

പൂന്തുറ ഇടവക വികാരി റവ: ഫാദർ ഡാർവിൻ പീറ്ററിന്റെ നേതൃത്വത്തിലാണ് കെ.എൽ.സി.എ പൂന്തുറ യൂണിറ്റ് ഭാരവാഹികൾ റവന്യൂ മന്ത്രിയെ കണ്ട് നാടിന്റെ ആവശ്യം ഉന്നയിച്ചത്. പ്രശ്നത്തിന് അടിയന്തര ഇടപെടൽ നടത്തി പരിഹാരം ഉണ്ടാക്കാമെന്ന് മന്ത്രി ഉറപ്പ് നൽകിയതായി ബന്ധപ്പെട്ടവർ അറിയിച്ചു. AITUC മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ശ്രീ ഹഡ്സൺ ഫെർണാണ്ടസ്, പൂന്തുറ ഇടവക സെക്രട്ടറി ശ്രീ ജയ്സൺ എൽഡഫോൺസ് കെഎൽസിഎ പ്രസിഡണ്ട് തദയൂസ് പൊന്നയ്യൻ, ശ്രീമതി ഷാർലറ്റ്, ശ്രീമതി സിജി, ശ്രീമതി ഫബിയോള എന്നിവരടങ്ങുന്ന സംഘമാണ് മന്ത്രിയെ സന്ദർശിച്ചത്.


സ്നേഹസ്മരണയിൽ
9 വർഷം



പ്രദീപ് സക്കറിയാസ്
പുതിയതുറ
ജനനം : 18.07.1987 | മരണം : 25.02.2015
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# സുവിശേഷ പ്രഘോഷണം: ക്രിസ്തുവിലേക്കുള്ള ചൂണ്ടുപലക

**ആണ്ടുവട്ടം 5-ാം ഞായർ (ഫെബ്രു. 4)** ജോബ് 7:1-4, 6-7. 1, കോറി 9:16-19,22-23, മാർക്കോ 1:29-39

**ഫാ. ഷൈനിഷ് ബോസ്കോ**

ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും നിസാരതയെക്കുറിച്ചും മനുഷ്യൻ മറന്നുപോകുന്ന കാലഘട്ടത്തിൽ ജോസഫിന്റെ സന്ദേശം ഒരു ഓർമപ്പെടുത്തലാണ്. ജീവിതത്തിന്റെ വിളിയും നിയോഗവും തിരിച്ചറിയാത്ത മനുഷ്യർക്ക് ജീവിതം ശൂന്യവും ഭാരവുമായി അനുഭവപ്പെടുന്നു. ഫലമോ ഉറക്കമില്ലാത്ത രാത്രിയും ഒന്നും നേടാത്ത അധ്വാനവും. അതുകൊണ്ട് ക്രിസ്തു നമ്മെ ഓർമപ്പെടുത്തി, ഭൂമിയിൽ നിക്ഷേപം. കരുതിവയ്ക്കരുത്. സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. ആരും നശിപ്പിക്കാത്ത, മോഷ്ടിക്കാത്ത സ്വർഗത്തിലായിരിക്കട്ടെ നമ്മുടെ മനസ്സും ഹൃദയവും. (Mtt.6:19-21). സെമിത്തേരിയിൽ വച്ച് ജീവിതത്തിന്റെ നശ്വരതയെ ധ്യാനിച്ച ഫ്രാൻസിസ് അസീസി സ്വയം പറയുന്നുണ്ട്; ഇത്രയേയുള്ളൂ ഫ്രാൻസിസ് ജീവിതം ഇത്രയേയുള്ളൂ. ജോബ് പ്രാർത്ഥിക്കുന്നുണ്ട്. എന്റെ ജീവിതം ഒരു ശ്വാസമാണെന്ന് അനുസ്മരിക്കണമേ! അങ്ങനെ ജീവിതത്തിന്റെ പൊരുൾ മനസ്സിലാക്കിയ ഒരാൾക്ക് മാത്രമേ മറ്റുള്ളവരോടും പ്രകൃതിയോടും അയാളോടുതന്നെയും കരുണയോടും അറിവോടും സ്നേഹത്തോടും ആദരവോടും കൂടെ ഇടപെടാൻ സാധിക്കും. വെറും 33 കൊല്ലം ഈ ഭൂമിയിൽ ജീവിച്ച ക്രിസ്തുവിനെക്കുറിച്ച് സുവിശേഷം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണല്ലോ - "അവൻ നന്മ ചെയ്യുന്നവനായി കടന്നുപോയി" യോഹന്നാന്റെ വാക്കുകൾ ഉത്ബോധിപ്പിക്കുന്നത് ഇതുതന്നെയാണ് - അവനിൽ വസിക്കുന്നെന്നു പറയുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു (വി. 2:6) ഈ ചെറുജീവിതംകൊണ്ട് അവനെപ്പോലെ ജീവിക്കുവാൻ ആലംബരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും നീതി നിഷേധിക്കപ്പെട്ടവരോടും ഒപ്പം ചേർന്ന് അവർക്ക് നന്മ ചെയ്യാൻ നമുക്കും സാധിക്കണം.

> ഈ ലോകത്ത് നമുക്ക് മാത്രം ചെയ്യാൻ കഴിയുന്ന നമ്മളിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ദൈവ നിയോഗം തിരിച്ചറിഞ്ഞ് ആരെയും അവഗണിക്കാതെ അവരെ ക്രിസ്തുവിലേക്ക് എത്തിക്കുന്ന സുവിശേഷ വാഹകരാകണം. ഇത് ചെയ്തില്ലെങ്കിൽ നമ്മൾ ഓരോർത്തരും സ്വയം പറയാണം 'എനിക്ക് ദുരിതം', ആമേൻ.

ആവിലായിലെ അമ്മ ത്രേസിയ മനോഹരമായി പറഞ്ഞുവയ്ക്കുന്നു. "ക്രിസ്തുവിന് ഇപ്പോൾ ശരീരം ഇല്ല. എന്നാൽ നിന്റേത് ഉണ്ട്. നിന്റെ കണ്ണുകളാണ് അവന്റെ കണ്ണുകൾ. അതിലൂടെ ക്രിസ്തു ലോകത്തെ അനുകമ്പയോടെ നോക്കുന്നു. നിന്റെ കാലുകളാണ് അവന്റെ കാലുകൾ. അതുവഴി ക്രിസ്തു നന്മ ചെയ്യാൻ നടന്നടുക്കുന്നു. നിന്റെ കരങ്ങളാണ് അവന്റേത്. അതുവഴി ക്രിസ്തു ലോകത്തെ അനുഗ്രഹിക്കുന്നു." അതെ പ്രിയരേ നമ്മൾ ഓരോരുത്തരുമാണ് ക്രിസ്തുവിന്റെ സുവിശേഷ വാഹകർ. അപരന്റെ നന്മയ്ക്കുവേണ്ടി ആത്മാർത്ഥമായി നീ ഉയർത്തുന്ന ശബ്ദം ക്രിസ്തുവിനുവേണ്ടിയുള്ള നിന്റെ സുവിശേഷ പ്രഘോഷണമാണ്. ഇതാണ് ധീരയായ മലാല യൂസഫ്സായ് ചെയ്തതും.

2013 ജൂലൈ 12 ന് ന്യൂയോർക്കിൽ കൂടിയ ഐക്യരാഷ്ട്ര സംഘടനയുടെ യുവജന സമ്മേളനത്തിൽ ഈ ലോകത്തോട് മലാല എന്ന പെൺകുട്ടി വിളിച്ചുപറഞ്ഞത് ഇപ്രകാരമാണ്. 'It's a time to speak out, ഇത് സംസാരിക്കുവാനുള്ള സമയമാണ്.

ഞാൻ സംസാരിക്കുന്നത് എന്റെ ശബ്ദം കേൾക്കപ്പെടുവാനല്ല. ശബ്ദമുയർത്താൻ കഴിയാത്ത ആയിരങ്ങൾക്കുവേണ്ടിയാണ്. നിസഹായരായ സ്ത്രീകളുടെയും കുട്ടികളുടെയും അവകാശത്തിനും വിദ്യാഭ്യാസത്തിനുമായി ശബ്ദമുയർത്തിയ മലാലയുടെ ധീരപോരാട്ടം ശബ്ദമുയർത്താൻ കഴിയാത്ത ജീവിതങ്ങളിൽ വെളിച്ചം വിതറുകയായിരുന്നു. ഭയത്തിന്റെയും അടിച്ചമർത്തലിന്റെയും നിഴലിൽ കഴിഞ്ഞ അവരുടെ ജീവിത പ്രതിസന്ധികളെ അവൾ ലോകത്തെ അറിയിച്ചു എന്നതാണ്. She spoke for them ഇത് മനോഹരമായ സുവിശേഷപ്രഘോഷണമല്ലെ !

ക്രിസ്തു തന്റെ ദൗത്യത്തെക്കുറിച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകമെടുത്ത് വായിച്ചപ്പോൾ അവിടുന്ന് ഈ ലോകത്തോട് പറയാൻ ശ്രമിച്ചതും ഇതു തന്നെയല്ലെ. 'കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രർ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. സമൂഹം ഒഴിവാക്കിയ പാപികളെന്ന് മുദ്രകുത്തിയ നിസാരവൽക്കരിക്കപ്പെട്ട ശബ്ദം ഉയർത്താൻ കഴിയാത്തവരുടെ ഇടയിൽ സദ്വാർത്തയുമായി എത്തുക, ദൈവ പിതാവിന്റെ അടുത്തേക്ക് അവരെ എത്തിക്കുക എന്നതായിരുന്നു ക്രിസ്തുവിന്റെയും സുവിശേഷ ദൗത്യം.

സുവിശേഷത്തിൽ ശിഷ്യന്മാർ ചെയ്യുന്നതും ക്രിസ്തുവിന്റെ പ്രവർത്തി തന്നെയാണ്. പനിപിടിച്ചുകിടക്കുന്ന ശിമയോന്റെ അമ്മായി അമ്മയുടെ കാര്യം അവർ അവനെ അറിയിക്കുന്നു. ഇതുമാത്രമല്ല, സുവിശേഷം രേഖപ്പെടുത്തുന്ന ഒട്ടുമിക്ക അത്ഭുതങ്ങളുടെ പുറകിൽ ക്രിസ്തുവിന്റെ അടുത്തേക്കു ജനങ്ങളുടെ വിശപ്പിനേയും, രോഗാവസ്ഥയേയും കരച്ചിലിന്റെ കാരണങ്ങളെയുമെല്ലാം. എത്തിക്കുന്ന ശിഷ്യന്മാരുടെ പ്രവർത്തി നമ്മുടെയും ജീവിതത്തിൽ മാതൃകയാക്കണം. എന്റെ ജീവിതം എനിക്കുവേണ്ടി മാത്രമുള്ളതല്ല, എന്ന തിരിച്ചറിവും എന്റെ ആത്മീയ അനുഗ്രഹങ്ങളും അനുഭവങ്ങളും മറ്റുള്ളവരെക്കൂടി ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് എത്തിക്കുക എന്നതായിരിക്കണം നമ്മുടെയും സുവിശേഷ പ്രഘോഷണം. ഒരു ക്രിസ്ത്യാനി എന്ന നിലയ്ക്ക് ഈ സുവിശേഷദൗത്യം സ്വീകരിച്ചവരാണ് നമ്മൾ ഓരോരുത്തരും. ഭൂമിയുടെ അതിരുകളിലേക്ക് തന്റെ ശിഷ്യഗണത്തെ അയയ്ക്കുമ്പോൾ ക്രിസ്തു എവർക്ക് നൽകുന്ന നിർദ്ദേശം ഇതാണ്. നിങ്ങൾ ലോകമെങ്ങും പോയി സർവ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ. ഈ സുവിശേഷം അറിയിക്കാതെ സ്വാർത്ഥരായി ജീവിക്കുന്ന നമ്മുടെ ഹൃദയങ്ങളെ പൗലോസ് അപ്പോസ്തലന്റെ വാക്കുകൾ ഭാരപ്പെടുത്തണം. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം. അത് എന്റെ കടമയാണ്.

ഈ കടമ നിർവഹണം സുവിശേഷത്തിൽ ശിഷ്യന്മാർ നമ്മെ പഠിപ്പിക്കുന്നത് ആവശ്യമുള്ളവരുടെ കാര്യം ആരോടെങ്കിലും പറയുന്നതിനേക്കാൾ പറയേണ്ടവനോടുതന്നെ പറയുന്നതും എത്തിക്കേണ്ടവനിൽ തന്നെ ഇവരെ എത്തിക്കുന്നതുമാണ്. പൗലോസ് ആകട്ടെ ഈ സുവിശേഷത്തിന്റെ ഭാഗഭാക്കാകുന്നതിനായി സുവിശേഷത്തിനുവേണ്ടി സ്വയം പരിവർത്തനത്തിലൂടെ കടന്നുപോകുന്നുണ്ട്. എല്ലാവർക്കും ദാസനായിത്തീർന്നുകൊണ്ട്, അവർക്ക് ബലഹീനനായി, എല്ലാവർക്കും എല്ലാമായി സ്വന്തം ജീവിതത്തെതന്നെ ഒരു സുവിശേഷമായി മാറ്റുന്നുണ്ട്. ഈ പരിവർത്തനത്തിലേക്ക് പൗലോസ് തന്നെ തന്നെ വിട്ടുകൊടുക്കുന്നത് ഒരു കാര്യത്തിനുവേണ്ടി മാത്രമാണ് – സുവിശേഷത്തിനുവേണ്ടി മാത്രം. അതുകൊണ്ടുതന്നെ ഈ സുവിശേഷം എന്നിലേക്കല്ല എന്നിൽ ഇത് ഏൽപ്പിച്ച ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്നതായിരിക്കണം എന്ന് നമ്മുടെയും സുവിശേഷ പ്രഘോഷണത്തിന്റെ ലക്ഷ്യം വ്യക്തമാക്കുകയാണ് പൗലോസ് അപ്പസ്തോലൻ.

ഒരു വയോധിക മനസ്സുമുഴുവനും ഭാരവുമായി ഒരുപാട് വേദനയിലും കഷ്ടതയിലും കടന്നുപോകുന്ന അവസരത്തിൽ തന്റെ കാര്യങ്ങളും വിഷമങ്ങളും വൈദികനോട് ഒന്ന് അറിയിക്കണം എന്ന് ആഗ്രഹിച്ച് കാര്യങ്ങളൊക്കെ വിശദമായിതന്നെ പറഞ്ഞതിനുശേഷം വൈദികന്റെ കണ്ണുകളിലേക്ക് നോക്കിയിരുന്നു. വൈദികൻ താൻ പഠിച്ചുവായിച്ച അറിവിന്റെ ശേഖരത്തിൽ നിന്നും ഉപദേശമായി നൽകുവാൻ. പ്രകാശിക്കുന്ന മുഖവുമായി നിൽക്കുന്നതുകണ്ട് ആ വയോധിക പറഞ്ഞു. അച്ചാ എനിക്ക് അച്ചനിൽ നിന്ന് വലിയ ഉപദേശം ഒന്നും വേണ്ട. എനിക്കുവേണ്ടി ഒന്നു പ്രാർത്ഥിച്ചാൽ മാത്രം മതി. എന്റെ കഷ്ടപ്പാടുകളും വേദനകളും എത്തിക്കേണ്ടവനിൽ എത്തിച്ചാൽ മാത്രം മതി എന്നുപറഞ്ഞ് ആ വയോധിക കടന്നുപോയി. എത്ര വിഡ്ഢിയാണ് മനുഷ്യർ നമ്മൾ എന്ന് വൈദികൻ ചിന്തിച്ചുപോയി. എത്തിക്കേണ്ടവരിൽ എത്തിച്ചാൽ മതി എന്ന ലളിതമായ അപേക്ഷ നമ്മൾ അറിവിന്റെയും അനുഭവത്തിന്റെയും ശേഖരത്തിൽ നിന്ന് ദൈവത്തെയല്ല കൊടുക്കുവാൻ ശ്രമിക്കുന്നത്. എത്ര മണ്ടത്തരമാണ്. നമ്മുടെ സുവിശേഷ പ്രഘോഷണം എന്നത് നമ്മളിൽ നിന്നല്ല അവരെ ദൈവത്തിൽ നിന്ന് സ്വീകരിക്കുവാൻ പഠിപ്പിക്കുക എന്നതാണ്. അതായിരിക്കും നമ്മൾ ക്രിസ്തുവിലേക്ക് വിരൽചൂണ്ടുന്ന സുവിശേഷപ്രഘോഷണം.

ഈ ലോകത്ത് നമുക്ക് മാത്രം ചെയ്യാൻ കഴിയുന്ന നമ്മളിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ദൈവനിയോഗം തിരിച്ചറിഞ്ഞ് ആരെയും അവഗണിക്കാതെ അവരെ ക്രിസ്തുവിലേക്ക് എത്തിക്കുന്ന സുവിശേഷ വാഹകരാകണം. ഇത് ചെയ്തില്ലെങ്കിൽ നമ്മൾ ഓരോർത്തരും സ്വയം പറയാണം 'എനിക്ക് ദുരിതം', ആമേൻ. ■

# ദൈവത്തിന്റെ മനസ്സ്

ആണ്ടുവട്ടം 6–ാം ഞായർ (**ഫെബ്രു. 11**) ലേവ്യ. 13:1–2, 44–46, 1 കോറി. 10:31–11:1, മാർക്കോ. 1:40–45

**ഫാ. ഡൈസൺ**

മിശിഹാ വരുമ്പോൾ പൈശാചിക ശക്തികളിൽ നിന്നും വിടുതലും രോഗത്തിൽ നിന്നുമുള്ള മുക്തിയും ദൈവരാജ്യത്തിന്റെ സ്ഥാപനവും ഉണ്ടാകുമെന്ന് യഹൂദ ജനത വിശ്വസിച്ചിരുന്നു. കുഷ്ഠരോഗിക്ക് സൗഖ്യം നല്കുന്നതിലൂടെ രോഗത്തിന്റെ ഭര

ണം അവസാനിക്കാറായെന്നും ദൈവരാജ്യത്തിന്റെ സംസ്ഥാപനം ക്രിസ്തു ആരംഭിക്കുകയാണെന്നും മനസ്സിലാക്കാം. കുഷ്ഠരോഗത്തെ സാംക്രമിക രോഗമായി യഹൂദജനത കണ്ടതുകൊണ്ട് കുഷ്ഠരോഗികളെ സമൂഹത്തിൽ നിന്ന് അകറ്റി നിറുത്തിയിരുന്നു. മാത്രമല്ല കുഷ്ഠരോഗം അശുദ്ധി വരുത്തുന്നതുകൊണ്ട് അവരെ ആരാധനാ ജീവിതത്തിൽ നിന്നും മാറ്റി നിറുത്തിയിരുന്നു. യേശുവിന്റെ കാലത്ത് കുഷ്ഠരോഗികൾക്കായുള്ള അഭയഗ്രാമങ്ങൾ മനുഷ്യ സഞ്ചാരം അധികമില്ലാത്ത മലയുടെ താഴ്വാരങ്ങളിലും, വിജന പ്രദേശങ്ങളിലുമാണ് സ്ഥിതി ചെയ്തിരുന്നത്. മുഖ്യധാര സമൂഹത്തിൽ നിന്നും അകന്ന് അഭയഗ്രാമങ്ങളിൽ താമസിച്ചിരുന്ന കുഷ്ഠരോഗികൾക്ക് കരുണയുള്ള മനുഷ്യർ ദൂരെ നിന്ന് അപ്പം കൂടകളിലാക്കി എറിഞ്ഞു കൊടുക്കാറുണ്ട്. അപ്പം കിട്ടാതെ വിശക്കുമ്പോഴും ഉറ്റവരെ കാണണമെന്നു തോന്നുമ്പോഴും അഭയഗ്രാമം വിട്ട് അവർ സമൂഹമധ്യത്തിൽ വരാൻ ശ്രമിക്കുമ്പോൾ ജനങ്ങൾ കല്ലെറിഞ്ഞ് അവരെ ഉപദ്രവിച്ചിരുന്നു. കുഷ്ഠരോഗം പൊതുജനം ഏറ്റവും കൂടുതൽ ഭയപ്പെട്ട രോഗമാണ്. കുഷ്ഠരോഗം ദൈവത്തിന്റെ ശിക്ഷയായിട്ടാണ് യഹൂദർ കരുതിയത്. മരുഭൂമിയിൽ മോശയ്ക്കെതിരെ ശബ്ദിച്ച സഹോദരിയായ മിരിയാമിനെ ദൈവം കുഷ്ഠരോഗം അയച്ചു ശിക്ഷിക്കുന്നതായി പുറപ്പാടിന്റെ പുസ്തകത്തിൽ കാണാം. ഈ രോഗം വന്നതു കാരണം കുഷ്ഠരോഗി കീറിയ വസ്ത്രം ധരിക്കുകയും, മുടി ചീകാതിരിക്കുകയും മേൽച്ചുണ്ട് തുണികൊണ്ട് മറയ്ക്കുകയും അശുദ്ധൻ, അശുദ്ധൻ എന്നുവിളിച്ചുപറയുകയും, സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് ഏകനായി വസിക്കുകയും ചെയ്യണമെന്ന് ലേവ്യരുടെ പുസ്തകം പറയുന്നു (ലേവ്യ 13:45-46). ശരീരത്തിന്റെ കുഷ്ഠത്തെക്കാൾ മനസ്സിന്റെ ആത്മാവിന്റെ വർഗ്ഗ, വർണ്ണ, ജാതീയ കുഷ്ഠത്തെയാണ് നാം ഭയപ്പെടേണ്ടത്.

## 1. വിശ്വാസപൂർവ്വമുള്ള എളിയ യാചന

വിശ്വാസത്തോടെ, എളിമയോടെ ദൈവസന്നിധിയിൽ കുഷ്ഠരോഗി സമർപ്പിച്ച യാചന അവന് സൗഖ്യവും അതിലൂടെ പൊതു സമൂഹത്തിലെ അംഗത്വവും ആരാധാനയർപ്പിക്കുന്നതിന് അർഹതയും നല്കുന്നു. വിശ്വാസപൂർവ്വം ദൈവസന്നിധിയിൽ ഉയർത്തുന്ന എളിയ യാചനകൾ ഫലദായകമെന്ന് വിശുദ്ധഗ്രന്ഥം പറയുന്നു. മരണ ദുഃഖത്തിലാണ്ട ഹെസക്കിയാ രാജാവ് ദൈവത്തോട് യാചിച്ചു. ദൈവം മരണ കാരണമായ രോഗത്തിൽ നിന്നും രക്ഷിക്കുകയും അവന്റെ ആയുസ് 15 വർഷം നീട്ടി കൊടുക്കുകയും ചെയ്തു (2 രാജ 20:1-7). മോശ കരം ഉയർത്തി ദൈവത്തോട് യാചിച്ചപ്പോൾ വിജയം ഇസ്രായേൽ ജനങ്ങൾക്കൊപ്പം ആയിരുന്നു (പുറ 17:11). ഹന്ന വിലാപത്തോടു ഹൃദയപൂർവ്വം യാചിച്ചപ്പോൾ ദൈവം അവളുടെ വന്ധ്യത മാറ്റുകയും പുത്ര സൗഭാഗ്യം നല്കുകയും ചെയ്തു (1 സാമു 1:1-20). മൂന്നരക്കൊല്ലം അടക്കപ്പെട്ട ആകാശം ഏലിയായുടെ എളിയ യാചനയാൽ തുറക്കപ്പെടുകയും മഴ ലഭിക്കുകയും ചെയ്യുന്നു (1 രാജ 18:42-45). സൃഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ അഹങ്കരിക്കാതെ എളിമയോടെ യാചിക്കേണ്ട വെറും സൃഷ്ടിയാണ് മനുഷ്യനെന്ന് കുഷ്ഠരോഗിക്ക് ബോധ്യമുണ്ടായിരുന്നു. തൽഫലമായി അവന് സൗഖ്യം ലഭിക്കുന്നു. വി.ജോൺ മരിയ വിയാനി പറയുന്നു. 'ഓ മനുഷ്യാ' എല്ലാം ദൈവത്തിൽ നിന്ന് യാചിക്കേണ്ട ദരിദ്രനായ സൃഷ്ടിയാണ് നീ'. ദൈവത്തിന്റെ മുമ്പിൽ യാചിക്കാൻ വിസമ്മതിക്കുന്ന വ്യക്തി അഹങ്കാരത്താൽ നശിക്കും.

കുഷ്ഠരോഗിയുടെ ആഴമാർന്ന വിശ്വാസം മാതൃകാപരമാണ്. അവന്റെ ഭാവി ദൈവത്തിന്റെ കരങ്ങളിലാണെന്ന് അറിഞ്ഞുകൊണ്ട് അവൻ തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു. വിശ്വാസം സമർപ്പണം മാത്രമല്ല ദൈവ ആരാധനയാണെന്ന് കുഷ്ഠരോഗി നമ്മെ പഠിപ്പിക്കുന്നു. വിശ്വാസം ഒരുവനെ ദൈവ ആരാധനയിലേക്ക് നയിക്കുന്നു. കുഷ്ഠരോഗിയുടെ വിശ്വാസമാണ് അവനെ ആരാധന മനോഭാവത്തോടെ യേശുവിന്റെ മുമ്പിൽ മുട്ടുകുത്താൻ പ്രേരിപ്പിക്കുന്നത്. വിശ്വാസപൂർവ്വമുള്ള അവന്റെ എളിയ യാചനയാണ് ദൈവത്തിന്റെ മുമ്പിൽ അവനെ പ്രിയങ്കരനാക്കിയത്. ദൈവസന്നിധിയിൽ പ്രിയങ്കരരാകാൻ വിശ്വാസപൂർവ്വം ജീവിതത്തിൽ എളിമപ്പെടാം.

## 2. അഭയമാകുക

മനുഷ്യകുലത്തിന് എപ്പോഴും ഏതവസ്ഥയിലും സമീപസ്ഥനും സംലഭ്യനുമാണ് കർത്താവായ യേശു ക്രിസ്തു. അവൻ ജനിച്ചത് നമുക്ക് അഭയമാകാനാണ്. ആരും നശിക്കാതെ എല്ലാവരും രക്ഷപ്രാപിക്കാൻ വേണ്ടി അവൻ മനുഷ്യരെ തേടി എത്തിയവനാണ്. അശുദ്ധരെന്നും പാപികളെന്നും സമൂഹം മുദ്രകുത്തി ഒറ്റപ്പെടുത്തുന്നവരെ ഹൃദയത്തോട് ചേർത്തു പിടിക്കുന്ന യേശുവിനെയാണ് സുവിശേഷം വെളിപ്പെടുത്തുന്നത്. സമൂഹം തിരസ്കരിക്കപ്പെട്ടവർക്ക് യേശു അഭയമായതുപോലെ നമ്മളും അവർക്ക് അഭയമാകണം. നമ്മിൽ പലരും അവരെ ഹൃദയത്തോട് ചേർത്തു പിടിക്കുവാൻ വിസമ്മതിക്കുന്നത് നമുക്ക് എന്ത് സംഭവിക്കുമെന്നുള്ള ഭയം കാരണമാണ്. നല്ല സമറിയാക്കാരന്റെ ഉപമയിൽ രക്തത്തിൽ കുളിച്ച് ജീവനുവേണ്ടി മല്ലിട്ട മനുഷ്യനെ പുരോഹിതനും ലേവായനും ഹൃദയത്തോടു ചേർത്തുപിടിക്കാത്തത് അവർക്ക് എന്ത് സംഭവിക്കുമെന്നുള്ള ഭയം നിമിത്തമാണ്. എന്നാൽ സമറിയാക്കാരൻ തന്നെക്കാൾ ഉപരി വിപത്തിൽപ്പെട്ടവനെക്കുറിച്ച് ചിന്തിച്ചതുകൊണ്ടാണ് അവന്റെ ജീവൻ രക്ഷിക്കാനായത്. കുരിശിന്റെ വഴിയിൽ എനിക്ക് എന്ത് സംഭവിക്കുമെന്ന് വേറോനിക്കാ ചിന്തിച്ചുരുന്നുവെങ്കിൽ യേശുവിന്റെ തിരുമുഖം തുടക്കാൻ അവൾക്ക് സാധിക്കില്ലായിരുന്നു. ഒറ്റപ്പെടുന്നവർക്ക് അഭയമാകാൻ വേണ്ടിയാണ് ദൈവം എന്നെ സൃഷ്ടിച്ചിരിക്കുന്നത്. എന്നെ തേടി വരുന്നവർക്ക് ഞാൻ അഭയമായില്ലെങ്കിൽ പിന്നെ ആര്? ബാലൻ തന്നെക്കുറിച്ച് മാത്രം ചിന്തിച്ചിരുന്നുവെങ്കിൽ അഞ്ചപ്പവും രണ്ടു മീനും കൊണ്ടുള്ള അത്ഭുതം നടക്കാതെ പോകുമായിരുന്നു. തന്നെക്കുറിച്ച് ഓർക്കാതെ തനിക്കുള്ളതു മുഴുവനും കാണിക്കയായി നല്കിയ സാധു വിധവയെ യേശു പ്രശംസിച്ചു. ഗാന്ധിജി തന്നെക്കുറിച്ച് മാത്രം ചിന്തിച്ചിരുന്നുവെങ്കിൽ തൊട്ടുകൂടാത്ത തീണ്ടി കൂടാത്ത താണ ജാ

തിക്കാരെ നെഞ്ചോട് ചേർത്തു പിടിക്കുവാൻ സാധിക്കുമായിരുന്നില്ല. മാത്രമല്ല അദ്ദേഹത്തിന് മഹാത്മാവാകാൻ സാധിക്കില്ലായിരുന്നു. അബ്രഹാം ലിങ്കൺ തന്നെക്കുറിച്ച് മാത്രം ചിന്തിച്ചിരുന്നുവെങ്കിൽ അടിമകളുടെ വിമോചകനാകാൻ സാധിക്കില്ലായിരുന്നു. നമുക്ക് എന്ത് സംഭവിക്കുമെന്നോർത്ത് ആകുലപ്പെടാതെ വിപത്തിൽപ്പെട്ടവരെ, ഒറ്റപ്പെട്ടവരെ ഹൃദയത്തോട് ചേർത്ത് പിടിച്ച് അഭയമാകാം.

### 3. ദൈവത്തിന്റെ മനസ്സ്

ദൈവത്തിന്റെ മനസ്സ് എപ്പോഴും ആഗ്രഹിക്കുന്നത് മനുഷ്യന്റെ രക്ഷയും സൗഖ്യവുമാണ്. യേശുവിന്റെ ആഗമന ഉദ്ദേശവും അതു തന്നെയാണ്. യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലുമാകണം. സ്വർഗത്തിലുള്ളവർ സദാ സന്തോഷത്തിലായിരിക്കുന്നപ്പോലെ ഭൂമിയിലുള്ളവരും സന്തോഷത്തിലായിരിക്കണമെന്നതാണ് ദൈവത്തിന്റെ മനസ്സ്. മനുഷ്യരായ നമുക്കും വേണ്ടത് ദൈവത്തിന്റെ മനസ്സാണ്. ദൈവത്തിന്റെ മനസ്സുണ്ടായ ഫ്രാൻസ്സിസിന് രണ്ടാം ക്രിസ്തുവായി മാറാൻ കഴിഞ്ഞു. ദൈവത്തിന്റെ മനസ്സുണ്ടായ മദർ തെരേസയ്ക്ക് കനിവിന്റെ അമ്മയായി മാറുവാൻ കഴിഞ്ഞു. ദൈവത്തിന്റെ മനസ്സുണ്ടായ കൊച്ചുത്രേസ്യക്ക് ഉണ്ണിയേശുവിന്റെ ത്രേസ്യയാകാൻ സാധിച്ചു. ദൈവത്തിന്റെ മനസ്സുണ്ടായ വിൻസെന്റ് ഡി പോളിന് പാവങ്ങളുടെ തോഴനാകാൻ കഴിഞ്ഞു. ദൈവത്തിന്റെ മനസ്സുണ്ടായ ഫാ. ഡാമിയേന് കുഷ്ഠരോഗികളുടെ പിതാവാകാൻ സാധിച്ചു. ദൈവത്തിന്റെ മനസ്സുണ്ടായ മാക്സ് മില്യൻ കോൾബയ്ക്ക് ഏറ്റവും നല്ല അയൽക്കാരനുമാകാൻ സാധിച്ചു.

ഇന്നിന്റെ ലോകത്ത് നമുക്കു വേണ്ടത് യേശുവിന്റെ മനസ്സാണ്; അതെ ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്ന മനസ്സാണ് നമുക്ക് വേണ്ടത്. വേർതിരിവുകളില്ലാത്ത, ഒറ്റപ്പെടുത്തലുകളില്ലാത്ത എല്ലാവരും സഹോദരി സഹോദരന്മാരാകുന്ന ഒരു ലോകത്തിന് വേണ്ടത് യേശുവിന്റെ മനസ്സാണ്.

ഇന്നിന്റെ ലോകത്ത് നമുക്കു വേണ്ടത് യേശുവിന്റെ മനസ്സാണ്; അതെ ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്ന മനസ്സാണ് നമുക്ക് വേണ്ടത്. വേർതിരിവുകളില്ലാത്ത, ഒറ്റപ്പെടുത്തലുകളില്ലാത്ത എല്ലാവരും സഹോദരി സഹോദരന്മാരാകുന്ന ഒരു ലോകത്തിന് വേണ്ടത് യേശുവിന്റെ മനസ്സാണ്.

മനുഷ്യകുലത്തിന്റെ ആരാധനയ്ക്ക് അർഹൻ കർത്താവായ യേശു ക്രിസ്തുവാണ്. കാരണം അവൻ ദൈവമാണ്. അവന്റെ മുമ്പിൽ തോമസ് അപ്പോസ്ഥലൻ എളിമയോടെ മുട്ട് മടക്കി ആരാധനാപൂർവ്വം പറഞ്ഞു. 'എന്റെ കർത്താവേ എന്റെ ദൈവമേയെന്ന്'. നമ്മളും യേശുവിന്റെ മുമ്പിൽ എളിമയോടു കൂടി മുട്ടുമടക്കാം. യേശുവിനെപോലെ അഭയമാകാനും അവന്റെ മനസ്സുണ്ടാകാനും വേണ്ടി പരിശ്രമിക്കാം. ■

# അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ

**തപസ്സുകാലം 1-ാം ഞായർ (ഫെബ്രു. 18)** ഉത്പ. 9:8-15, 1 പത്രോ. 3:18-22, മാർക്കോ. 1:12-15

**ഫാ. സി.കെ. തോപ്പിൽ**

വളരെ ഹ്രസ്വമായാണ് മരുഭൂമിയിലെ പരീക്ഷയുടെ രംഗം മാർക്കോസ് വിവരിക്കുന്നത്. മത്തായിയും ലൂക്കായും വിവരിക്കുന്നതുപോലെ മൂന്നുപരീക്ഷകൾ നാം കാണുന്നില്ല. എന്നാൽ യേശുവിന്റെ സുവിശേഷ പ്രസംഗത്തിന്റെ രത്നച്ചുരുക്കം നാല് പ്രധാന സന്ദേശങ്ങളിലൂടെ അവതരിപ്പിക്കുന്നു.

### 1. സമയം പൂർത്തിയായി

ഗ്രീക്കിൽ പൊതുവെ രണ്ടു പദങ്ങളാണ് സമയത്തെക്കുറിക്കുവാനുപയോഗിക്കുന്നത്. ക്രോണോസ് (Chronos), കയ്റോസ് (Aairos). ഇതിൽ ക്രോണോസ് എന്നത് ഭൗതിക സമയത്തെയാണ് കുറിക്കുന്നത്. എന്നാൽ 1:15 ൽ മാർക്കോസ് ഉപയോഗിച്ചിരിക്കുന്ന പദം Chramosഎന്നല്ല Kairos എന്നാണ്. ഇത് അതിഭൗതികമായ സമയക്രമത്തെ സൂചിപ്പിക്കുന്നു. ഈ ലോകത്തെപ്പറ്റിയുള്ള ദൈവത്തിന്റെ അനന്തമായ പദ്ധതിയാണ് ഈ പദം സൂചിപ്പിക്കുന്നത്. 'നിർണായക സമയം' എ

ന്നു വേണമെങ്കിലും മനസ്സിലാക്കാം. ദൈവത്തിന്റെ പ്രവർത്തനത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. മാർക്കോസിന്റെ സുവിശേഷത്തിൽ ഈ പദം 5 പ്രാവശ്യം ഉപയോഗിക്കുന്നെങ്കിലും പുതിയ നിയമത്തിൽ മൊത്തമായി 85 തവണ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. മാർക്കോസ് 1:15 ലെ Kairos ന്റെ അർത്ഥം. ഏശയ്യ 49: 8 നോട് ചേർത്ത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. "പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരമരുളി. രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു. ചുരുക്കത്തിൽ അനാദിയിലെ ദൈവം നിശ്ചയിച്ചുറപ്പിച്ചിരുന്നതും സമയത്തിന്റെ പൂർത്തിയിൽ നിറവേറുന്നതുമായ രക്ഷാകര പ്രവർത്തനത്തിന്റെ സമയമാണിത്. ദൈവത്തിന്റെ ഇടപെടലിന്റെ ഈ സമയം മനുഷ്യനെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. ഭാവാത്മകമായോ നിഷേധാത്മകമായോ ഇതിനോട് പ്രതികരിക്കാൻ മനുഷ്യന് കഴിയും. പ്രതികരിക്കുന്നതിന്റെ രീതിയനുസരിച്ച് രക്ഷയോ ശിക്ഷയോ അവന് ലഭിക്കുകയും ചെയ്യും.

### 2. ദൈവരാജ്യം സമീപിച്ചിരിക്കുന്നു:

'ബാസിലേവോസ്' (Basileos) (രാജാവ്) എന്ന ഗ്രീക്കുനാമത്തിന്റെ ഭാവനാമമായ ബാസിലേയിയ (Basileia) യാണ് മൂലഗ്രന്ഥത്തിലെ പദം. അതിനാൽ ദൈവം രാജാവായിരിക്കുന്ന അവസ്ഥ, ദൈവം ഭരിക്കുന്ന അവസ്ഥ എന്നൊക്കെയാണ് ശരിയായ അർത്ഥം. ദൈവരാജ്യം എന്നാൽ ദൈവം നേരിട്ടുഭരിക്കുന്ന അവസ്ഥയാണ്. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് യേശുപറയുമ്പോൾ തന്റെ പീഡാനുഭവവും മരണവും വഴി ദൈവം ദൈവജനത്തെ ദൈവവിരുദ്ധശക്തികളിൽ നിന്ന് മോചിപ്പിച്ച് തന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ആക്കിത്തീർക്കുന്ന അവസ്ഥ സംജാതമായിരിക്കുന്നു എന്നാണ് അർത്ഥം.

### 3. അനുതപിക്കുക

'മെറ്റനോഎയോ' (Metaneos) എന്ന ഗ്രീക്ക് പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 'മനസ്സിന്റെ മാറ്റം' എന്നാണ് അർത്ഥം. ആന്തരികമായി ഒരു പുതിയ മനുഷ്യനാവുക എന്നതാണ് വിവക്ഷ. വ്യക്തിക്ക് മാറ്റമുണ്ടാകാതെ ഭൂതകാല പ്രവർത്തികളെപ്പറ്റി അനുതപിക്കാനാകും. അതുകൊണ്ടുതന്നെ ഇത് വർത്തമാനകാലത്തിലേക്കും വിരൽചൂണ്ടുന്ന ഒന്നാണ്. പഴയകാല പാപങ്ങളെക്കുറിച്ച് ദുഃഖിക്കുന്നതോടൊപ്പം വർത്തമാനകാലത്തിൽ മനസ്സ് ദൈവത്തിലുറപ്പിച്ചിരിക്കുന്നതിന്റെ സന്തോഷവും ദൈവപരിപാലനയിലൂടെ ലഭിക്കുന്ന ഭാവികാല പ്രത്യാശയും യഥാർത്ഥ അനുതാപത്തിൽ ഇതൾ വിരിയുന്നു.

### 4. സുവിശേഷത്തിൽ വിശ്വസിക്കുക

ഒരർത്ഥത്തിൽ പുതിയ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവികാഹ്വാനം വിശ്വസിക്കുകയെന്നതാണ്. 247 പ്രാവശ്യം വിശ്വസിക്കുകയെന്ന ക്രിയാപദം ഉപയോഗിച്ചിട്ടുണ്ട്. സുവിശേഷത്തിൽ വിശ്വസിക്കുകയെന്നാൽ സുവിശേഷമാകുകയാണെന്നാണർത്ഥമെന്ന് പറയാൻ കഴിയും. അതായത് അനുതാപവും വിശ്വാസവും വഴി അനുതപിച്ച് വിശ്വസിക്കുന്നവൻ സുവിശേഷമായിത്തീരുന്നു. ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുന്നു. ദൈവം സജ്ജമാക്കിയിരിക്കുന്ന ദൈവരാജ്യത്തിന്റെ ഭാഗമായിത്തീരുന്നു. നസ്രായനായ യേശു ദൈവപുത്രനും മിശിഹായുമാണെന്നതാണ് സുവിശേഷം (1,1). സുവിശേഷത്തിൽ വിശ്വസിക്കുകയെന്നാൽ അവിടുത്തെ ദൈവവും പുത്രനും മിശിഹായുമായി അംഗീകരിക്കുക എന്നർത്ഥം. അവിടുത്തെ ദൈവപുത്രനും മിശിഹായുമായി സ്വീകരിക്കുന്നവർക്ക് അവിടുത്തെ പ്രബോധനമനുസരിച്ച് ജീവിക്കാതിരിക്കാനാവില്ല. ആ ജീവിതം മറ്റൊരു സുവിശേഷ സാക്ഷ്യമായിത്തീരും. തപസുകാലം ഇതിലേക്കുള്ള ക്ഷണമാണ്. ■

# തപസ്സുകാലം പ്രാർത്ഥനയുടെ കാലം

തപസ്സുകാലം 2-ാം ഞായർ **(ഫെബ്രു. 25)** ഉത്പ. 22:1-2, 9, 10-13, 15-18, റോമ 8:31b-34, മാർക്കോ. 9:2-10

**ഫാ. മനീഷ് പീറ്റർ**

**ഉ**യരം കൂടുംതോറും കാഴ്ചയുടെ ഭംഗി കൂടും. ഉയരങ്ങളിലേക്ക് നടന്നുകയറിയവരെപറ്റിയാണ് ഇന്നത്തെ വചനഭാഗങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത്. അവർ ഉയരങ്ങൾ കീഴടക്കിയപ്പോൾ ലഭിച്ചത് മാസ്മരികമായ കാഴ്ചകളല്ല നവീന കാഴ്ചപ്പാടുകളാണ്.

തപസ്സുകാലം പ്രാർഥനയുടെ കാലമാണ് ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് മനസ്സിനെ മുക്തമാക്കി ദൈവത്തിൽ ഏകാഗ്രമാക്കുന്നതാണ് പ്രാർഥന. പ്രാർഥനയിലും നോമ്പിലും കാപട്യം പാടില്ല.

മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്നതൊന്നും നമുക്ക് ഫലം നൽകില്ല. അനുഗ്രഹത്തിന്റെ നിലയ്ക്കാത്ത മഴപ്പെയ്ത് തുടരണമെങ്കിൽ പ്രാർഥനയും പ്രദക്ഷിണവും ജീവിത ബന്ധിയാകണം.

മനോഹരമായ ശാഖകൾ വീശി ഇലതൂർന്ന് ഉയരമേറിയ ലബനോനിലെ ദേവദാരുപോലെയാണ് നീ. അതിന്റെ അഗ്രം മേഘങ്ങളെ മുട്ടിനിന്നു (എസെ. 31:3) ഈ വർണന നമ്മിൽ അന്വർഥമാകണമെങ്കിൽ അടിയുറച്ച വിശ്വാസത്തിന് ഉടമയായി തീരണം. ഈ തപസ്സുകാലം അതിനുവേണ്ടി നമ്മൾ പ്രയോജനപ്പെടുത്തണം. ദാനമായി ലഭിച്ചതിനെ ദാനം തന്നവന് ബലി നൽകുവാൻ മലമുകളിൽ കയറിയ അബ്രഹത്തെ നമ്മൾ ഒന്നാം വായനയിൽ കാണുന്നു. ദഹനബലിയായ് മകനെ അർപ്പിക്കുവാൻ ആ പിതാവ് ഉയരങ്ങൾ താണ്ടുമ്പോൾ, ചുറ്റുമുള്ള കാഴ്ചകൾ അവന്റെ നിറകണ്ണുകൾ കണ്ടില്ല. ബലിപീഠം പണിയാൻ അവന്റെ കൈകൾ അമാന്തിച്ചില്ല. ഏകപുത്രനെ ദൈവത്തിന് സമർപ്പിക്കാൻ മടികാണിക്കാത്ത അബ്രഹാം വിശ്വാസികളുടെ പിതാവായ് മാറുന്നു. അനേകം ജനതയ്ക്ക് അനുഗ്രഹമായ് തീരുന്നു.

ഇന്നത്തെ സുവിശേഷത്തിലും ഒരു മലകയറ്റമാണ്. “പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് യേശു ഒരു ഉയർന്ന മലയിലേക്ക് പോയി. അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു.” (മാർ. 9:2). കർത്താവ് ആരാണെന്ന് മൂന്ന് ശിഷ്യന്മാർക്കും വെളിപ്പെടുത്തുന്നു. അങ്ങനെ മലമുകൾ അവരുടെ ഒരുക്കസ്ഥലമായി മാറുന്നു. പത്രോസ്; പാറപോലെ ഉറച്ചുനിൽക്കേണ്ടവനാണ്, സഭയെ നയിക്കേണ്ടവൻ. യാക്കോബ്: അപ്പസ്തോലന്മാരിൽ പ്രഥമ രക്തസാക്ഷിയാണ്. അനേകം ജനങ്ങൾക്ക് ധീരതയുടെ അടയാളമാകേണ്ടവൻ. യോഹന്നാൻ: സഭയുടെ യാത്രാവഴിയിൽ അപ്പസ്തോലന്മാരുടെ ഗണത്തിൽ അവസാനം വരെ വിശ്വസ്ഥതയോടെ നിലകൊള്ളുകയും കുരിശിന്റെ താഴെ നിന്നിരുന്നവനും പരിശുദ്ധ അമ്മയുടെ സംരക്ഷകനും. മലമുകൾ ഒരു പാഠശാലയായി മാറുന്നു. കൂടെ നടക്കുന്ന ഗുരു ആരാണ് എന്ന് ശിഷ്യർ തിരിച്ചറിയുന്ന നിമിഷം. ഏലിയായും മോശയും അവനോട് സംസാരിക്കുന്നു (മർ. 9:4) മേഘം ആവരണം ചെയ്ത് പറയുന്നു: ഇവൻ എന്റെ പ്രിയപുത്രൻ, ഇവിന്റെ വാക്ക് ശ്രവിക്കുവിൻ (മർ.9:7).

അന്നോളം കാണാത്തവയും കേൾക്കാത്തവയും ശിഷ്യന്മാരെ ഉന്മാദ അവസ്ഥയിൽ ആക്കിയിരിക്കുന്നു. എന്താണ് പറയേണ്ടത് എന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്നു. അവർ അത്രയ്ക്ക് ഭയപ്പെട്ടിരുന്നു (മർ 9:6) സുവിശേഷം ക്രിസ്തുവിന്റെ വസ്ത്രത്തെക്കുറിച്ച് വിവരണം നൽകുന്നുണ്ട്. ”അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഏതൊരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയുന്നതിനേക്കാൾ വെണ്മയും തിളക്കവുമുള്ളവയായി (മർ. 9:3) വെളി 1:14 ഇതിനോട് ചേർത്തുവായിക്കാം” അവന്റെ ശിരസ്സും മുടിയുമാകട്ടെ വെൺമഞ്ഞുപോലെയും വെൺകമ്പിളിപോലെയും ധവളം; നയനങ്ങൾ തീജ്വാലപോലെ.

ഇനി മലയിറക്കമാണ്. ദൈവീക ആജ്ഞകൊണ്ട് അബ്രാഹാമും ദൈവപുത്രന്റെ ക്ഷണം സ്വീകരിച്ച് ശിഷ്യന്മാരും മലയിറങ്ങുന്നു. മലയിറക്കം മലമുകളിലെ സംഭവങ്ങളെപ്പറ്റി ധ്യാനിച്ച്. ജീവിക്കുവാനാണ്, അഹങ്കരിക്കുവാനല്ല. അഹങ്കരിച്ചാൽ 'ലബനോനിലെ ദേവദാരുവിന്റെ' അവസ്ഥയാകും. ലബനോന്റെ പര്യായമായ് വാഴ്ത്തപ്പെട്ടിരുന്ന ദേവദാരുക്കളെക്കുറിച്ച് എസെക്കിയേലിന്റെ 31-ാം അധ്യായം വിവരിക്കുന്നുണ്ട്. മനോഹരമായ ശാഖകൾ, എല്ലാ വൃക്ഷങ്ങളേക്കാളും ഉയരം; ആകാശപറവകളുടെ സങ്കേതം. ദൈവത്തിന്റെ തോട്ടമായ ഏദലിലുണ്ടായിരുന്ന സകല വൃക്ഷങ്ങൾക്കും അതിനോട് അസൂയ തോന്നി എന്നുവരെ വർണനകൾ നീളുന്നു. എന്നാൽ അഹങ്കാരം അതിന്റെ പതനത്തിന്റെ കാരണമാകുന്നു. രണ്ടാം വായനയിൽ പൗലോസ് അപ്പസ്തോലൻ ചോദിക്കുന്നു: ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരുനിൽക്കും?

ദൈവത്തോടൊപ്പം ചേർന്നുനിൽക്കാം അവിടുത്തെ സ്വരം ശ്രവിക്കാം. അവിടുത്തോടൊപ്പം സഞ്ചരിക്കാം. തമ്പുരാൻ കാണിച്ചുതരുന്നത് മായകാഴ്ചകൾ അല്ല, നിത്യതയുടെ കാഴ്ചകളാണ്. ദൈവത്തെ കണ്ടുമുട്ടാനാകുമ്പോൾ ജീവിതമെന്നത് യാദൃശ്ചികമായ കുറേ സംഭവങ്ങളുടെ പരമ്പരയല്ലെന്നും രക്ഷാകരമായ ഏതൊക്കെയോ വഴികളിലേക്ക് എത്തിച്ചേരുവാനുള്ള നടപ്പാതകൾ കൂടെയാണ് എന്നും ബോധ്യമാകും. 'ദൈവവചനത്താലും പ്രാർഥനയാലും വിശുദ്ധീകരിക്കപ്പെടാം' (1. തിമോ. 4:5) ■

ദൈവത്തോടൊപ്പം ചേർന്നുനിൽക്കാം അവിടുത്തെ സ്വരം ശ്രവിക്കാം. അവിടുത്തോടൊപ്പം സഞ്ചരിക്കാം. തമ്പുരാൻ കാണിച്ചുതരുന്നത് മായകാഴ്ചകൾ അല്ല, നിത്യതയുടെ കാഴ്ചകളാണ്. ദൈവത്തെ കണ്ടുമുട്ടാനാകുമ്പോൾ ജീവിതമെന്നത് യാദൃശ്ചികമായ കുറേ സംഭവങ്ങളുടെ പരമ്പരയല്ലെന്നും രക്ഷാകരമായ ഏതൊക്കെയോ വഴികളിലേക്ക് എത്തിച്ചേരുവാനുള്ള നടപ്പാതകൾ കൂടെയാണ് എന്നും ബോധ്യമാകും.

വചനജ്വാല

2024 മാർച്ച് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'വിശുദ്ധ യൗസേപ്പ്: കുടുംബങ്ങളുടെ കാവൽക്കാരൻ'

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം സ്വാഗതം: കുടുംബനാഥൻ/ കുടുംബനാഥ**
2. **ആമുഖം**

ആഗോള കത്തോലിക്കാ സഭ മാർച്ച് മാസം യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും ആചരിക്കുകയാണല്ലോ. രക്ഷാകരമായ ഈ തപസുകാലം അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും മാനസാന്തരത്തിന്റെയും ദിനങ്ങളാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. ഇതിന് നമ്മെ സഹായിക്കുന്ന പുണ്യപ്രവർത്തികളാണ് ഉപവാസവും

പ്രാർഥനവും ദാനധർമ്മവും. "സാത്തനെ എന്റെ മുമ്പിൽ നിന്ന് പോകൂ; നീ എനിക്ക് പ്രതിബന്ധമാണ്, നിന്റെ ചിന്ത ദൈവീകമല്ല മാനുഷികമാണ്" (മത്താ. 16:23). എന്ന് പത്രോസിനെ ശാസിച്ചതിന് ശേഷമാണ് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെയും കൂട്ടികൊണ്ട് ക്രിസ്തു ഉയർന്നൊരു മലയിലേക്ക് പോയത്. ശിഷ്യന്മാരെപ്പോലെ അവനോട് കൂടെ ആയിരുന്ന് ആത്മനിയന്ത്രണത്തിലൂടെ ദൈവീക ശോഭ അനുഭവിക്കുവാനാണ് യേശുക്രിസ്തു നമ്മളെയും ഈ കാലഘട്ടത്തിൽ ക്ഷണിക്കുന്നത്. കുടുംബപ്രാർഥനയിൽ കൂടുതൽ സജീവമായി പങ്കെടുത്തും വിശുദ്ധഗ്രന്ഥം പ്രാർഥനാപൂർവ്വം ധ്യാനിച്ച് ക്രൈസ്തവ സ്നേഹം കൂടുതൽ ഔദാര്യത്തോടെ ആസ്വദിച്ചും നമ്മുടെ കുടുംബങ്ങളെയും കൂട്ടായ്മകളെയും നവീകരിക്കുവാൻ ദൈവം സഹായിക്കട്ടെ.

3. **യേശുവിനെ ക്ഷണിക്കൽ**
4. **ദൈവവചന പാരായണം**

***മത്തായി 1: 16, 18-21, 24a***

5. **വചനഭാഗം പങ്കുവയ്ക്കൽ**
6. **നിശബ്ദധ്യാനം**
7. **വചനാനുഭവം പങ്കുവയ്ക്കൽ**
8. **വചനവിചിന്തനം**

പിതാവായ ദൈവം തന്റെ പുത്രനെ പരിപാലിക്കുവാൻ ഭരമേല്പിച്ചത് വിശുദ്ധ യൗസേപ്പിതാവിനെയാണ്. ദൈവീക പദ്ധതി പ്രകാരം നിയമാനുസൃതം തന്റെ ഭാര്യയായിത്തീർന്ന മറിയം പരിശുദ്ധാത്മാവിനാൽ ദൈവപുത്രനെ ഗർഭം ധരിച്ചപ്പോൾ പരസ്യമായ നീതിവിധിക്കും പരിഹാസത്തിനും വിട്ടുകൊടുക്കാതെ യൗസേപ്പ് സംരക്ഷിച്ചു. അതുമാത്രമല്ല, തുടർന്ന് മറിയത്തിന്റെ കന്യാത്വത്തിന്റെയും വിശുദ്ധിയുടെയും കാവൽക്കാരനായി നിലകൊള്ളുകയും ചെയ്ത യൗസേപ്പ് നീതിമാൻ മാത്രമല്ല, നിശബ്ദനുമായിരുന്നു. 'വിശുദ്ധ നിശബ്ദതയുടെ സൗകുമാര്യം' ഇവിടെ നമുക്ക് ദർശിക്കുവാൻ സാധിക്കും. ഇന്ന് നമ്മുടെ പല കുടുംബങ്ങളും ശബ്ദമുഖരിതമാണ്. ഇത് ഒഴിവാക്കുവാൻ യൗസേപ്പിന്റെ വിശുദ്ധ നിശബ്ദത നമ്മെ സഹായിക്കും. ഓരോ ക്രൈസ്തവ കുടുംബവും നസ്രത്തിലെ കുടുംബത്തിന്റെ മാതൃക അനുസരിച്ചു ജീവിക്കാണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

വാഴ്ത്തപ്പെട്ട ക്യാരെ ബദാനെ ഇപ്രകാരം പറയുന്നുണ്ട് "ഈശോയുടെ സാന്നിധ്യമുള്ളപ്പോൾ ലോകത്തിലെ ഏറ്റവും ഭാഗ്യപ്പെട്ട കുടുംബം നമ്മുടെ കുടുംബമാണ്." ഇന്ന് നമ്മുടെ പല കുടുംബങ്ങളിലും ഈശോ ഒഴികെ മറ്റെല്ലാം ഉണ്ട് എന്നതാണ് സത്യം. ദൈവഭയമാണ് ജ്ഞാനത്തിന്റെ ഉറവിടമെന്നാണ് നമ്മുടെ മക്കളെ പഠിപ്പിക്കുക? വിശുദ്ധ ഏവുപ്രാസ്യാമ്മ തന്റെ സഹോദരങ്ങൾ കടബാധ്യതയിൽ വിഷമിച്ച അവസരത്തിൽ ഇപ്രകാരം ഉപദേശിക്കുന്നുണ്ട് "പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത് കേട്ടോ". തിരുകുടുംബത്തിലെ ഓരോ വ്യക്തികളെയും പുണ്യത്തിൽ ജീവിക്കുവാൻ വിശുദ്ധ യൗസേപ്പിതാവ് മാതൃകയായിരുന്നു. ക്രിസ്തുവിന്റെ സാന്നിധ്യം മാത്രമല്ല, നസ്രത്തിലെ കുടുംബത്തെ തിരുകുടുംബമാക്കിയത്, പിന്നെയോ പരസ്പര സ്നേഹവും ബഹുമാനവുമുള്ള അപ്പനും അമ്മയും കൂടിയാണ്.

ഒരു പിതാവിന്റെ സ്നേഹം നൽകി ഭൂമിയിൽ ഉണ്ണീശോയെ വളർത്താൻ സ്വർഗ്ഗീയ പിതാവ് തിരഞ്ഞെടുത്തത് വിശുദ്ധ യൗസേപ്പിനെയായിരുന്നു. യൗസേപ്പിതാവിനെപ്പോലെ ഓരോ അപ്പനും തങ്ങളുടെ മക്കളെ സ്നേഹലാളനങ്ങളും, പരിപാലനയും വേണ്ട ശിക്ഷണവും നൽകി വളർത്തുവാൻ കഴിയണം. ഈശോയെ പ്രാർഥന പഠിപ്പിച്ചതും ദൈവാലയത്തിൽ കൊണ്ടുപോയതും തിരുനാളുകളിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചതും വിശുദ്ധ യൗസേപ്പും മറിയവുമായിരുന്നെങ്കിൽ അവരെപ്പോലെ നമ്മളും നമ്മുടെ കുട്ടികളെ ദൈവീക ചിന്തയിലും കൂദാശകളിൽ താത്പര്യവും തീക്ഷ്ണതയുമുള്ളവരായി വളർത്താൻ ശ്രമിക്കണം. എങ്കിൽ മാത്രമേ അമ്മ മാർഗ്രറ്റ് മകൻ വിശുദ്ധ ഡോൺബോസ്കോയോട് "കൂദാശകൾ സ്വീകരിക്കാൻ ഒരിക്കൽ ഞാൻ നിന്നെ സഹായിച്ചു. ഇപ്പോൾ നീ എന്നെ സഹായിക്കുക" എന്ന് പറഞ്ഞതുപോലെ നമുക്കും പറയാനാകും. ഇന്ന് നമ്മുടെ കുടുംബങ്ങളിൽ അന്യം നിന്നുപോകുന്നത്, നല്ല ജീവിത മാതൃകകളാണ്. അത് നൽകുവാൻ കുടുംബത്തിൽ ഓരോ അപ്പനും അമ്മയ്ക്കും സാധിക്കണം. തിരുകുടുംബത്തിന്റെ കാവലാളായ വിശുദ്ധ യൗസേപ്പ് നമ്മുടെ ഭവനങ്ങളിൽ കടന്ന് വന്ന് നാം അനുഭവിക്കുന്ന ദുഃഖത്തിൽ, അസമാധാനത്തിൽ, ആത്മസംഘർഷങ്ങളിൽ സഹായകനായിത്തീരട്ടെ!

9. **ദൗത്യമേറ്റെടുക്കൽ**
10. **സ്വയം പ്രേരിതപ്രാർഥന**
11. **കർത്തൃപ്രാർഥന**
12. **സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

1. **റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**
2. **വരവ് ചെലവ് കണക്ക് അവതരണം**
3. **ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

**(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)**

4. **ചർച്ചയും പങ്കുവയ്ക്കലും**
5. **ഹാജർ**
6. **രഹസ്യപ്പിരിവ്**
7. **അറിയിപ്പുകൾ**
8. **നന്ദി**
9. **സമാപനഗീതം**

*തയ്യാറാക്കിയത്:* **സിസ്റ്റർ ഡാളി**
ജോൺ ബോസ്കോ OSHJ
ബി.സി.സി.കമ്മിഷൻ

**നേർക്കാഴ്ച**

ജെ.സി.

# പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം

മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു മന്ത്രിസഭ തങ്ങളെ അധികാരത്തിലേറ്റിവിട്ട ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്ന 'നവകേരള സദസ്' കേരള രാഷ്ട്രീയ ചരിത്രത്തിലെ അപൂർവ സംഭവമായി കരുതാം. സംസ്ഥാനത്ത് സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കണമോയെന്ന് കേരള ഗവർണർ ചീഫ് സെക്രട്ടറിയോട് ചോദിക്കുന്ന ഘട്ടത്തിൽ എത്തിനിൽക്കുമ്പോഴാണ് 20 മന്ത്രിമാരോടൊപ്പം രാജ്യത്തെ ഏക സിപിഎം മുഖ്യമന്ത്രി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലൂടെ 1.15 കോടി രൂപ ചെലവിൽ കാരവാൻ ശൈലിയിൽ മോടിപിടിപ്പിച്ച ഭാരത് ബെൻസ് കോച്ചിൽ എഴുന്നള്ളത്തിനിറങ്ങിയത്. പ്രതിഷേധ പ്രകടനത്തിന് ഇറങ്ങുന്നവരെ അന്യായമായി തല്ലിയൊതുക്കുന്ന പോലീസിനെയും നിയമം കൈയിലെടുക്കുന്ന സ്വന്തം പാർട്ടി അണികളെയും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാർ കൈക്കൊണ്ടത്. പ്രതിപക്ഷത്തിന്റെ പ്രതിഷേധ രീതികളോട് പൂർണമായി യോജിപ്പില്ലെങ്കിലും അതിന്റെ ആവശ്യകത അംഗീകരിക്കാതിരിക്കാൻ ആവില്ല.




സമൂഹത്തിൽ സംഭവിക്കുന്ന ഓരോ വിഷയങ്ങളോടും തങ്ങളുടെ വികാരങ്ങൾ പരസ്യമായി പ്രകടിപ്പിക്കാൻ സംഘം ചേരുന്ന ഒരു സംഭവമോ പ്രവർത്തനമോ ആണ് പ്രതിഷേധം. സമീപവർഷങ്ങളിൽ വിവിധ കാരണങ്ങളാൽ രാജ്യത്തുടനീളം വിവിധ പ്രതിഷേധങ്ങൾ നടന്നിട്ടുണ്ട്. ഡൽഹിയിലെ ഷഹീൻബാഗിൽ പൗരത്വഭേദഗതി നിയമത്തിനെതിരെ (സിഎഎ) 2019 ൽ നടന്ന പ്രതിഷേധങ്ങളും മൂന്ന് കാർഷിക നിയമങ്ങൾക്കെതിരെ കർഷകരുടെ ഒരുവർഷം നീണ്ട (2020 മുതൽ 2021) സമരവും ശക്തമായ ബഹുജനപ്രക്ഷോഭങ്ങളായിരുന്നു. ഒരു ഭരണകൂടം ജനമുന്നേറ്റങ്ങളെയും പ്രതിഷേധങ്ങളെയും പൗരാവകാശത്തിന്റെ ഭാഗമായി ഗണിക്കുന്നിടത്താണ് അത് ജനാധിപത്യത്തിന്റെ ഏറ്റവും മഹത്വമാർന്ന മുഖമണിയുന്നത്. ഇന്ത്യൻ ഭരണഘടന അതിന്റെ പൗരന്മാർക്ക് സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം നൽകുന്നു. പ്രതിഷേധിക്കാനുള്ള പൗരന്റെ അവകാശം ഭരണഘടനാപരമായ മൗലിക അവകാശമായി നിലനിൽക്കുന്നു. ആദിവാസികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, നിലകൊണ്ട ഫാ. സ്റ്റാൻ സ്വാമിയോടുള്ള ഭരണകൂടത്തിന്റെ ക്രൂരമായ സമീപനം നാം മറന്നിട്ടില്ല. ആദാനിയുടെ തുറമുഖ പദ്ധതിക്കുവേണ്ടി മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന മാറിമാറി വരുന്ന സർക്കാരുകൾ എടുത്ത നിലപാടും പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യനിഷേധത്തിന്റെ ആനുകാലിക അനുഭവങ്ങളാണ്. കോർപ്പറേറ്റുകളെ സംരക്ഷിക്കാൻ രാഷ്ട്രീയ പാർട്ടികൾ ഇന്ന് ഒരുമിച്ച് നിലകൊള്ളുകയാണ്. ഇക്കാര്യത്തിൽ കോൺഗ്രസ് – കമ്യൂണിസ്റ്റ് – ബിജെപി സർക്കാരുകൾ ഒരുമിച്ചാണ്.

സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം 1948 ഡിസംബറിൽ അംഗീകരിച്ച ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോക്പാൽ ബിൽ 2011 നെതിരെ അഴിമതി വിരുദ്ധ പ്രചാരകൻ അണ്ണാ ഹസാര ജന്തർമന്തറിൽ നിരാഹാര സമരം നടത്തിയപ്പോൾ ജനങ്ങൾ ഒന്നടങ്കം അദ്ദേഹത്തെ പിൻതുണച്ചു. പ്രതിഷേധങ്ങൾ ഒരു ജനാധിപത്യഭരണകൂടത്തെ ശരിയായ ദിശയിൽ നയിക്കുവാനുള്ള ഉപാധിയാണ്. ■



നവാഭിഷിക്തനായ
കോട്ടപ്പുറം രൂപത മെത്രാൻ
**അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ** പിതാവിന്
പ്രാർത്ഥനാശംസകൾ

Total Page 44 Pub. Date : 01.02.2024
RNI Registered NO. 36056/81 REG NO. KL/TV(S)/266/2024-26. KL/TV(S)/WPP/171/2024-26 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto